| ൨൨ | വെ | ൭ | | ൫ | ൪൩ | ൫ | ൩൪ | ൨൦ നാഴികക്ക് കൂട്ടച്ചായിത്തുടങ്ങി. |
| ൨൩ | ശ | ൮ | | ൫ | ൪൩ | ൫ | ൩൪ | |
| ൨൪ | ഞ | ൯ | ളാം. | ൫ | ൪൩ | ൫ | ൩൩ | ത്രിതപം ക. ൨൨ാം ഞ. |
| ൨൫ | തി | ൧൦ | | ൫ | ൪൩ | ൫ | ൩൩ | |
| ൨൬ | ചൊ | ൧൧ | | ൫ | ൪൩ | ൫ | ൩൩ | ഷഷ്ഠിവ്രതം. |
| ൨൭ | ബു | ൧൨ | | ൫ | ൪൩ | ൫ | ൩൨ | അതാ അകൃത്യം പ്രവൃത്തിക്കുന്ന |
| ൨൮ | വ്യ | ൧൩ | | ൫ | ൪൪ | ൫ | ൩൨ | വർ വീണു തള്ളിപ്പോകുന്നു എഴു |
| ൨൯ | വെ | ൧൪ | | ൫ | ൪൪ | ൫ | ൩൨ | ന്നീല്പാൻ കഴികയും ഇല്ല |
| ൩൦ | ശ | ൧൫ | | ൫ | ൪൪ | ൫ | ൩൨ | സങ്കീ ൩൬, ൧൨. |
| ൩൧ | ഞ | ൧൬ | | ൫ | ൪൪ | ൫ | ൩൧ | ഏ. വ്രതം. ത്രിതപം ക. ൨൩ാം ഞ. |

# NOVEMBER.

30 DAYS.

● അമാവാസി, ൩ാം തിയ്യതി.



വൃശ്ചികം.

# നവെംബർ.

൩൦ ദിവസം.

○ പൌൎണ്ണമാസി, ൧൮ാം തിയ്യതി.

| ഇങ്ക്ലീഷ് | | | | മലയാളം | | മുഹമ്മദീയം | | നക്ഷത്രം | | തിഥി | |
|---|---|---|---|---|---|---|---|---|---|---|---|
| DATE | DAY | തിയ്യതി | ആഴ്ച | തിയ്യതി | മാസം | തിയ്യതി | മാസം | | | | |
| 1 | M | ൧ | തി | ൧൭ | | ൨൬ | | ഉ | ൧൪ III | ദ്വാ | ൧൯ II |
| 2 | Tu | ൨ | ചൊ | ൧൮ | | ൨൭ | | അ | ൧൦ I | ത്ര | ൧൩ |
| 3 | W | ൩ | ബു | ൧൯ | ● | ൨൮ | | ചി | ൬ | പ | ൬ II |
| 4 | Th | ൪ | വ്യാ | ൨൦ | | ൨൯ | | ചൊ | ൨ | വ | II |
| 5 | F | ൫ | വെ | ൨൧ | | ൩൦ | | അ | ൫൮ II | ദ്വി | ൫൫ |
| 6 | S | ൬ | ശ | ൨൨ | | ൧ | | തൃ | ൫൫ III | തൃ | ൫൦ I |
| 7 | SUN | ൭ | ഞാ | ൨൩ | | ൨ | | മൂ | ൫൪ | ച | ൪൭ |
| 8 | M | ൮ | തി | ൨൪ | തുലാം. | ൩ | റജബ്. | പൂ | ൫൩ II | പ | ൪൪ III |
| 9 | Tu | ൯ | ചൊ | ൨൫ | | ൪ | | ഉ | ൫൪ I | ഷ | ൪൩ III |
| 10 | W | ൧൦ | ബു | ൨൬ | | ൫ | | തി | ൫൬ | സ | ൪൪ |
| 11 | Th | ൧൧ | വ്യാ | ൨൭ | | ൬ | | അ | ൫൯ | അ | ൪൫ III |
| 12 | F | ൧൨ | വെ | ൨൮ | | ൭ | | അ | ൨ III | ന | ൪൮ II |
| 13 | S | ൧൩ | ശ | ൨൯ | | ൮ | | ച | ൭ II | ദ | ൫൨ |
| 14 | SUN | ൧൪ | ഞാ | ൩൦ | | ൯ | | പൂ | ൧൩ | ഏ | ൫൬ II |
| 15 | M | ൧൫ | തി | ൧ | | ൧൦ | | ഉ | ൧൮ III | ഏ | ൧ I |
| 16 | Tu | ൧൬ | ചൊ | ൨ | ൧൦൪൫ | ൧൧ | ൧൨൮൬ | രേ | ൨൫ I | ദ്വാ | ൫ III |
| 17 | W | ൧൭ | ബു | ൩ | | ൧൨ | | അ | ൩൦ | ത്ര | ൧൦ I |
| 18 | Th | ൧൮ | വ്യാ | ൪ | ○ | ൧൩ | | ഭ | ൩൫ I | പ | ൧൪ III |
| 19 | F | ൧൯ | വെ | ൫ | | ൧൪ | | കാ | ൪൦ | വ | ൧൭ I |
| 20 | S | ൨൦ | ശ | ൬ | | ൧൫ | | രോ | ൪൩ III | പ്ര | ൨൦ III |
| 21 | SUN | ൨൧ | ഞാ | ൭ | | ൧൬ | | മ | ൪൬ II | ദ്വി | ൨൨ I |
| 22 | M | ൨൨ | തി | ൮ | | ൧൭ | | തി | ൪൮ I | തൃ | ൨൨ II |
| 23 | Tu | ൨൩ | ചൊ | ൯ | | ൧൮ | ശബ്ബാൽ. | പു | ൪൮ III | ച | ൨൧ II |
| 24 | W | ൨൪ | ബു | ൧൦ | വൃശ്ചികം. | ൧൯ | | പൂ | ൪൮ | പ | ൧൯ I |
| 25 | Th | ൨൫ | വ്യാ | ൧൧ | | ൨൦ | | ആ | ൪൬ I | ഷ | ൧൫ III |
| 26 | F | ൨൬ | വെ | ൧൨ | | ൨൧ | | മ | ൪൩ II | സ | ൧൧ I |
| 27 | S | ൨൭ | ശ | ൧൩ | | ൨൨ | | പൂ | ൪൦ | അ | ൫ II |
| 28 | SUN | ൨൮ | ഞാ | ൧൪ | | ൨൩ | | ഉ | ൩൬ | ദ | ൫൯ |
| 29 | M | ൨൯ | തി | ൧൫ | | ൨൪ | | അ | ൩൧ III | ഏ | ൫൩ I |
| 30 | Tu | ൩൦ | ചൊ | ൧൬ | | ൨൫ | | ചി | ൨൭ I | ദ്വാ | ൪൬ III |

# ന വെം ബർ.

അല്ലയോ നിങ്ങൾ വന്നു മനുഷ്യപുത്രരിൽ ഭയങ്കരമായി വ്യാപരിക്കുന്ന ദൈവത്തിൻെറ അത്ഭുതങ്ങളെ കാണ്മിൻ. സങ്കീ. ൬൬, ൫.

| ഇങ്ക്ലിഷ് | | മലയാളം | | സൂൎയ്യോദയാസ്തമയം | | | | വിശേഷദിവസങ്ങൾ |
|---|---|---|---|---|---|---|---|---|
| തീയതി | ആഴ്ച | തീയതി | മാസം | മണി | മിനിട്ട് | മണി | മിനിട്ട് | |
| ൧ | തി | ൧൭ | | ൫ | ൪൪ | ൫ | ൩൧ | പ്രദോഷവ്രതം. |
| ൨ | ചൊ | ൧൮ | | ൫ | ൪൪ | ൫ | ൩൧ | |
| ൩ | ബു | ൧൯ | | ൫ | ൪൫ | ൫ | ൩൧ | ൬ നാ. കൂട്ടച്ഛായി കഴിഞ്ഞു. അ |
| ൪ | വ്യാ | ൨൦ | | ൫ | ൪൫ | ൫ | ൩൧ | മാവാസിശ്രാദ്ധം. |
| ൫ | വെ | ൨൧ | | ൫ | ൪൫ | ൫ | ൩൦ | |
| ൬ | ശ | ൨൨ | | ൫ | ൪൫ | ൫ | ൩൦ | ൫൫III നാഴിക വരെ ഇടച്ഛായി. |
| ൭ | ഞ | ൨൩ | തുലാം. | ൫ | ൪൬ | ൫ | ൩൦ | ത്രിതപം ക. ൨൪ാം ഞ. |
| ൮ | തി | ൨൪ | | ൫ | ൪൬ | ൫ | ൩൦ | |
| ൯ | ചൊ | ൨൫ | | ൫ | ൪൬ | ൫ | ൩൦ | ഷഷ്ഠിവ്രതം. |
| ൧൦ | ബു | ൨൬ | | ൫ | ൪൬ | ൫ | ൩൦ | ൫൬ നാഴിക വരെ ഇടച്ഛായി. |
| ൧൧ | വ്യാ | ൨൭ | | ൫ | ൪൭ | ൫ | ൩൦ | ദുഷ്ടൻ കടം വാങ്ങുന്നു വീട്ടു |
| ൧൨ | വെ | ൨൮ | | ൫ | ൪൭ | ൫ | ൩൦ | വാൻ ഉണ്ടാകയുമില്ല; നീതിമാ |
| ൧൩ | ശ | ൨൯ | | ൫ | ൪൭ | ൫ | ൩൦ | നൊ കരുണ കാട്ടി സമ്മാനിക്കു |
| | | | | | | | | ന്നു. സങ്കീ. ൩൭, ൨൧. |
| ൧൪ | ഞ | ൩൦ | ൧൦൪൫ | ൫ | ൪൮ | ൫ | ൩൦ | ത്രിതപം ക. ൨൫ാം ഞ. ൧൭ നാ. |
| ൧൫ | തി | ൧ | | ൫ | ൪൮ | ൫ | ൩൦ | ഏ. പ്ര. ൧൮III ഇ. [വൃ. സംക്രമം. |
| ൧൬ | ചൊ | ൨ | | ൫ | ൪൮ | ൫ | ൩൦ | പ്രദോഷവ്രതം. |
| ൧൭ | ബു | ൩ | | ൫ | ൪൯ | ൫ | ൩൦ | |
| ൧൮ | വ്യാ | ൪ | | ൫ | ൪൯ | ൫ | ൩൦ | പൌർണ്ണമാസി. ൩൬ നാ. കൃ. തു. |
| ൧൯ | വെ | ൫ | | ൫ | ൪൯ | ൫ | ൩൦ | ച്ചരുക്കം നീതിമാന്നുള്ളതു അനേ |
| ൨൦ | ശ | ൬ | | ൫ | ൫൦ | ൫ | ൩൦ | കം ദുഷ്ടരുടെ കോലാഹലത്തെ |
| | | | | | | | | ക്കാളും നന്നു. |
| ൨൧ | ഞ | ൭ | | ൫ | ൫൦ | ൫ | ൩൦ | ത്രിതപം ക. ൨൬ാം ഞ. |
| ൨൨ | തി | ൮ | | ൫ | ൫൧ | ൫ | ൩൦ | എൻ ദൈവമെ, നിൻെറ ഇഷ്ടം |
| ൨൩ | ചൊ | ൯ | വൃശ്ചികം. | ൫ | ൫൧ | ൫ | ൩൦ | ചെയ്വാൻ ഞാൻ ആഗ്രഹിക്കുന്നു. |
| ൨൪ | ബു | ൧൦ | | ൫ | ൫൧ | ൫ | ൩൦ | സങ്കീ. ൪൦, ൯. |
| ൨൫ | വ്യാ | ൧൧ | | ൫ | ൫൨ | ൫ | ൩൧ | ഷഷ്ഠിവ്രതം. |
| ൨൬ | വെ | ൧൨ | | ൫ | ൫൨ | ൫ | ൩൧ | ഞാൻ എപ്പോൾ വന്നു ദൈവ |
| ൨൭ | ശ | ൧൩ | | ൫ | ൫൩ | ൫ | ൩൧ | ത്തിൻെറ മുഖത്തിലേക്കു കാണ |
| | | | | | | | | പ്പെടും. |
| ൨൮ | ഞ | ൧൪ | | ൫ | ൫൩ | ൫ | ൩൧ | ൧ാം ആഗമനനാൾ. |
| ൨൯ | തി | ൧൫ | | ൫ | ൫൪ | ൫ | ൩൧ | ഏകാദശിവ്രതം. |
| ൩൦ | ചൊ | ൧൬ | | ൫ | ൫൪ | ൫ | ൩൨ | ൨൭ നാ. കൂട്ടച്ഛായി കഴിഞ്ഞു. |

| DECEMBER. |  | ഡിസെംബർ. |
|---|---|---|
| 31 DAYS. | | ൩൧ ദിവസം. |
| ● അമാവാസി, ൩ാം തിയ്യതി. | ധനു | ◯ പൌൎണ്ണമാസി, ൧൮ാം തിയ്യതി. |

| ഇങ്കിലിഷ് | | | | മലയാളം | | മുഹമ്മദീയം | | നക്ഷത്രം | | തിഥി | |
|---|---|---|---|---|---|---|---|---|---|---|---|
| DATE | DAY | തിയ്യതി | ആഴ്ച | തിയ്യതി | മാസം | തിയ്യതി | മാസം | | | | |
| 1 | W | ൧ | ബു | ൧൭ | | ൨൬ | | ചോ | ൨൩ | ത്ര | ൪൦ I |
| 2 | TH | ൨ | വ്യ | ൧൮ | | ൨൭ | | വി | ൧൯ I | പ | ൩൪ II |
| 3 | F | ൩ | വെ | ൧൯ | ● | ൨൮ | ജമാദിലാഖർ. | അ | ൧൬ I | വ | ൨൯ III |
| 4 | S | ൪ | ശ | ൨൦ | | ൨൯ | | തൃ | ൧൪ | പ്ര | ൨൫ III |
| 5 | SUN | ൫ | ഞാ | ൨൧ | | ൧ | | മൂ | ൧൨ III | ദ്വി | ൨൨ II |
| 6 | M | ൬ | തി | ൨൨ | | ൨ | | പൂ | ൧൪ II | തൃ | ൨൨ III |
| 7 | TU | ൭ | ചൊ | ൨൩ | | ൩ | | ഉ | ൧൪ | ച | ൨൦ III |
| 8 | W | ൮ | ബു | ൨൪ | വൃശ്ചികം. | ൪ | | തി | ൧൬ I | പ | ൨൧ III |
| 9 | TH | ൯ | വ്യ | ൨൫ | | ൫ | | ആ | ൨൦ I | ഷ | ൨൪ |
| 10 | F | ൧൦ | വെ | ൨൬ | | ൬ | റജബ്. | ച | ൨൪ | സ | ൨൭ I |
| 11 | S | ൧൧ | ശ | ൨൭ | | ൭ | | പൂ | ൨൯ | അ | ൩൧ I |
| 12 | SUN | ൧൨ | ഞാ | ൨൮ | | ൮ | | ഉ | ൩൪ II | ന | ൩൫ III |
| 13 | M | ൧൩ | തി | ൨൯ | | ൯ | | രേ | ൪൦ III | ദ | ൪൩ |
| 14 | TU | ൧൪ | ചൊ | ൧ | | ൧൦ | | അ | ൪൫ III | ഏ | ൪൫ I |
| 15 | W | ൧൫ | ബു | ൨ | ൧൦൭൨ | ൧൧ | | ഭ | ൫൧ I | ദ്വാ | ൪൯ III |
| 16 | TH | ൧൬ | വ്യ | ൩ | | ൧൨ | | കാ | ൫൬ I | ത്ര | ൫൩ III |
| 17 | F | ൧൭ | വെ | ൪ | | ൧൩ | | കാ | II | പ | ൫൭ |
| 18 | S | ൧൮ | ശ | ൫ | ◯ | ൧൪ | | രോ | ൪ | വ | ൫൯ I |
| 19 | SUN | ൧൯ | ഞാ | ൬ | | ൧൫ | | മ | ൬ I | വ | ൬൦ |
| 20 | M | ൨൦ | തി | ൭ | | ൧൬ | | തി | ൭ II | പ്ര | ൬൦ |
| 21 | TU | ൨൧ | ചൊ | ൮ | | ൧൭ | | പു | ൭ II | തൃ | ൫൮ I |
| 22 | W | ൨൨ | ബു | ൯ | | ൧൮ | ൧൩൧൪ | പൂ | ൬ I | ച | ൫൫ II |
| 23 | TH | ൨൩ | വ്യ | ൧൦ | | ൧൯ | | ആ | ൪ | പ | ൫൧ II |
| 24 | F | ൨൪ | വെ | ൧൧ | ധനു. | ൨൦ | | മ | ൧ | ഷ | ൪൬ II |
| 25 | S | ൨൫ | ശ | ൧൨ | | ൨൧ | | ഉ | ൫൭ I | സ | ൪൦ III |
| 26 | SUN | ൨൬ | ഞാ | ൧൩ | | ൨൨ | | അ | ൫൩ | അ | ൩൪ II |
| 27 | M | ൨൭ | തി | ൧൪ | | ൨൩ | | ചി | ൪൮ II | ന | ൨൮ |
| 28 | TU | ൨൮ | ചൊ | ൧൫ | | ൨൪ | | ചോ | ൪൫ I | ദ | ൨൧ II |
| 29 | W | ൨൯ | ബു | ൧൬ | | ൨൫ | | വി | ൪൦ I | ഏ | ൧൫ II |
| 30 | TH | ൩൦ | വ്യ | ൧൭ | | ൨൬ | | അ | ൩൬ III | ദ്വാ | ൧൦ I |
| 31 | F | ൩൧ | വെ | ൧൮ | | ൨൭ | | തൃ | ൩൪ | ത്ര | ൫ III |

# ഡിസംബർ.

കൎത്താവു സകല ജാതികളുടെയും കണ്ണുകൾക്കു മുമ്പാകെ തന്റെ ശുദ്ധമുള്ള ഭുജത്തെ നഗ്നമാക്കി ഭൂമിയുടെ അതൃത്തികൾ ഒക്കെയും നമ്മുടെ ദൈവത്തിന്റെ രക്ഷയെ കാണുകയും ചെയ്യും. യശ. ൫൨, ൧൦.

| ഇങ്ക്ലിഷ് തിയ്യതി | ഇങ്ക്ലിഷ് ആഴ്ച | മലയാളം തിയ്യതി | മലയാളം മാസം | സൂൎയ്യോദയം മണി | സൂൎയ്യോദയം മിനിട്ടു | സൂൎയ്യാസ്തമയം മണി | സൂൎയ്യാസ്തമയം മിനിട്ടു | വിശേഷദിവസങ്ങൾ |
|---|---|---|---|---|---|---|---|---|
| ൧ | ബു | ൧൭ | | ൫ | ൫൫ | ൫ | ൩൨ | പ്രദോഷവ്രതം. |
| ൨ | വ്യാ | ൧൮ | | ൫ | ൫൫ | ൫ | ൩൨ | |
| ൩ | വെ | ൧൯ | | ൫ | ൫൬ | ൫ | ൩൩ | അമാവാസിശ്രാദ്ധം. |
| ൪ | ശ | ൨൦ | | ൫ | ൫൬ | ൫ | ൩൩ | ൧൪ നാഴികവരെ ഇടച്ചായി. |
| ൫ | ഞ | ൨൧ | വൃശ്ചികം. | ൫ | ൫൭ | ൫ | ൩൩ | ൨ാം ആഗമനനാൾ. |
| ൬ | തി | ൨൨ | | ൫ | ൫൭ | ൫ | ൩൪ | എനിക്കു ദൈവസാമീപ്യം നല്ലതു |
| ൭ | ചൊ | ൨൩ | | ൫ | ൫൮ | ൫ | ൩൪ | സങ്കീ. ൭൩, ൨൮. |
| ൮ | ബു | ൨൪ | | ൫ | ൫൮ | ൫ | ൩൪ | ൧൬ നാഴികവരെ ഇടച്ചായി. |
| ൯ | വ്യാ | ൨൫ | | ൫ | ൫൯ | ൫ | ൩൫ | ഷഷ്ഠിവ്രതം. |
| ൧൦ | വെ | ൨൬ | | ൫ | ൫൯ | ൫ | ൩൫ | |
| ൧൧ | ശ | ൨൭ | | ൬ | ൦ | ൫ | ൩൬ | |
| ൧൨ | ഞ | ൨൮ | | ൬ | ൦ | ൫ | ൩൬ | ൩ാം ആഗമനനാൾ. ൩൪॥ ഇ. |
| ൧൩ | തി | ൨൯ | | ൬ | ൧ | ൫ | ൩൬ | ൧൨ നാഴിക രാത്രി സംക്രമം. |
| ൧൪ | ചൊ | ൧ | ൧൦൪൫ | ൬ | ൧ | ൫ | ൩൭ | ഏകാദശിവ്രതം. |
| ൧൫ | ബു | ൨ | | ൬ | ൨ | ൫ | ൩൭ | ൫൨ നാഴികക്ക് കൂട്ടച്ചായി തുടങ്ങി. |
| ൧൬ | വ്യാ | ൩ | | ൬ | ൨ | ൫ | ൩൮ | പ്രദോഷവ്രതം. |
| ൧൭ | വെ | ൪ | | ൬ | ൩ | ൫ | ൩൮ | |
| ൧൮ | ശ | ൫ | | ൬ | ൩ | ൫ | ൩൯ | പൌൎണ്ണമാസി. |
| ൧൯ | ഞ | ൬ | | ൬ | ൪ | ൫ | ൩൯ | ൪ാം ആഗമനനാൾ. |
| ൨൦ | തി | ൭ | | ൬ | ൪ | ൫ | ൪൦ | ദൈവം ജാതികളെ ഭരിക്കുന്നു; |
| ൨൧ | ചൊ | ൮ | | ൬ | ൫ | ൫ | ൪൦ | ദൈവം തൻ വിശുദ്ധസിംഹാസ |
| ൨൨ | ബു | ൯ | | ൬ | ൫ | ൫ | ൪൧ | നത്തിൽ ഇരിക്കുന്നു സങ്കീ. ൪൭, ൯. |
| ൨൩ | വ്യാ | ൧൦ | ധനു. | ൬ | ൬ | ൫ | ൪൧ | |
| ൨൪ | വെ | ൧൧ | | ൬ | ൬ | ൫ | ൪൨ | ഷഷ്ഠിവ്രതം. വിശുദ്ധരാത്രി. |
| ൨൫ | ശ | ൧൨ | | ൬ | ൭ | ൫ | ൪൨ | ക്രിസ്തൻ ജനിച്ച നാൾ. |
| ൨൬ | ഞ | ൧൩ | | ൬ | ൭ | ൫ | ൪൩ | ക്രിസ്തൻ ജനിച്ച നാൾ ക. ഞ. |
| ൨൭ | തി | ൧൪ | | ൬ | ൮ | ൫ | ൪൩ | ൪൮॥ നാഴികക്ക് കൂട്ടച്ചായി ക |
| ൨൮ | ചൊ | ൧൫ | | ൬ | ൮ | ൫ | ൪൪ | ഴിഞ്ഞു. |
| ൨൯ | ബു | ൧൬ | | ൬ | ൯ | ൫ | ൪൪ | ഏകാദശിവ്രതം. |
| ൩൦ | വ്യാ | ൧൭ | | ൬ | ൯ | ൫ | ൪൫ | പ്രദോഷവ്രതം. |
| ൩൧ | വെ | ൧൮ | | ൬ | ൯ | ൫ | ൪൫ | ൫॥ നാഴികവരെ ഇടച്ചായി. |

അവൻെറ സാക്ഷ്യം കൈക്കൊണ്ടവനൊ ദൈവം സത്യവാൻ എന്നുള്ളതിനെ മുദ്രയിട്ടു. യോഹ. ൩, ൩൩.

# ഗ്രഹസ്ഥിതികൾ.

പരഹിതസിദ്ധം.

| ഗ്രഹങ്ങൾ | ധനു | | | | മകരം | | | | കുംഭം | | | | മീനം | | | | മേടം | | | | എടവം | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | രാശി | ഭാഗം | കല | വി | രാശി | ഭാഗം | കല | വി | രാശി | ഭാഗം | കല | വി | രാശി | ഭാഗം | കല | വി | രാശി | ഭാഗം | കല | വി | രാശി | ഭാഗം | കല | വി |
| ചൊവ്വ | ൪ | ൯ | ൨൬ | ൧൩ | ൩ | ൨൯ | ൩൯ | വ ൩൮· | ൩ | ൨൨ | ൫൮ | ൧൫·വ | ൩ | ൨൩ | ൫ | ൮ | ൪ | ൧ | ൩ | ൨൫ | ൪ | ൧൭ | ൨൩ | ൩൦ |
| ബുധൻ | ൯ | ൧൨ | ൪൨ | ൯൨ | ൧൦ | ൨ | ൫൫ | ൭൧ | ൧൦ | ൧൩ | ൩൨ | ൨൮·വ | ൧൧ | ൨൩ | ൨൩ | ൧൩൫ | ൧ | ൧൮ | ൨൦ | ൮൬ | ൨ | ൦ | ൪൪ | ൫൩·വ |
| വ്യാഴം | ൧൧ | ൧൫ | ൫൪ | ൩ | ൧൧ | ൨൦ | ൫൪ | ൧൧ | ൧൧ | ൨൭ | ൫ | ൧൩ | ൦ | ൪ | ൫ | ൧൪ | ൦ | ൧൧ | ൩൩ | ൧൨ | ൦ | ൧൮ | ൨൬ | ൧൩ |
| ശുക്രൻ | ൭ | ൨൩ | ൧൧ | ൨൦ | ൮ | ൧൪ | ൧൩ | ൫൦ | ൯ | ൧൪ | ൩൧ | ൮൮ | ൧൦ | ൧൮ | ൬ | ൪൯ | ൧ | ൩ | ൧൫ | ൭൬ | ൨ | ൯ | ൮ | ൭൪ |
| ശനി | ൭ | ൧൫ | ൪൪ | ൬ | ൭ | ൧൮ | ൨൫ | ൪ | ൭ | ൧൬ | ൫൧ | ൧ | ൭ | ൧൯ | ൩൧ | ൩·വ | ൭ | ൨൦ | ൩ | ൪·വ | ൭ | ൧൫ | ൩൪ | ൫·വ |
| രാഹു | ൩ | ൨൫ | ൨൯ | ൩·വ | ൩ | ൨൩ | ൫൫ | ൩·വ | ൩ | ൨൨ | ൧൯ | ൩·വ | ൩ | ൨൦ | ൩൮ | ൩·വ | ൩ | ൧൯ | ൩ | ൩·വ | ൩ | ൧൭ | ൨൫ | ൩·വ |

| ഗ്രഹങ്ങൾ | മിഥുനം | | | | കക്കിടകം | | | | ചിങ്ങം | | | | കന്നി | | | | തുലാം | | | | വൃശ്ചികം | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | രാശി | ഭാഗം | കല | വി | രാശി | ഭാഗം | കല | വി | രാശി | ഭാഗം | കല | വി | രാശി | ഭാഗം | കല | വി | രാശി | ഭാഗം | കല | വി | രാശി | ഭാഗം | കല | വി |
| ചൊവ്വ | ൫ | ൪ | ൪൪ | ൩൫ | ൫ | ൨൩ | ൫൯ | ൩൮ | ൬ | ൧൪ | ൩൬ | ൪൪ | ൭ | ൬ | ൪൩ | ൪൩ | ൭ | ൨൯ | ൨൦ | ൪൫ | ൮ | ൧൧ | ൨ | ൪൬ |
| ബുധൻ | ൨ | ൧൪ | ൩൭ | ൮൭ | ൪ | ൯ | ൨൬ | ൧൪ | ൫ | ൨൬ | ൨൬ | ൫൫ | ൫ | ൨൭ | ൨൫ | ൬ | ൬ | ൧൮ | ൩൭ | ൫൯ | ൭ | ൨൮ | ൨ | ൮൦ |
| വ്യാഴം | ൦ | ൨൪ | ൧൬ | ൬ | ൦ | ൨൭ | ൫൪ | ൫ | ൦ | ൨൯ | ൩ | ൧·വ | ൦ | ൨൭ | ൧൦ | ൪·വ | ൦ | ൨൩ | ൫ | ൮·വ | ൦ | ൧൯ | ൫൪ | ൧·വ |
| ശുക്രൻ | ൩ | ൧൭ | ൨൪ | ൭൧ | ൪ | ൨൫ | ൧൭ | ൭൩ | ൬ | ൩ | ൩ | ൭൨ | ൭ | ൧൦ | ൮ | ൭൦ | ൮ | ൧൬ | ൩൨ | ൫൧ | ൯ | ൮ | ൧ | ൬൩ |
| ശനി | ൭ | ൧൩ | ൫൮ | ൩·വ | ൭ | ൧൩ | ൩൩ | ൧ | ൭ | ൧൪ | ൩൬ | ൪ | ൭ | ൧൬ | ൩൩ | ൮ | ൭ | ൧൯ | ൪൮ | ൭ | ൭ | ൨൩ | ൪൧ | ൭ |
| രാഹു | ൩ | ൧൫ | ൪൪ | ൩·വ | ൩ | ൧൪ | ൫ | ൩·വ | ൩ | ൧൨ | ൨൭ | ൩·വ | ൩ | ൧൦ | ൪൬ | ൩·വ | ൩ | ൯ | ൧൪ | ൩·വ | ൩ | ൨ | ൨൩ | ൩·വ |

## മുഹൂൎത്തങ്ങൾ.

ഈ നാട്ടുകാരുടെ യാതൊരു കാൎയ്യാദികളുടെയും തുടസ്സത്തിങ്കൽ ഓരോ മുഹൂൎത്തവും ആവശ്യം എന്നുള്ള വാദം ഹേതുവായിട്ടു മുമ്പുള്ളവർ അൎത്ഥാഗ്രഹം നിമിത്തം അറിവു കുറഞ്ഞവരെ തോല്പിച്ചു അൎത്ഥം ആൎജ്ജിപ്പാൻ. ഇരിങ്ങപ്പാറപ്പൊന്നായാൽ പാതി ദേവൎക്കു എന്ന പഴഞ്ചൊല്ലിൻപ്രകാരം വ്യൎത്ഥമായ ഫലശ്രുതിയോടു കൂടിയ മുഹൂൎത്തങ്ങൾ കണക്കോളം ഉണ്ടാക്കീട്ടുണ്ടെങ്കിലും അവററെ കുറിച്ചു പ്രത്യേകം വിവരിക്കേണ്ടതിന്നു കാലതാമസം വേണ്ടതാകയാൽ ചിലതിന്റെ വിവരത്തെ എത്രയും ചുരുക്കി പറവാൻ പോകുന്നു.

ദൈവബന്ധുത്വം സൎവ്വ ഭാഗ്യാനുഭവം. ദൈവവൈരിത്വം സൎവ്വ നിൎഭാഗ്യാനുഭവം.

### ൧. ഗൃഹാരംഭമുഹൂൎത്തം=കുററിമുഹൂൎത്തം.

മുഹൂൎത്തം എന്ന വാക്കിന്റെ അൎത്ഥം രണ്ടു നാഴിക നേരമത്രെ. എന്നാൽ ഈ മുഹൂൎത്തകാലങ്ങളിൽ കോട്ട, ക്ഷേത്രം, ഗൃഹാദികൾക്കും ചിറ, കുളം, കൂപാദികൾക്കും കുററിതറച്ചു ചമെച്ചാൽ കോട്ടകളിൽ നിത്യവാഴ്ചയും ജയസമ്പത്തും വീടുകളിൽ അല്ലലും വ്യാധിയും ദാരിദ്ര്യ മരണങ്ങളും ഇല്ലാതെ ദീൎഘായുസ്സ്, ധനസമൃദ്ധി, ചെലവിന്നേക്കാൾ വരവു, പുത്രസന്തതിവൎദ്ധന, കൃഷ്യാദി ചെയ്യാൽ മഹാധാന്യവിളവു, ആലയും കാലിയും വൎദ്ധന, മററും അനേക സമ്പൽസമൃദ്ധികളോടും ക്ഷേത്രങ്ങളിൽ നിത്യോത്സവങ്ങളോടും ചിറകുളങ്ങളിൽ കുളിച്ചാൽ ആരോഗ്യാദി ദേഹസൌഭാഗ്യങ്ങളോടും കിണററിലെ നീർ കുടിച്ചാൽ ദീൎഘായുരാരോഗ്യാദികളോടും കൂടെ മഹാ സന്തോഷസൌഖ്യാദ്യനുഭവന്മാരായിരിക്കയും ചെയ്യുന്നതല്ലാതെ, ആവക മുഹൂൎത്തകാലങ്ങളിൽ പണിതീൎത്ത വീടുകളിൽനിന്നു വല്ല കാൎയ്യാൎത്ഥമായിട്ടു പുറത്തു പോയാലൊ പത്തിന്നൊട്ടല്ല; പത്തിന്നു പതിന്നാറായിട്ടു തന്നെ സകല കാൎയ്യങ്ങളും സാധിച്ചുവരും എന്നും മററും അനേകം ചടങ്ങുകൾ ഉണ്ടല്ലൊ. എന്നാൽ ഈ വക വാക്കും വിചാരവും ഉള്ളതല്ലാതെ, ഫലാനുഭവത്തെ കുറിച്ചു ചിന്തിക്കുമ്പോൾ വ്യാമോഹതുല്യമത്രെ. അതായ്തു ഈ വക മുഹൂൎത്തകാലങ്ങളെ കുറിച്ചുള്ള ശ്രദ്ധയും ഭ്രാന്തിയും, അറിവും, ആചാൎയ്യവും ഇപ്പോഴത്തവരേക്കാൾ ആണ്ടെ

ഴിഞ്ഞ ഗുരുകാരണവന്മാൎക്ക അധികവും ഗണിതങ്ങളിൽ അതിവിദ ശ്ധതയും ഉണ്ടായിരുന്നു എന്നു ലോകസമ്മതമുള്ളതല്ലൊ. എങ്കിലും അന്ന് ഉണ്ടായിരുന്ന ഹിന്തുരാജാക്കളും പ്രഭുക്കന്മാരും മററും പല കോട്ടപ്പടി കൊട്ടാരം കോവിലകങ്ങൾ, ക്ഷേത്രമഠങ്ങൾ, മാടങ്ങൾ, അങ്ങാടി വാടിത്തെരുവുകൾ, പലപല ചിറകുളം കിണറുകൾ, ഇത്യാദികളും ലോകവിശ്രുതന്മാരായ ഗണിതവൈദികവിദ്വാന്മാരാൽ മഹാരാജസഭായോഗമദ്ധ്യങ്ങളിൽവെച്ചു നിൎണ്ണയിക്കപ്പെട്ടുന്ന ശോഭന മുഹൂൎത്തംകൊണ്ടു സംസ്ഥാപിച്ചു പ്രതിഷ്ഠിച്ചിട്ടുള്ളതും ലോക കല്യാണകാരകന്മാരായി വാഴുന്നവൎക്കും വാഴുന്നവന്റെ അനന്തരവന്മാൎക്കും യുഗാവസാനം വരെ സുഖവാസാനുഭവസിദ്ധിക്കായിട്ടു ഉണ്ടാക്കിച്ചതായ കോട്ട തളികൊട്ടാരക്ഷേത്രങ്ങളാദിയായ ഉപയോഗവസ്തുക്കൾ ഇപ്പോൾ മിക്കതും നോക്കി ചൂണ്ടിപ്പറയുമ്പോൾ വില്ലുകം തുടങ്ങാതെ സാവധാനത്തോടെ കേൾക്കേണം എന്നു വാഞ്ഛ. എന്നാൽ മുമ്പിനാൽ അടുത്ത ദേശങ്ങളിലുള്ള കോട്ടപ്പടികുളം അമ്പലങ്ങളിൽ കടൽ വാഴിക്കോട്ട, കടൽവാഴി ക്ഷേത്രം, അവേരക്കോട്ട, ചൊവ്വാക്ഷേത്രം, കന്നടിയൻ കോട്ട, കസാനക്കോട്ട, വളഭട്ടത്തു കോട്ട, മാടായി ഏഴിക്കോട്ട, പുതിയകോട്ട, കാഞ്ഞരോട്ടുകോട്ട, ബേക്കലത്തുകോട്ട, ഹരിച്ചന്ദ്രൻകോട്ട, മല്ലൂർ മല്ലൽകോട്ട ഇത്യാദി ഓരോ ദേശങ്ങളിൽ ഉള്ള കോട്ടകൊന്തളങ്ങളെയും ക്ഷേത്രങ്ങളെയും നോക്കി അല്പം വിചാരണ ചെയ്താൽ ശൂന്യവും തരിശുമായി, കാടോട്ടു പടലും ചുററി, അരാജകവും അപലക്ഷണവുമായി കിടക്കുന്നതല്ലാതെ, ആരാനും പോററി വളൎത്തിവരുന്ന കോഴി നായിക്കുഞ്ഞങ്ങൾ, തീയർ അദ്ധ്വാനിച്ചുണ്ടാക്കുന്ന കള്ളു, നട്ടുനനെച്ചുണ്ടാക്കുന്ന ചേന, വാഴ, കിഴങ്ങ് ഇത്യാദി കട്ടും കവൎന്നും നശിപ്പിക്കുന്ന കുറുക്കൻ കാട്ടു പൂച്ച, കല്ലുണ്ണിമെരു, മുള്ളൻപന്നി, ഉപദ്രവ പ്രാണികൾ, തേനീച്ച, കടന്നൽ, പ്രാണഹാനി വരുത്തുന്ന സൎപ്പാദി വിഷജന്തുക്കളും ഈ വക അനന്തരവാഴ്ച്ചക്കാരുടെ വാസസ്ഥലമായി കാണുന്നതു കൂടാതെ, പലപല ക്ഷേത്രങ്ങളിലും മുൾപടപ്പു, തുവ, പാറം, മുതലായവയും മുളച്ചെഴുന്നു ദേവന്മാൎക്ക വെണ്കൊററക്കുട, വെഞ്ചമരി, ആലവട്ടം, മേൽവിതാനം ഇവററിന്നും വിഘ്നരാജവാഹനവീരന്മാരാകുന്ന എലി പെരിച്ചായി എന്നിവർ എമ്പ്രാശ്ശന്മാൎക്കും ഒളിക്കുറുക്കന്മാർ കുറുക്കന്മാർ എന്നിവരുടെ നിലവിളി ഉത്സവ ആരവാരങ്ങൾക്കും; നത്തു കൂമന്മാരുടെ മുഴക്കം കുഴൽ ശംഖ വാദ്യത്തിന്നും

പക്ഷിക്കാഷ്ഠങ്ങൾ നെയ്യാട്ടത്തിന്നും തിലകലേപനാദികൾക്കും മഴകൾ അഭിഷേകത്തിന്നും മൃഗകാഷ്ഠങ്ങൾ നിവേദ്യത്തിന്നും ജീൎണ്ണപുഷ്പപത്രങ്ങൾ പുഷ്പാഞ്ജലിക്കും ഖദ്യോതങ്ങൾ (മിന്നാമ്മിന്നി) ദീപാവലികൾക്കും പ്രതിയായി ശോഭിച്ചു നഷ്ടം തിരിഞ്ഞു കിടപ്പതും കാണ്മൂതാക. അതു കൂടാതെ കോട്ടയകത്തു ചിറ, പയ്യൻ ചിറ, കൊല്ലത്തുരായർ ചമെച്ച കൊല്ലത്തു ചിറ മററും അനേകം ചിറകളും കുളങ്ങളും ഊർ ദേശങ്ങളിലുമുള്ള ചളി മലങ്ങളും ഓരൊ വഴിയായി ഒഴുകിവന്നു നാറുന്ന ചേററുക്കുഴികളായും ദുഷ്ട മൃഗങ്ങൾക്കും എരുമകൾക്കും മാത്രം ഉപകാരമായുമിരിക്കുന്നതു വിചാരിച്ചാൽ മുഹൂൎത്തം എത്രയും ഗുണഫലവത്തായുള്ള ശുഭസമയം തന്നെ എന്നു പറവാൻ നാണിക്കേണ്ടാ എന്നു തോന്നുന്നുവോ?

അത്രയുമല്ല മേല്പറഞ്ഞ കോട്ടകളിലും രാജ്യങ്ങളിലും മറുപക്ഷക്കാരാകുന്ന കള്ളനും കാലിയും കടന്നു ആക്രമിക്കാതിരിപ്പാനും ശത്രുസംഹാരം ചെയ്വാനും കുടിവെച്ച ദേവി ഭഗവതിമാർ ദേവകളും പരദേവവനദേവന്മാരും പടവീരന്മാർ ജയവീരന്മാരും നാല്പത്തീരടി സ്ഥാനങ്ങളിൽ വാഴുന്ന മുപ്പത്തു ഐവർ കുററി കളരിപ്പുരദേവതമാരും രാജ്യരക്ഷിവൎഗ്ഗങ്ങളല്ലൊ ആകുന്നതു. എന്നിവരിരിക്കെ പാൎശ്ശാവു ഠിപ്പു മുതലായ അന്യ രാജാക്കന്മാർ ഈ രാജ്യങ്ങളെയും ക്ഷേത്രങ്ങളെയും കവിഞ്ഞാക്രമിച്ചു, പല കവൎച്ച കൈയേററങ്ങളേയും ചെയ്തതല്ലാതെ, കൊണ്ടാടി രക്ഷിച്ചു വരുന്ന പല വൎണ്ണക്കാരെയും ബലാല്ക്കാരേണ എത്തിപ്പിടിച്ചു ചേല ചെയ്തു മാംസം തീററി ചോനകമാൎഗ്ഗത്തിൽ ചേൎത്തതു കൂടാതെ, ക്ഷേത്രകവൎച്ച ചെയ്തു പല മുഖ്യദേവിദേവന്മാരെയും ലേലം വിളിച്ചു വിററു. ഈവക നഷ്ടം തിരിച്ചൽ ഒക്കയും ചെയ്യുമ്പോൾ കണ്ണിന്നു കൊള്ളുന്നതു പിരികത്തിന്നാക്കുന്ന ഈ ദേവന്മാർ എവിടെ? അവരുടെ ക്ഷേത്രങ്ങളിലും കാവുകളിലും കാളകളെ അറുത്തു കലശാട്ടവും പുണ്യാഹവും വരുത്തിയതും കണ്ണു തുറന്നു നോക്കിയാൽ മുഹൂൎത്തം മഹാ ദോഷങ്ങളെ പിണെപ്പൊരു സമയം എന്നു തോന്നുവാനും ഇടയുണ്ടു.

അതു കൂടാതെ അമൌഹൂൎത്തകരാകുന്ന ഇങ്ക്ലിഷ്, പറങ്കി, ഹൊല്ലന്തർ മുതലായ വട്ടത്തൊപ്പിക്കാർ കണ്ണനൂർ തലശ്ശേരി മൈയ്യഴി കൊച്ചി ഇത്യാദി രാജ്യങ്ങളിൽ കോട്ടപള്ളികളെ കെട്ടിച്ചതു ഇന്നെവരെ ശൂന്യവും തരിശുമായി തീരാതെ അവററിലിരുന്നു നിത്യോത്സവങ്ങളോടും കൂടെ രാജ്യങ്ങളിൽ നീതിന്യായങ്ങളും നടത്തി എടവും മം

വും കോവിലകം കോട്ട കൊട്ടാരങ്ങൾ ഇല്ലമ്മുതൽ ശാലകളൊളവും വാണുകൊണ്ടു കരം പിരിച്ചു കൈകളാൽ ഇന്ത്യയിലെ മിക്ക രാജാക്കന്മാൎക്കും മാലിഖാൻ കൊടുത്തു രക്ഷിച്ചുവരുന്നതു മുഹൂൎത്തഫലംകൊണ്ടല്ല; സത്യ ദൈവമാകുന്ന യേശു ക്രിസ്തനിലെ വിശ്വാസാശ്രയബലംകൊണ്ടത്രെ ആകുന്നതു.

അയ്യോ പ്രിയന്മാരെ! മേല്പറഞ്ഞ കാൎയ്യങ്ങളെത്തൊട്ടു വിസ്താരമായി വിവരിപ്പാൻ ഉണ്ടെങ്കിലും ഈ ചുരുക്കമായി പറഞ്ഞതിനെ കുറിച്ചു വിചാരിച്ചു അതിമൌഢ്യമാകുന്ന മുഹൂൎത്താദി മററും ആചരിയാതെയും കൂട്ടാക്കാതെയും ഇരിക്കേണ്ടതു. കാരണം ഈ വക ഒക്കയും ഇഹലോകജ്ഞാനമാകയാൽ സത്യ ദൈവം ഭോഷത്വമെന്നു എണ്ണിയിരിക്കുന്നു എന്നു സത്യവേദം പറയുംപ്രകാരം ദൃഷ്ടാന്ത ലക്ഷ്യങ്ങളുമുണ്ടാകയാൽ ഈ വക വേണ്ടാതനങ്ങൾ ഒക്കയും വിട്ടു ഇന്നു എന്നു പറയുന്നതു തന്നെ സുമുഹൂൎത്തകാലം ഇന്നു നിന്റെ രക്ഷാദിവസം അതു ദൈവത്തിന്നു സുപ്രസാദകാലം എന്നു ദേവമൊഴിയാകയാൽ ഇന്നു നീ ആ ശബ്ദത്തെ കേൾക്കുമെങ്കിൽ നിന്റെ ഹൃദയത്തെ കഠിനപ്പെടുത്തരുതെ; നാളെത്ത ദിവസം നിണക്കുള്ളതല്ല.

~~~~~~~~~~

## ൨. ഗൃഹപ്രവേശന മുഹൂൎത്തം=കുടിയൽ മുഹൂൎത്തം.

പുത്തനായിച്ചമെച്ച ഒരു ഭവനത്തിൽ ഈ മുഹൂൎത്തകാലത്തിൽ കുടിയിരുന്നാൽ ധനസമ്പത്തും പുത്രസമ്പത്തും ആയുസ്സ്, ആരോഗ്യം, ഐശ്വൎയ്യവും മേൽക്കുമേൽ വൎദ്ധിച്ചു മഹാഭാഗ്യാനുഭവികളായ്തീരും എന്നു പ്രസിദ്ധം. ഈ ഗൃഹപ്രവേശന മുഹൂൎത്തം എത്രയൊ സൂക്ഷ്മതയോടും കൂടെ ആചരിക്കുന്നവരല്ലാത്തവർ ഹിന്തുക്കളിൽ ആരാനും ഉണ്ടൊ എന്നു സംശയിക്കേണ്ടതിന്നിടയില്ല എന്നാലും ഉണ്ടു. മേല്പറഞ്ഞ ഫലാനുഭവങ്ങളില്ലാതെ അന്നന്നു കൈയാടി എങ്കിൽ അന്നന്നു വായാടുന്ന കൂലിച്ചേകവരെയും മാസപ്പടിച്ചേകവരെയും രാജസേവകൾ പ്രഭുസേവകരെയും കോപ്പുകളുള്ളവരെക്കാൾ പതിന്മടങ്ങിലധികം ദരിദ്ര്യരെയും രോഗികളെയും മററും കാണുകകൊണ്ടത്രെ. അതു കൂടാതെ പുത്രസമ്പത്തും ധനസമ്പത്തും കുഡുംബവൎദ്ധനയും ഇല്ലാതെ, എത്രപേർ പുത്രധനകുഡുംബകാംക്ഷകളോടും ആവക ദുഃഖങ്ങളോടും കൂടെ ആണ്ടഴിഞ്ഞു പോയതും പൊകുന്നതും കണ്ടും കേട്ടും അറിഞ്ഞും പോരുന്നുണ്ടല്ലൊ; തഞ്ചാവൂർ
~~~~~~~~~~

മൈസൂർ ഇത്യാദി രാജാക്കന്മാർ പ്രഭുക്കന്മാരും പുത്രസമ്പത്തില്ലായ്കയാൽ ഒരു പാടു സ്ത്രീകളെ വെപ്പാട്ടികളാക്കി വെച്ചിട്ടും ഒരുത്തിപോലും പ്രസവിക്കാതിരിക്കുന്നതും കണ്ണും പൊട്ടി വടിയും പിടിച്ചു എട്ടു ദിക്കിലും ചെന്നു ഭിക്ഷ ഏറ്റു ഓരൊ ചെറ്റക്കലും പീടിക കോലായികളിലും പാർത്തുവരുന്ന ദരിദ്ര്യർക്കും വളരെ മക്കളുണ്ടാകുന്നതും വിചാരിച്ചാൽ മുഹൂർത്തഫലം എന്നു തോന്നുന്നില്ല.

അതല്ലാതെ, സമ്പന്നരായ ദരിദ്ര്യരും ദരിദ്ര്യരായ സമ്പന്നരും മരണാന്ത്യത്തോളം ഇരപ്പാളികളായിതന്നെ ഇരിപ്പവരും ഐഹിക സുഖം ഒരു നാൾ പോലും അറിയാത്തവരും ഉണ്ടു. ഈ വകക്കാരെ വിചാരിച്ചാൽ മുഹൂർത്തം വിചാരിയാതെ കുടിയിലിരുന്നതുകൊണ്ടു എന്നു പറവാനും ഇടയുണ്ടൊ? വിലാത്തിക്കാരായ രാജാക്കന്മാരും പ്രഭുക്കന്മാരും ഈ വക മുഹൂർത്തങ്ങളെ കൂട്ടാക്കാത്തവർ എന്നിട്ടും പുത്രസമ്പത്തിലും ധനസമ്പത്തിലും വാട്ടം കാണുന്നതു ചുരുക്കമത്രെ. ഇങ്ങിനെ ഓരോരൊ എണ്ണവണ്ണങ്ങളെ സൂക്ഷിച്ചു നോക്കിയാൽ മുഹൂർത്തം തീരെ ഫലമില്ലാത്തതു എന്നേ വരൂ. അഥവാ ഫലമുള്ളതു എന്നു വരികിൽ കുടിയൽമുഹൂർത്തം പിഴച്ചാലും മുഹൂർത്തകാലത്തിൽ ചമെച്ച വീടാകിൽ ഇന്ദ്രവർമ്മതമ്പുരാന്റെ ചെപ്പു കുടവും സത്രാജിത്തു രാജാവിന്റെ സ്യമന്തക മണിയും നാൾതോറും എട്ടെട്ടു ഭാരം പൊന്നു ഛർദ്ദിച്ചതു പോലെ ഛർദ്ദിപ്പാൻ സുശോഭനമുഹൂർത്തകാലത്തിൽ കുറ്റി തറെച്ചു അടിസ്ഥാനമിട്ടു ചമെച്ച ഭവനത്തിന്നും പാടുണ്ടാമല്ലൊ.

പിന്നെ അനേകർ അല്പായുസ്സുകളും മദ്ധ്യായുസ്സുകളുമായിട്ടു കിളിയോല പാറും മുമ്പെ കുഴിക്കാണം കെട്ടി പോയെന്ന പഴഞ്ചൊല്ലിൻപ്രകാരം മരിച്ചു പോകുന്നതും വിചാരിച്ചാൽ മുഹൂർത്തം കൊണ്ടാടുന്നതു നിഷ്ഫലവും പൌരുഷഹീനതയും എന്നേ പറവാനുള്ളു. ആയതല്ലാതെ, ദീനം അലോസരം മുതലായ സങ്കടങ്ങളില്ലാത്ത കോട്ട കോവിലകങ്ങളും ഇല്ലം ക്ഷേത്രഭവനങ്ങളും എവിടെയും കാണായ്കയാൽ ആയതു മുഹൂർത്തദോഷങ്ങളാൽ എന്നു വരുമ്പോൾ മുഹൂർത്തം ഒരുനാളും ഉണ്ടായിട്ടില്ലെന്നു നാണിക്കാതെ പറയാം എന്നതല്ലാതെ, ഈവക കഷ്ടാനുഭവമരണങ്ങൾക്കു കാരണം സത്യവേദത്തിൽ പറയുന്നതാവിതു: നമ്മുടെ ആദ്യ മാതാപിതാക്കന്മാരാകുന്ന ആദം ഹവ്വ എന്നവരുടെ അനുസരണക്കേടിനാൽ പാപവും പാപത്താൽ മരണവും സർപ്പവിഷം തൊലിരക്തങ്ങളിൽ പതിഞ്ഞാൽ

രക്തമജ്ജാദികളിൽ എത്തി ജീവനെ പിടി കൂട്ടുന്നതു പോലെ അവരുടെ സന്തതികളാകുന്ന നമ്മോളവും എത്തി പിടികൂടിയിരിക്കുന്നതിനാൽ ഒട്ടൊഴിയാതെ ഉള്ള മനുഷ്യരും പശുപക്ഷി മൃഗാദികളും അനേകം അരിഷ്ടതകൾക്കു പാത്രങ്ങളായി ചമഞ്ഞതല്ലാതെ, മൌഹൂൎത്തിക ദോഷങ്ങൾ അല്ല എന്നു ഉണ്മയായി അറിഞ്ഞുകൊൾവൂതാക.

൩. ഇല്ലന്നിറ മുഹൂൎത്തം.

ഇല്ലന്നിറ എന്നതു: കാഞ്ഞിരത്തില, പിരകിന്നില, വെള്ളില, പിലാവില മാവില, നെല്ലിയില, ഇരഞ്ഞിയില, പൊലിവള്ളി, ഉഴിഞ്ഞവള്ളി, തുക്കൊടി എന്നു പറയുന്ന എരുവള്ളി ഈ വക മരുന്നുകളൊക്കെ ശേഖരിച്ചു; ദരിദ്ര്യവ്യാധി ഒഴിക്കേണ്ടതിന്നു, മുഹൂൎത്ത ദിവസം പ്രാതഃകാലെ കുഞ്ഞി കുട്ടി ആബാലവൃദ്ധം എഴുനീററു ക്ഷേത്രകോവിലകവീട്ടുകുടികൾ അടിച്ചു തളിച്ചലങ്കരിച്ചു, നിറപറയും തെളിവിളക്കുകളും വെച്ചു, ഗണപതിപ്രസാദത്തിന്നു പഴമിളനീർ വറുത്തുപൊങ്ങിച്ച ഉഴുന്നു തുവരപയറുകളും മററും നാക്കിലകളിൽ മുതിൎത്തു ഗൃഹകൎത്താവു സചേലം മജ്ജനസ്നാനം ചെയ്തു, വിളഭൂമികളിൽ ചെന്നു കതിരുകൾക്കു അരിചാൎത്തി തൊഴുതു തൊട്ടു മൂന്നീട്ടു നമസ്കരിച്ചു, മാടാഴിയെയോളവും മക്കത്തു കപ്പലോളവും പൊലിപൊലി എന്ന ജപത്തോടും കാഞ്ഞിരത്തില (കാഞ്ഞിരപ്പൊലി) ആകുന്ന ഇലയോടും കൂടെ പറിച്ചെടുത്തൊരുപിടി കതിർ മണിത്തല മുമ്പിലും തണ്ടു പിമ്പിലുമാക്കി മൂൎദ്ധാവിൽ ഏററി, മേല്പറഞ്ഞ ജപത്തോടു കൂടെ എഴുന്നെള്ളിച്ചു, ക്ഷേത്രകോവിലകവീട്ടുകുടികൾ എന്നവററിൻ തിരുമുററങ്ങളിൽ അഭിഷേകവും ചന്ദനാദി ലേപനങ്ങളും ചെയ്തു അലങ്കരിച്ചു വെച്ച ആമപ്പലക മുതലായ ആസനത്തിന്മേൽ വെച്ചു, പിന്നെ മുൻ പറഞ്ഞ പൊലികൾ പത്തും പതിനൊന്നു, ഒമ്പതു, ഏഴ, അഞ്ച് ഇങ്ങിനെ ഒററ സംഖ്യകണ്ടു ചില്ലാനം കതിരുകളെയും എണ്ണി എടുത്തു, അറമുറികൾ, ആല, കളപ്പുര, പത്തായം ഉരൽ, ഉറി, ഫലവൃക്ഷങ്ങൾ ഇവററിന്നു ഓരോ കെട്ടുവീതപ്രകാരം കണ്ടു പച്ചപ്പാന്തം കൊണ്ടു കൂട്ടികെട്ടി ഗണപതി പൂജ ചെയ്തു, ജലഗന്ധപുഷ്പ ധൂമ ദീപങ്ങളെകൊണ്ട് അൎച്ചിച്ചു അരിചാൎത്തി തൊഴുതു നമസ്കരിച്ചുകൊണ്ടശേഷം ഓരൊ കെട്ടെടുത്തു തലയിൽ ഏററി മുൻപറഞ്ഞ ജപത്തോടും കൂട വീട്ടു മുറികൾതോറും ഉരലുറി തെങ്ങ്

കഴങ്ങ് പിലാവു ഇവററിന്നും കെട്ടി വരുന്നതിന്നു ഇല്ലന്നിറ എ ന്ന് പേരാകുന്നു. ഈ ദിവസത്തിൽ ചണ്ഡാലശാലക്കും ഇല്ലം എന്നു പേർ ധരിക്കുന്നു. അതല്ലാതെ ഈ മുഹൂർത്തം ആചരിച്ചു വന്നാൽ അറയും തുറവും വീടും കുടിയും കോവിലകം കൊട്ടാരം പത്താഴം പത്താഴപ്പുര ഉറിയും കലവും മററും മഹാധാന്യാദികളെ കൊണ്ടു പൊലിഞ്ഞു നിറഞ്ഞു വഴിഞ്ഞു ദരിദ്ര്യരോഗദുഃഖങ്ങൾ നീ ങ്ങി, മഹാസമ്പൽസുഖിയായ്വരും എന്നീ മുഹൂർത്തഫലശ്രുതിയാകു ന്നു. എന്നാൽ ഈ മൌഹൂർത്താചാരികളായ പ്രിയന്മാരെ! ഈ വ ക മുഹൂർത്തങ്ങൾ ഏതേത് സമയത്താകുന്നു എന്നതിൻെറ സൂക്ഷ്മം ഗണിതക്കാർ അറിഞ്ഞും അറിയിച്ചിട്ടുമല്ലാതെ, നാട്ടുകാർ എല്ലാവക്കും അറിവാൻ പാങ്ങില്ലായ്കയാൽ സുമുഹൂർത്തകാലത്തിൽ ഗണിതക്കാർ ആചരിക്കയും ദുർമ്മുഹൂർത്തകാലത്തിൽ അറിവു കുറഞ്ഞ നാട്ടുകാർ ആ ചരിക്കയും ചെയ്തുവരുന്നതിനാൽ ആയവർ ധനികന്മാരും ഇവർ നിർദ്ധനന്മാരും ആയ്തീരുന്നതു.

അങ്ങിനെ ആകുന്നെങ്കിൽ ആവക ഗണിതക്കാൎക്ക തന്നെ മേ ല്പറഞ്ഞ അനുഭവം ഇല്ലാതെ ഇരിക്കുന്നതു വിചാരിച്ചാൽ, ഈ മുഹൂ ൎത്തവും നിസ്സാരം എന്നു തോന്നുന്നുള്ളു. രണ്ടു പക്ഷക്കാരും ഒരു കി ടയത്രെ. പിന്നെ ഈ രാജ്യത്തിൽ ചോനകരിലും ക്രിസ്ത്യാനരിലും ക്രിസ്ത്യാനരാജ്യങ്ങളിലും ഈ വക മുഹൂർത്തങ്ങൾ ആചരിയാത്ത വർ മഹാ സമ്പന്നന്മാരായിരിക്കുന്നു. ചോനകർ, പാഴ്സി, കച്ചി ക്കാർ മുതലായകച്ചവടക്കാർ ബഹു ദ്രവ്യസ്ഥന്മാരായി വൎദ്ധിച്ചു വ രുന്നു. ഇവൎക്ക മേല്പറഞ്ഞ മുഹൂർത്താചാൎയ്യന്മാർ ദാസി ദാസന്മാരാ യി സേവ കഴിച്ചു നാളിൽ നാളിൽ ദരിദ്ര്യബാധ നീങ്ങാതെ ഇരിക്കു ന്നതു വിചാരിച്ചാൽ മുഹൂർത്ത ഫലത്തിന്നു ഒട്ടും തന്നെ തുമ്പില്ല എന്നു പ്രത്യക്ഷം.

അതുകൊണ്ടു ഇതിനെ വായിക്കുന്ന പ്രിയന്മാരെ! ഈവക മു ഹൂർത്തഫലങ്ങളെ കുറിച്ചു അല്പം ആലോചിച്ചു നോക്കെണം എ ന്നു താല്പൎയ്യപ്പെട്ടു അപേക്ഷിക്കുന്നു. നിങ്ങൾ പിള്ളർകളിയിൽനി ന്നു തെററി പുരുഷത്വം എന്നുള്ളതു ചാടിക്കളയാതെ ഗൌരവ പൌ രുഷമുള്ളവരായി ചമഞ്ഞു, ഇല്ലന്നിറ എന്നതു. വല്ലന്നിറയാകുന്ന തല്ലാതെ, മറെറാന്നുമല്ല എന്ന പഴഞ്ചൊല്ലോൎത്തു സമ്പന്ന ദരിദ്ര്യരാ യാലും ദൈവേഷ്ടം എന്നു ഓൎത്തു അടങ്ങി ഈ അനന്ത ഭാഗ്യമുള്ള ജീവകാലത്തെ കളിക്കോപ്പാക്കി തീൎക്കാതെ സ്വൎഗ്ഗരാജ്യത്തെ സമ്പാ

ദിക്കേണ്ടതിന്നു ആയുധം ആക്കേണ്ടതു. അല്ലാഞ്ഞാൽ നരകഫലം. ഗുരുക്കൾക്കു കൊടുക്കേണ്ടതു ചക്കര തിന്നാൽ പലിശെക്കു കൊള്ളുന്നതു പുറത്ത്, എന്ന പഴഞ്ചൊൽ ഓൎത്തു കൊള്ളേണമെ.

## ൯. പുത്തരി മുഹൂൎത്തം.

പുത്തരി എന്നതു രണ്ടു വിധമുള്ളതിൽ ഒന്നാമത്തതിന്നു ചെറുപുത്തരി എന്നും കുഞ്ഞിപ്പുത്തരി എന്നും ആഗ്ലോണ പുത്തരി എന്നും പറയുന്നതിൽ ശരിയായ അൎത്ഥവാചി നോക്കിയാൽ തൊലിച്ചുപുത്തരി എന്ന പേർ പ്രധാനയോഗ്യമുള്ളതു; കാരണം മേല്പറഞ്ഞ മുഹൂൎത്ത ദിവസത്തിൽ ഓരൊ വീട്ടുകാർ വിളഭൂമികളിൽ ചെന്നു കൊണ്ടുവന്ന കതിരുകളിലെ നെന്മണികൾ നഖം കൊണ്ടു തൊലിച്ചു തൊലികളഞ്ഞു ഇറന്നു എടുത്തു അരിമണി വെല്ലം തേൻ വാഴപ്പഴം പഞ്ചസാരപ്പൊടി പശുവിൻനെയി ഈ വക എല്ലാം കൂട്ടിക്കുഴച്ചു, വീട്ടിലെ ആൾ ഒന്നക്ക് ഓരോ വീതപ്രകാരം കണ്ടു ചമെച്ചുണ്ടാക്കിയ ഗുളികകളിന്മേൽ മുൻപറഞ്ഞ അരിമണി പതിനൊന്നൊ ഒമ്പതൊ ഏഴൊ അഞ്ചൊ ഇങ്ങിനെ ഒററ സംഖ്യപ്രകാരം ഓരോ ഗുളികകളിന്മേലും വെച്ചു, ഗുളികകൾ വാഴയിലയിലും വെച്ചശേഷം കുളിച്ചു ചന്ദനക്കുറി വലിച്ചു വീട്ടിലേവരും ക്ഷണിച്ചവരും ഒക്കത്തക്ക പലക വെച്ചിലവളഞ്ഞിരുന്നു ഭക്ത്യാന്നപൂൎണ്ണസ്മരണ ചെയ്തു പിന്നെ, ഓരോ ഗുളിക എടുത്തു വിഴുങ്ങി, ഇഞ്ചി, നാരങ്ങ, അച്ചാർ, പച്ചവള്ളി, മുളക ഇത്യാദി കറികൾ കടിച്ചും ചവെച്ചുംതിന്നു തൊട്ടുനക്കയും ചെയ്തുശേഷം പഴയ അരികൊണ്ടുണ്ടാക്കിയ ചക്കരച്ചോറ് എന്ന പായസം മേല്പറഞ്ഞ കറികളും കൂട്ടി മട്ടപ്പോളം തിന്നു. പിന്നെ വെറുഞ്ചോറ് എന്ന വെള്ളച്ചോർ തകരക്കറി പുത്തരിക്കു കറിസാധനമാകയാൽ പുത്തരിച്ചുണ്ട എന്നു ചൊൽക്കൊണ്ട ചുണ്ടങ്ങാക്കറിയും മററു പലവിധകറികളോട്ടും കൂടെ പുറവും വയറാക്കി; കൎക്കടമാസത്തിൽ പട്ടിണി കിടന്നതു പുത്തരി ഉണ്ണുമ്പോൾ മറന്നുപൊം എന്ന പഴഞ്ചൊല്ലിൻ പ്രകാരം ഏകദേശം വീൎപ്പു മുട്ടാറാവോളം വാരി തിന്നുന്നതത്രെ.

രണ്ടാമതിന്നു വലിയ പുത്തരി എന്നും മറുപുത്തരി എന്നും ചൊല്ലുന്നു. ഇതു കൊയിത്തു കാലത്തെ പുത്തരി; അതിന്നു പുതിയ നെല്ലു വേലി ഏററസമയത്തിൽ കൊണ്ടുവന്നു പുഴുങ്ങി കുത്തി അരി ആക്കി മുഹൂൎത്ത ദിവസത്തിൽ ചക്കരച്ചോറായിട്ടും നടപ്പുള്ള വെള്ള

ച്ചോറായിട്ടും അപ്പത്തരങ്ങളായിട്ടും ഉണ്ടാക്കിയ ശേഷം നൽക്കറി നാലും ഒന്നാം പുത്തരിക്കുള്ള സംഭാരങ്ങളും കൂട്ടി വീട്ടുകാരും അവരാൽ വിളിക്കപ്പെട്ട ഇണങ്ങരും സ്നേഹ സ്നേഹിതന്മാരും ഒക്കത്തക്ക ഒത്തൊരുമിച്ചു ഭക്ത്യാന്നപൂൎണ്ണസ്മരണചെയ്തു ഉണ്ടു, വെററിലമുറുക്കി വെടിയും പറഞ്ഞു, മേപ്പടി പഴഞ്ചൊല്ലും നിവൃത്തിയാക്കുന്നതത്രെ.

എന്നാൽ ഈ മുഹൂൎത്ത ദിവസം ഭക്ത്യാന്നപൂൎണ്ണസ്മരണചെയ്തു പുത്തരിച്ചോർ ഉണ്ടാൽ ആ വത്സരം മുഴുവനും വയററിന്നു യാതൊരു മുടക്കവും പട്ടിണിയും കൂടാതെ, എല്ലാ ദിവസങ്ങളിലും തൃപ്തന്മാരായിരിക്കും എന്നു മാത്രമല്ല; വിശപ്പെന്നുള്ളതു എന്തെന്നു അറികപോലും ഉണ്ടാകയില്ല. ഇപ്പറഞ്ഞതു സത്യമായാൽ മൃഷ്ടാന്നം കൂടാതെ പട്ടിണിയിട്ടു വലഞ്ഞു എട്ടു ദിക്കിലും ചെന്നു ഭിക്ഷ കൊള്ളുന്ന അനേകം പേരെ ചോനകരിലും മലയാളികളിലും കാണ്മാനുള്ളതു പുതിയ ധാന്യം മുഹൂൎത്തദിവസങ്ങളിൽ തിന്നാഞ്ഞിട്ടു വന്നുവൊ? ഏകദേശം ൧൨ സംവത്സരത്തോളമായല്ലൊ ഈ രാജ്യങ്ങളിൽ ക്ഷാമം പിടിപ്പെട്ടു തുടങ്ങിയതിൽ ൧൰൪൧, ൧൰൪൨ പാതിയോളവും ക്ഷാമം പരക്കെ പററി, എത്രയൊ വീട്ടുകാർ കാതിലേതും കഴുത്തിലേതുമായ ആഭരണങ്ങൾ കൂടാതെ പകന്നു കുടിക്കുന്ന ഓട്ടുകിണ്ണമാദിയായിട്ടും വിററു തിന്നതല്ലാതെ, പണ്ടൊരുനാളും തിന്നാത്ത കാട്ടും പടലും കൂടെ പറിച്ചു പുഴുങ്ങി തിന്നേണ്ടതിന്നും സംഗതി വന്നതു മുഹൂൎത്തഫലം തന്നെയോ? അഥവാ മുഹൂൎത്തം സത്യം എന്നു വന്നാൽ ഈ വക ദരിദ്ര്യബാധ നീക്കേണ്ടതിന്നു മുഹൂൎത്തം കൊണ്ടും മുഹൂൎത്തഫലശ്രുതികൊണ്ടും കഴിവുണ്ടാം എന്നു സ്പഷ്ടമായി വിളങ്ങുന്നുണ്ടു.

ക്ഷാമം, വസന്തവ്യാധി, യുദ്ധം മുതലായ സങ്കടങ്ങൾ പാപഫലമത്രെ. സത്യദൈവത്തിന്റെ സത്യമൊഴിയും വഴിയും കേട്ടറിയും തോറും നിങ്ങൾ പഴയ പൈശാചിക കള്ളമൊഴിയും വഴിയും വിട്ടുകളയാതെ ഇരിക്കുന്നതു ദൈവത്തിന്റെ നേരെ മത്സരവും സ്വന്ത ആത്മാക്കളുടെ നാശവും ആകകൊണ്ടു ആവക പിശാചിന്റെ തുമ്പുകെട്ട കുരുട്ടു വഴികളെ വിട്ടുകളഞ്ഞു മനം തിരിഞ്ഞു ദൈവവഴിയിൽ നടന്നു, ദൈവപ്രസാദം വരുത്തി, ആത്മരക്ഷയുടെ അവകാശികളും ദൈവമക്കളുമായി തീരേണ്ടതിന്നത്രെ. എന്നാൽ പ്രിയന്മാരെ! ഈവക ബാധ രാജ്യത്തിൽ പുക്കു ഇടവലക്കാർ മാംസം കൂടാതെ എല്ലുന്തോലുമായി നഷ്ടി പിടിപ്പെട്ടു മെലിഞ്ഞു വലഞ്ഞു നട

പ്പതും ഇടവും വലവും ശവങ്ങൾ വീഴുന്നതും കണ്ടാൽ നിങ്ങളെ കല്ലായുള്ള ഹൃദയത്തിന്നു മാററം വരാതെയും മനം തിരിയാതെയും ഇരുന്നാൽ, വന്നതല്ല; വരുവാനുള്ളതത്രെ അന്തമില്ലാത്ത വ്യസനം എന്നു കരുതിക്കൊൾവിൻ.

## ൫. വേൾവി മുഹൂൎത്തം.

ഒരു പെണ്ണിനെ ഒരു പുരുഷൻ ഭാൎയ്യയായി കൈക്കൊള്ളുന്നതിന്നു വേൾവി, വിവാഹം, പാണിഗ്രഹണം, കല്യാണം, പെൺകെട്ടു, പരിഷം ചെയ്ക, പുടവമുറി എന്നും മററും ചൊല്ലുന്നു. അതു നല്ല മുഹൂൎത്തകാലത്തിൽ ചെയ്താൽ ദൈൎഘ്യമംഗല്യവും ദീൎഘായുരാരോഗ്യാദിസമ്പന്നരായി പൂൎണ്ണായുസ്സുകളായി ഐശ്വൎയ്യാദി ഗുണങ്ങളും മഹാസമ്പത്സമൃദ്ധിയുള്ളവരുമായി ആലയും കാലിയും സ്ഥാനവും തറവാടും തളിൎത്തു വൎദ്ധിച്ചു ലോകവിശ്രുതന്മാരായിരിക്കുന്നതല്ലാതെ മററും അനേക ഭാഗ്യാനുഭവങ്ങളും ഉണ്ടാകും എന്നുള്ള മുഹൂൎത്തഫലശ്രുതികൊണ്ടു ചിന്തിച്ചാൽ, എല്ലാ ജാതിക്കാരെക്കാളും മുഹൂൎത്തസൂക്ഷ്മം ചിന്തിപ്പതു വേൾവിക്കാരാകുന്നതിൽ ബ്രാഹ്മണർ എന്നു പേർ മാത്രം ധരിച്ച ജാതിക്കാരാകുന്നു. എന്നാൽ അകായിലുള്ളവരും പട്ടന്മാരാകുന്ന കുശല വ്യാപാര ജാതികളിൽ എത്രയൊ അധികം അമ്യാരും കൊങ്കണ വ്യാപാര ജാതികളിൽ കണക്കേറും സ്ത്രീകളും കഴുത്തററ് കുടിയമ്മമാരായിട്ടും മുടി ചിരച്ചു മുണ്ടിച്ചികളായിട്ടും കാണ്മാനുള്ളതിന്നും സംഗതി മുഹൂൎത്തഫലം തന്നെയോ?

ഈ വകക്കാരെ പുരുഷന്മാൎക്കു കണികാണ്മാൻ പോലും നികൃഷ്ടമാർ എന്നും ഇല്ലം മന മഠങ്ങളിലുള്ള ഉടയവർ തന്നെ മുണ്ടിച്ചി മൂതേവി, ചണ്ഡാളി എന്നും മററും ദൂഷണ നാമങ്ങൾ ശകാരങ്ങളും കേൾക്കയിൽ ജീവിച്ചിരുന്നതു മതി എന്നു വെച്ചും പൂൎവ്വ ജന്മപാപഫലാനുഭവം എന്നു വെച്ചും ഈ ജന്മം ഇങ്ങിനെ ആയല്ലോ. ഇനിയത്തെ ജന്മത്തിൽ എങ്കിലും പുരുഷനോടു കൂട ഇരിപ്പാൻ കഴിവുണ്ടാവാൻ പാപമൊടുക്കേണം എന്നും വെച്ചു, സുബ്രഹ്മണ്യം മുതലായ അമ്പലങ്ങളിൽ മുണ്ടിയുരുണ്ടു മുട്ടും ചിരട്ടയും പൊട്ടി ചോര ഒഴകി വായിലും മൂക്കിലും നിന്നു ഞോള ചാടി ബോധം കെട്ടു കിടന്നെടുത്തുനിന്നു ശവം കൊണ്ടുപോമ്പോലെ എടുത്തിഴെച്ചു കൊണ്ടുപോവതും ഐയ്യോ! എന്തൊരു മഹാ സങ്കടം.

പിന്നെ പട്ടന്മാർ എന്ന് പ്രസിദ്ധന്മാരാകുന്ന പരദേശീയ

ബ്രാഹ്മണർ ഒമ്പതു പത്തു വയസ്സാകുമ്പോൾ തന്നെ ആണ്ണ്പെൺകുട്ടികളെ വേൾപ്പിപ്പതും കന്യാകാലത്തിൽ തന്നെ വൈധവ്യദുഃഖം പിടിപ്പെട്ടിട്ടു അധികം കാലത്തോളം ഇരുന്നു മരിപ്പതും വിചാരിച്ചാൽ മുഹൂർത്തം അത്യന്തം കളവു എന്നും, സ്ത്രീ മരിച്ചാൽ പുരുഷന്നു വേൾക്കാം എന്നും സ്ത്രീക്കു വേട്ടു കൂടാ എന്നും നിശ്ചയിപ്പാൻ ഇടയുള്ളതല്ലാതെ, ഈ വ്യവസ്ഥയെ വരുത്തിയതു ദൈവമല്ല സ്ത്രീകളുമല്ല; പിശാചും അവന്റെ അനുസാരികളായ നാട്ടുകാരുമാകയാൽ സ്ത്രീകളെ ചുട്ടു നിരുപ്പിക്കുന്നതിന്നു അവർ തന്നെ സത്യ ദൈവത്തിൻ സന്നിധിക്കു മുമ്പാകെ കണക്കു ബോധിപ്പിക്കേണ്ടി വരും.

ചിലർ പുത്രസന്തതി ഇല്ലാതെ ഖേദിപ്പതും, രണ്ടു മൂന്നു സ്ത്രീകളെ വേട്ടിട്ടും ഇല്ലം പൊളിച്ചു പണിതിട്ടും ആണ്മക്കളുണ്ടാവാൻ അനേകം സൽക്രിയകളെ ചെയ്കിട്ടും അഥവാ കൊതിച്ചുണ്ടാകുന്നതു ചത്തു പോയിട്ടും കാണുന്നതും ഉള്ളതല്ലാതെ, ചിലർ കുഞ്ഞങ്ങളെ വേൾപ്പിപ്പാനും ഉപനയിപ്പിപ്പാനും നിർവ്വാഹം ഇല്ലാതെ ഊരും നാടും മണ്ടി തെണ്ടി ഭിക്ഷ യാചിപ്പതും ചിലർ ഹീനജാതിസംസർഗ്ഗത്താൽ ജാതിഭ്രംശം വരുന്നതും സൎക്കാരിൽനിന്നു വിരോധിച്ചു ഉടന്തടി ഏററത്തിൽ അവീൻ കഞ്ചാവു മുതലായ മദമദ്യസാധനങ്ങളെ കൊടുത്തു മതിമറന്നു ചാഞ്ചാടിച്ചു കൊല്ലിപ്പതും മുഹൂർത്തഫലം തന്നെയോ?

പിന്നെ തീയർ നായർ മുതലായ അന്തരജാതികളും ഏറക്കുറയ എട്ടു പത്തു മക്കളോളം ഉണ്ടായാലും ആ വക സ്ത്രീകളെ ഉപേക്ഷിപ്പതും ചിലർ ഉപേക്ഷിച്ചവളെ അന്യ പുരുഷൻ വരിച്ചു അവനും ഉപേക്ഷിച്ചാൽ മുമ്പുപേക്ഷിച്ചവൻ തന്നെ ഇപ്പടി രണ്ടു മൂന്നുടു കൈക്കൊൾവതും ദമ്പതിമാർ തമ്മിൽ അത്യാപത്തു വരുത്തുന്ന അടിപിടി, കലശൽ, പോലീസ്സു, കുലപാതകം, വിഷംകൊടുക്ക, അന്യപുരുഷസംഗം, ബാധകളെ കയററുക, ഭ്രാന്തു പിടിപ്പിക്ക, പരസ്ത്രീസേവ, അതിൽ സ്ത്രീദാസനായി വിവാഹസ്ത്രീയെയും മക്കളെയും ചിന്തിയാതെയും പൊരുതികളെ കൊടുക്കാതെയും ദുഃഖിപ്പിച്ചു, അലഞ്ഞു വലഞ്ഞു നടത്തുക, ആ വക മക്കളെ സ്ത്രീകൾ അല്പ വിലെക്കു വില്ക്കുക, ചില സ്ത്രീകൾ ദരിദ്ര്യസങ്കടം സഹിയാഞ്ഞിട്ടു മക്കളെ കൊന്നുകളക, മക്കൾ അമ്മയപ്പന്മാർ ഇല്ലാതെ ഉഴന്നു പോക, ഉണ്ടായ മക്കൾ ഒക്കെ ചത്തും കെട്ടും പോക, മക്കളെക്കൊണ്ടു കൎമ്മത്തിന്നുതകാതെ പോക, മക്കൾ അമ്മയപ്പന്മാരെ പ്രാവുക, ശപിക്ക, നെഞ്ഞിന്നു നെരെ കാലുയൎത്തുക, വീട്ടു മുതൽ കട്ടും കവൎന്നും വേശ്യമാൎക്കു

കൊടുക്കയും ആ വകക്കാരെകൊണ്ടു അമ്മയപ്പന്മാരെ ശകാരിപ്പിക്ക, ഒടിപൊളിമൈമരണാദികളെ ചെയ്യും ചെയ്യിച്ചും, അമ്മയപ്പന്മാരെ കൊല്ലിക്ക, കട്ടിട്ടു കൊത്തിപ്പോക, ചില സ്ത്രീകളെ നല്ല മുഹൂൎത്തകാലത്തിൽ ഒമ്പതൊ പതിനൊന്നൊ വയസ്സിൽ തന്നെ കെട്ടി ഉടുപ്പിച്ചു ഇല്ലത്തു കൊണ്ടുവന്നു ആററലോടെ പോററി തീററി ആളാക്കി തലയും മുലയും വന്ന പിന്നെ അന്യൻെറ പിന്നാലെ പോയ്ക്കളക, ഇതൊക്കയും ഉണ്ടാകുന്നതു മുഹൂൎത്തഫലം തന്നെയോ?

രാശിപ്പൊരുത്തം, രാശ്യധിപപ്പൊരുത്തം, വശ്യപ്പൊരുത്തം, മാഹെന്ദ്രപ്പൊരുത്തം, യോനിപ്പൊരുത്തം, ഗണപ്പൊരുത്തം, ദിനപ്പൊരുത്തം, സ്ത്രീദീൎഘപ്പൊരുത്തം, വൎണ്ണപ്പൊരുത്തം, ഗോത്രപ്പൊരുത്തം, പക്ഷിപ്പൊരുത്തം, മൃഗപ്പൊരുത്തം, വേധപ്പൊരുത്തം, ഭൂതപ്പൊരുത്തം, ചരട്ടപ്പൊരുത്തം, മനഃപൊരുത്തം, വയഃപൊരുത്തം, അഷ്ടകവൎഗ്ഗപ്പൊരുത്തം ഇത്യാദി അനേകം പൊരുത്തങ്ങളെയും സൂക്ഷ്മംവരുത്തീട്ടല്ലൊ വിവാഹം ചെയ്യുന്നത്. അതിൻെറ ഫലം എവിടെ? എന്നാൽ മുഹൂൎത്തങ്ങളും പൊരുത്തങ്ങളും ഒട്ടും വിചാരിയാത്ത ജാതികളിൽ മുഹൂൎത്തപ്പൊരുത്തങ്ങളിലും പറഞ്ഞതിനേക്കാൾ ഫലസിദ്ധി കാണുന്നതു ചിന്തിച്ചാൽ നാണം തൊന്നാത്തതു അതിശയം എന്നു പറവാനുള്ളു.

എന്നാൽ പ്രിയന്മാരെ! നിങ്ങൾ മുഹൂൎത്താദി ശുഭാശുഭനിമിത്തങ്ങൾ നോക്കി, സുഖത്തെ കാംക്ഷിക്കുന്തോറും ദുഃഖാനുഭവങ്ങൾക്കു ആധിക്യത കാണുന്നതിൻ സംഗതി അന്ധകാരം തിങ്ങി വിങ്ങി നിറഞ്ഞ ഈ ലോകത്തിൽ യാതൊരു സൃഷ്ടികൾ ജ്ഞാനങ്ങൾ ഇവററെ കൊണ്ടു ഇല്ലായ്മയാക്കുവാനൊ മറെച്ചു വെപ്പാനൊ കഴിവില്ലാത്ത സത്യവെളിച്ചമായി പരമരഹസ്യമായി നീതിസൂൎയ്യനായിരിക്കുന്ന യേശു ക്രിസ്തുൻെറ സുവിശേഷം ഭൂതലമെല്ലാടവും ഉദിച്ചു ചുടരോടെ വിളങ്ങീട്ടും, അതിൽ നടക്കാത്തതും വെളിച്ചമക്കളായി തീരാത്തതും ലോകപ്രവൃത്തികൾ അതിദോഷമുള്ളവ ആകയാൽ അതിലെക്കു അതിതാല്പൎയ്യോത്സാഹാദികൾ പൊങ്ങി ആയ്തു അന്യോന്യം ഊതിക്കത്തിക്കയാലും ഒക്കത്തക്കവെ വെളിച്ചത്തെ പകച്ചു ഇരുളിനെ സ്നേഹിക്കയാൽ ആയവരുടെ മേൽ വന്നു കഴിഞ്ഞ ന്യായവിധിവശാലുള്ള ശിക്ഷ സഫലാനുഭവുമായി വന്നിട്ടെങ്കിലും മേല്പറഞ്ഞ മുഹൂൎത്താദികളുടെ നിഷ്ഫലത മുതലായ പ്രത്യക്ഷ ശിക്ഷകളെ

കൊണ്ടു വിചാരിക്കേണ്ടതു. അവർ ദൈവപുത്രനാകുന്ന യേശുക്രിസ്തുന്റെ നാമത്തിൽ വിശ്വസിക്കായ്കകൊണ്ടു ന്യായവിധി വന്നു കഴിഞ്ഞു എന്നു സ്പഷ്ടം.

---

## കാലാംശവൎണ്ണനം.

ഏതു രാജ്യക്കാരും സൂൎയ്യന്റെ സഞ്ചാരം നോക്കീട്ടു കാലഭേദങ്ങളെ ഗണിച്ചു വരുന്നുവല്ലൊ. സൂൎയ്യോദയം മുതൽ അസ്തമാനപൎയ്യന്തമുള്ള കാലത്തിന്നു പകൽ എന്നും അസ്തമാനം തുടങ്ങി ഉദയം വരെയുള്ള കാലത്തിന്നു രാവ് എന്നും ചൊല്ലുന്നു. ഇങ്ങിനെ ഉദയം തുടങ്ങി ഉദയം വരെയും ചെല്ലുന്ന സമയം ഒരു രാപ്പകൽ അത്രെ. പിന്നെ ഒരു നക്ഷത്രം ഉച്ചവൃത്തം വിട്ടു ചുററി വിട്ട ഇടം പിന്നെയും ചേരുന്ന സമയത്തിന്നു നക്ഷത്രകാലം എന്നു ചൊല്ലുന്നു. അതു ഒരിക്കലും ഭേദിച്ചു പോകയില്ല; എങ്കിലും സൂൎയ്യൻ തന്റെ അയനത്തിൽ ചുററി നടക്കനിമിത്തം ഇന്നു സൂൎയ്യനും വല്ല നക്ഷത്രത്തിന്നും നേരെ കീഴിൽ ഇരിക്കുന്ന ഭൂപ്രദേശം നാളെ സൂൎയ്യന്നു നേരെ എത്തുന്നതിന്നു മുമ്പെ നക്ഷത്രത്തെ കടന്നു പോകുന്നതുകൊണ്ടു രാപ്പകൽ നിത്യം ഭേദിച്ചു പോകുന്നു.

ഒരു നക്ഷത്ര രാപ്പകലിന്നു ൨൩ മണിക്കൂറും ൫൬ നിമിഷവും ചെല്ലുന്നു. ആ കാലത്തിനകം ജ്യോതിൎഗ്ഗോളങ്ങൾ എല്ലാം ഒരു പ്രദക്ഷിണം ചെയ്തു വരുന്നു. ഒരു രാപ്പകലിന്നു ൨൪ മണിക്കൂറെയുള്ളൂ. എന്നാൽ സൂൎയ്യൻ തന്റെ അയനത്തിൽ ഒരു പോലെ നടക്കായ്കകൊണ്ടു ഒർ ഉദയം പിറെറ ഉദയം വരെയും നേരം അല്പാല്പം തെററിപ്പോകുന്നു. എങ്ങിനെ എന്നാൽ സൂൎയ്യച്ഛായ ഘടികാരപലകയിൽ പന്ത്രണ്ടാം മണിനേരത്തിന്റെ വരയിൽ നില്ക്കുമ്പോൾ ൧൨ മണി തന്നെ ആകുന്നു എന്നു വിചാരിക്ക. എന്നാൽ പിറെറ ദിവസത്തിൽ സൂൎയ്യച്ഛായ തിരികെ ആ വരയിൽ തന്നെ പതിക്കുമ്പോൾ ൧൨ മണി ശരിയായിരിക്കയില്ല, അതാത് കാലത്തിന്നു തക്കവണ്ണം ചില നിമിഷം അധികമൊ കുറച്ചമൊ ഉണ്ടാകും. ഓരൊ രാപ്പകലിന്നും ഈരണ്ടു നിമിഷം വ്യത്യാസം കാണും. ഒരു വൎഷത്തിൽ ഘടികാരവും ആ പലകയും നാലുവട്ടം തമ്മിൽ ഒത്തുവരും. സൂൎയ്യൻ ചുററിക്കൊണ്ടു പ്രദക്ഷിണം തികെക്കുമ്പൊൾ ഒരു രാപ്പകൽ തികെച്ചു വരുന്നപ്രകാരം സൂൎയ്യൻ തന്റെ പാതയുടെ ഒരിടം വിട്ടു, ആ ഇടത്തിലേക്കു തിരികെ ചെന്നെത്തുമ്പോൾ ഒരു സംവത്സരം തികെച്ചുവന്നു.

വൎഷത്തിൽ രണ്ടു അയനങ്ങൾ ഉണ്ടാകയാൽ അയനവൎഷം എന്നും പറയാം.

൩൬൫ രാപ്പകലും ൫ മണിക്കൂറും ൪൮ വിനാഴികയും ആകുന്ന മുന്നൂറ്ററുപത്തഞ്ചേകാൽ രാപ്പകൽ ഒരു സൂൎയ്യവൎഷമാകുന്നു. സാധാരണ വൎഷത്തിന്നു ൩൬൫ രാപ്പകലെയുള്ളു എങ്കിലും ഓരോ ആണ്ടിന്നു കാക്കാൽ ദിവസം ഏറുകകൊണ്ടു ൪൦൦ സംവത്സരങ്ങളിൽ മൂന്നു മാസം വ്യത്യാസം ഉണ്ടാകും. ഇങ്ങിനെയുള്ള വ്യത്യാസം ഒപ്പിപ്പാൻ വേണ്ടി യൂലിയൻ ചക്രവൎത്തിയുടെ കാലത്തിൽ ഗണിതക്കാർ കൂടി നിരൂപിച്ചു, ഒർ ആണ്ടിന്നു ൩൬൫ രാപ്പകലും ൬ മണിക്കൂറും കല്പിച്ചു. നന്നാലുവൎഷം ചെല്ലുമ്പോൾ ഒരു രാപ്പകൽ ഏറുകകൊണ്ടു നാലാം വൎഷത്തിന്നു ൩൬൬ രാപ്പകൽ കൂട്ടി പെരുംവൎഷം എന്നു പേർ ചൊല്ലി, ഫിബ്രുവരിമാസത്തിന്നു സാധാരണ വൎഷത്തിൽ ൨൮ തിയ്യതികൾ മാത്രമിരിക്കെ പെരുംവൎഷത്തിൽ ആ മാസത്തിന്നു ൨൯ തിയ്യതികളെ ചേൎത്തു. ഇതിന്നു യൂലിയ പഞ്ചാംഗക്രമം എന്നു ചൊല്ലുന്നു.

എന്നാൽ ഒരു സൂൎയ്യവൎഷത്തിന്നു ൩൬൫ രാപ്പകലും ൫ മണിക്കൂറും ൪൮ വിനാഴികയും മാത്രം ഉണ്ടാകകൊണ്ടു മേല്പറഞ്ഞ യൂലിയപഞ്ചാംഗക്രമപ്രകാരം ഒർ ആണ്ടിന്നു മുന്നൂറ്ററുപത്തഞ്ചേകാൽ രാപ്പകൽ വെച്ചതിനാൽ ഓരോ ആണ്ടിന്നു ൧൨ വിനാഴിക അധികം ചെന്നു. അതുകൊണ്ടു ൧൫൮൨ മാൎച്ചുമാസം ൨൧ാം തിയ്യതിക്കു വരെണ്ടിയിരുന്ന വിഷുപത്ത ആ മാസത്തിന്റെ ൧൧ാം തിയ്യതിക്കു തന്നെ വരികയാൽ ക്രിസ്തുവിന്റെ മുമ്പെ ൪൬ ആകുന്ന യൂലിയൻ ചക്രവൎത്തിയുടെ കാലം തുടങ്ങി ക്രിസ്ത്വാബ്ദം ൧൫൮൨ ആകുന്ന പതിമൂന്നാം ഗ്രെഗോർ പാപ്പാവിന്റെ കാലത്തോളം പത്തു ദിവസം വ്യത്യാസം വന്നു. ഈ കുറ്റം തീൎക്കേണ്ടതിന്നു ഗ്രെഗോർ പാപ്പാ ൧൫൮൨ാമതിൽ ഗണിതക്കാരെ വിളിച്ചു ആയാണ്ടിന്റെ ഒക്തോബർ മാസം ൫ാം തിയ്യതിയെ ൧൫ാം തിയ്യതി ആക്കി കല്പിച്ചു വിഷുപത്ത മാൎച്ചുമാസം ൨൧ാം തിയ്യതിക്കു വരുവാൻ സംഗതി വരുത്തി. പിന്നെയും വ്യത്യാസം വരാതിരിക്കേണ്ടതിന്നു ൧൭൦൦, ൧൮൦൦, ൧൯൦൦ എന്നീ പെരുംവൎഷങ്ങളെ സാധാരണ വൎഷങ്ങളാക്കി മാറ്റുകയും ചെയ്തു. ഈ ക്രമപ്രകാരം ഗണിച്ചാൽ ൨൦,൦൦൦ സംവത്സരങ്ങൾ കൊണ്ടു ഒരു ദിവസം മാത്രമെ വ്യത്യാസം ഉണ്ടാകും. ഈ പഞ്ചാംഗക്രമത്തിന്നു പുതിയ നിൎണ്ണയം എന്നും മേല്പറഞ്ഞ യൂലിയ പഞ്ചാംഗക്രമത്തിന്നു പൂൎവ്വ നിൎണ്ണയം എന്നു ചൊല്ലുന്നു. രുസ്സർ

ഒഴികെ എല്ലാ വിലാത്തിജാതികൾ പുതിയ നിൎണ്ണയത്തെ തന്നെ പ്രമാണമാക്കി ഗണിച്ചു വരുന്നു.

മുഹമ്മദീയവൎഷം ക്രിസ്ത്വാബ്ദം ൬൨൨ ജൂലായി മാസം ൧൬ാം തിയ്യതി കൊണ്ടു തുടങ്ങുന്നു. ആ ദിവസത്തിൽ മുഹമ്മദനബി മക്കത്ത് വിട്ടു മെദീന നഗരത്തിലേക്കു ഓടി പോയി പാൎത്തതുകൊണ്ടു അതു മുഹമ്മദീയരുടെ പഞ്ചാംഗത്തിന്റെ ആരംഭം തന്നെ. അന്നു വെള്ളി ആഴ്ച ആകകൊണ്ടു വെള്ളിയും അവൎക്കു ആഴ്ചകളിൽ വിശേഷമുള്ളതാകുന്നു. മുഹമ്മദീയവൎഷത്തിന്നു ൧൨ ചന്ദ്രമാസമുള്ളതിൽ ആറിന്നു ൩൦, ൩൦ രാപ്പകലും ആറിന്നു ൨൯, ൨൯ രാപ്പകലും ഉണ്ടാകകൊണ്ടു ഒർ ആണ്ടിന്നു ൩൫൪ ദിവസമെയുള്ളു. എങ്കിലും രണ്ടു മൂന്നു വൎഷം ചെല്ലും തോറും ൩൫൫ രാപ്പകലുള്ളൊരു പെരുംവൎഷമുണ്ടാകും. കറുത്തവാവു കഴിഞ്ഞിട്ടു വെളുത്ത പക്ഷം കാണായ്വരുന്ന തിയ്യതി അവൎക്കു മാസത്തിന്റെ ൧ാം തിയ്യതി തന്നെ, അതു മിക്കതും ശുക്ലപക്ഷത്തിലെ പ്രതിപദമുള്ള തിഥിയത്രെ. എന്നാലൊ കൊല്ലം, മുഹമ്മദീയവൎഷം, ക്രിസ്ത്വാബ്ദം എന്നിവ ഒക്കയും ഒടുങ്ങിയ ശേഷം ഒരിക്കലും തീരാത്ത ദിവ്യവൎഷം തുടങ്ങും. ലോകവും അതിലുള്ളതു ഒക്കയും ഒഴിഞ്ഞുപോകും എങ്കിലും ദൈവേഷ്ടം ചെയ്യുന്നവൻ എന്നും ജീവിക്കും.

---

## പൂൎവ്വമൈമാൎഗ്ഗപാന.

### ൧. ലോകസൃഷ്ടി.

[കളപ്പാട്ടിന്റെ രീതിയിൽ പാടാം]

ആദ്യഹീനനായി തന്റെ ഹിതത്തി |
ന്നൊത്തവണ്ണമങ്ങെല്ലാററിനേയും ||
ചെയ്തീടുന്ന യഹോവ എന്നുള്ള |
ദൈവമങ്ങാദികാലത്തുതന്നെ ||
തന്നുടെ തിരുവാക്യശക്ത്യാ താൻ |
ഉണ്ടാക്കീടിനാൻ ലോകങ്ങളെയും ||
തച്ശക്തികൊണ്ടു തന്നെ അവയെ |
ഇപ്പോഴും വഹിച്ചിട്ടിരിക്കുന്നു ||
മൎത്ത്യജാതിയേയുമങ്ങവൎക്കു |
യോഗ്യമായുള്ള വാസഭൂവേയും ||
സൃഷ്ടിച്ചീടുക വേണമെന്നങ്ങു |

ചിത്തതാരിൽ നിനച്ചുടൻ ദൈവം ||
എല്ലാററെയും ക്ഷണത്തിലുണ്ടാക്കാ |
നുണ്ടു സാമൎത്ഥ്യമങ്ങിതെന്നാലും ||
സൃഷ്ടിതൻക്രമം സൎവ്വജനാനാം |
സ്പഷ്ടമായിട്ടറിവതിന്നായി ||
ആറു നാൾകൊണ്ടു ഭൂതലത്തെയും |
ആയതിൽ വസിച്ചീടുന്നവരെ ||
ഒക്കെയുമുളവാക്കിനാൻ ദൈവം |
എന്നു നന്നായറിഞ്ഞു കൊണ്ടാലും ||
അങ്ങിനെയുള്ള സൃഷ്ടികഥയി |
ന്നുണ്ണികൾക്കും വലിപ്പമുള്ളോൎക്കും ||
എന്നു വേണ്ടറിവുള്ളോൎക്കുമായ |
തില്ലാതോൎക്കു മറിവതിന്നായി ||
എത്രയും ചുരുക്കി പറയുന്നേൻ |
അത്ര തെല്ലു ചെവികൊടുത്തിട്ടു ||
കേൾക്കുന്നോൎക്കിന്നനുഗ്രഹമുണ്ടാം |
ആൎക്കെന്നാകിലുമില്ലകില്ലൊട്ടും ||
ദൈവാത്മാ താൻ ജലങ്ങൾക്കുമീതെ |
ആവസിച്ചിരിക്കുന്നൊരളവിൽ ||
ഉണ്ടാകേണം പ്രകാശമെന്നങ്ങു |
ചെമ്മെ കല്പിച്ചു ദൈവമന്നേരം ||
ഉണ്ടായോരു പ്രകാശത്തെയുമ |
ങ്ങന്ധകാരത്തെയും വേർ തിരിച്ചു ||
പിന്നെയായവററിന്നു പകലും |
രാത്രിയുമെന്നു പേരും വിളിച്ചു ||
രണ്ടാന്നാളൊരു തട്ടു ചമച്ചു |
ത്തട്ടിൻ കീഴിലും മേലിലുമായി ||
ഒന്നായ്നിന്നൊരു വെള്ളങ്ങളെയ |
ന്നെല്ലാം വെവ്വേറെയാക്കി ചമച്ചു ||
തട്ടിന്നാകാശമെന്നൊരു പേരു |
മിട്ടിതന്നങ്ങു ദൈവമമ്പോടെ ||
മൂന്നാം നാളങ്ങതിൻെറ കീഴ്മേവും |
വെള്ളങ്ങളൊരേടത്തൊരുമിച്ചു ||
അപ്പോഴങ്ങതിലെ താൻ പ്രദേശം |
ശില്പമായുണങ്ങി നിലമായി ||
പേരിട്ടിതങ്ങതിന്നു ഭൂവെന്നും |
മററെ വെള്ളത്തിനംബുധിയെന്നും ||
ഭൂമിതന്നിൽ തൃണങ്ങൾ വിത്തുള്ള |
സസ്യങ്ങളതു കൂടാതെ പിന്നെ ||

വിത്തുള്ള ഫലങ്ങളുളവാകും |
വൃക്ഷങ്ങളിവയെല്ലാം ചമച്ചു ||
നാലാന്നാൾ ദൈവമങ്ങു കാലത്തിൻ |
ഭേദത്തെയറിയിപ്പതിന്നായി ||
ആദിത്യൻ തന്നെയും ചന്ദ്രനെയും |
നക്ഷത്രങ്ങളേയുമുളവാക്കി ||
അഞ്ചാന്നാൾ ജലം തന്നിൽ നീന്തുന്ന |
സർവ്വകീടമത്സ്യാദികളാകും ||
ജന്തുക്കളെയുമാകാശമാൎഗ്ഗേ |
സഞ്ചരിക്കുന്ന പക്ഷികളെയും ||
അററമെന്ന്യെയനേക വിധമാ |
യ്യുററം കൂടാതെ കണ്ടുളവാക്കി ||
നിങ്ങൾ ഭൂസമുദ്രങ്ങൾ നിറവിൻ |
എന്നു നന്നായനുഗ്രഹം നല്കി ||
ആറാന്നാൾ ദൈവമങ്ങരണ്യത്തിൽ |
വാണീടുന്ന മൃഗങ്ങളും പിന്നെ ||
നാട്ടിലുള്ള നാല്ക്കാലികളാദി |
ജന്തുക്കളുമുളവാക എന്നു ||
കല്പിച്ചങ്ങുളവായതിൽ പിന്നെ |
കെല്പോടെ സമുദ്രത്തിൽ വസിക്കും ||
മത്സ്യങ്ങളെയുമാകാശമാൎഗ്ഗേ |
ചുററീടുന്നോരു പക്ഷികളെയും ||
മണ്ണിലങ്ങിഴയുന്നോരു ജന്തു |
വൃന്ദത്തേയുമതെന്നിയെ പിന്നെ ||
സർവ്വജന്തുക്കളേയുമടക്കി |
വാണുകൊള്ളുവാനായിട്ടിദാനീം ||
നമ്മുടെ രൂപതുല്യമായിതന്നെ |
ഉണ്ടാക്കേണം മനുഷ്യനെയെന്നു ||
നിശ്ചയിച്ചു മനുഷ്യദേഹത്തെ |
മണ്ണുകൊണ്ടു മനഞ്ഞുടൻ ദൈവം ||
ജീവാംശമുള്ള തൻെറ ശ്വാസത്തെ |
ആയതിൻ മൂക്കിലൂതീട്ടുടനെ ||
ജീവനുണ്ടാക്കിയങ്ങവന്തന്നെ |
ജീവാത്മാവാക്കി വെക്കയും ചെയ്തു ||
പിന്നെയങ്ങേദനെന്നൊരു തോട്ടം |
ഉണ്ടാക്കീട്ടവനെ യതിലാക്കി ||
ഭോജനത്തിന്നനേകങ്ങളായ |
സസ്യങ്ങൾ ഫലവൃക്ഷങ്ങളെല്ലാം ||
നല്കി പിന്നെയവന്നു താൻ ചെമ്മെ |

ഉണ്ടാക്കീട്ടുള്ള വസ്തുക്കളെല്ലാം ||
കാണിച്ചിട്ടിവകൾക്കു നീ തന്നെ |
പേരിട്ടീടേണമെന്നു കല്പിച്ചു ||
അങ്ങിനെ പേർ വിളിച്ചതിൽ പിന്നെ |
യങ്ങവൻ ജന്തുവൃന്ദത്തെയെല്ലാം ||
ആണും പെണ്ണുമായ്ക്കണ്ടിതെന്നാലും |
ആയതിൽ തനിക്കൊത്തോരിണയെ ||
കണ്ടീടായ്കയാലുണ്ടായ ശോകം |
കണ്ടാനായതു കൊണ്ടുടൻ ദൈവം ||
ഉണ്ടാക്കീടുകയാലന്നുറക്കം |
അന്നവനുറങ്ങുന്നൊരുനേരം ||
വാരിയെല്ലൊന്നവന്റെതെടുത്തി |
ട്ടായതിനോടു മാംസവും ചേൎത്തു ||
നിൎമ്മിച്ചങ്ങൊരു നാരിയെ ചെമ്മെ |
നല്കിയങ്ങവനായ്ക്കൊണ്ടവളെ ||
പിന്നെയങ്ങവൻ രണ്ടു പേരോടും |
നിങ്ങൾ വൎദ്ധിച്ചു ഭൂമിയെയെല്ലാം ||
നന്നായിട്ടങ്ങടക്കീടുവിനെ |
ന്നമ്പോടങ്ങരുൾ ചെയ്തുടൻ ദൈവം ||
നല്കിയങ്ങവൎക്കാശിസ്സിനേയും |
പിന്നെത്താൻ സൃഷ്ടി ചെയ്തതെല്ലാമെ ||
ചെമ്മെ നോക്കിയറിഞ്ഞവയെല്ലാം |
നന്നായ്വന്നിതിന്നെന്നവൻ കണ്ടു ||
ഏഴാം നാളിൽ പ്രവൃത്തിയിൽനിന്നു |
ചാലവെ താൻ നിവൃത്തനായ്വാണു ||
അന്നാൾ തന്നെയനുഗ്രഹിച്ചിട്ടു |
ഞാഴ്ചയിൽ നല്ലതെന്നു കല്പിച്ചു ||
അന്നാളങ്ങു ശനിയാഴ്ചയത്രെ |
ചൊല്ലീടുന്നിതതിന്നു നാമത്തെ ||
വിശ്രാമദിനമെന്നു മതെന്ന്യെ |
ശബ്ബത്തദിനമെന്നും ജനങ്ങൾ ||
ലോക സൃഷ്ടിതൻ വൃത്താന്തമെല്ലാം |
സത്യവേദം വിവരിക്കകൊണ്ടു ||
സത്യമത്രെയതെന്നു ഗ്രഹിച്ചു |
ചെറ്റും വ്യാജമെന്ന്യെ മനതാരിൽ ||
പുഷ്ടഭക്തിയോടും കൂടി നിത്യം |
സ്രഷ്ടാവായവനെ ഭജിച്ചാലും ||
÷ ഇതി ലോകസൃഷ്ടിവൃത്താന്തസ്സമാപ്തഃ ÷

## ൨. പാപോല്പത്തി.

[തുള്ളപ്പാട്ടിൻ രീതിയിൽ പാടാം]

ആദ്യന്മാരാം മാതൃപിതാക്കളു |
മൊട്ടും ദോഷമതെന്യെ തന്നെ ||
ദൈവത്തേയും സ്നേഹിച്ചവനുടെ |
കല്പനയെല്ലാം ശിരസിവഹിച്ചു ||
നഗ്നന്മാരായ്നാണവുമെന്യെ |
തോട്ടത്തിൽ പല വേലകൾ ചെയ്തു ||
അതു കാത്തുംകൊണ്ടതിലുളവാകും |
ഫലജാലങ്ങൾ ഭുജിച്ചുംകൊണ്ടു ||
മേവീടുന്നൊരു കാലത്തിങ്കൽ |
ദൈവം താനവിടെക്കെഴുന്നെള്ളി ||
തന്നിലവൎക്കുള്ളനുസരണത്തെ |
തെളിവിനൊടൊന്നു പരീക്ഷിപ്പാനായി ||
ശ്രേഷ്ഠതയുള്ളൊരു വൃക്ഷദ്വയമതു |
കാട്ടിപ്പരിചൊടു ചൊല്ലിക്കൊണ്ടു ||
അതിലൊന്നിന്നിഹ ജീവദ്രുമമെന്നു |
തിഗ്ഗുരുവായൊരു നാമവുമിട്ടു ||
ഇതിലുളവാം ഫലമശനം ചെയ്വോൎ |
ക്കൊരു കാലത്തും മരണവുമില്ല ||
ജീവിപ്പോരെന്നാശിസ്സിന്നെയും |
മോദത്തോടുടനങ്ങു കൊടുത്തു ||
മറെറത്തരുവിനു ഗുണദോഷജ്ഞത |
മതാകിയ വൃക്ഷമിതെന്നൊരു പേരും ||
കല്പിച്ചിട്ടതിലുണ്ടാം ഫലമതു |
ഭക്ഷിച്ചീടരുതെന്നും പിന്നെ ||
ഭക്ഷിച്ചീടുകിലുടനെ നിങ്ങൾ |
ക്കെത്തീടും മൃതിയെന്നും ചൊല്ലി ||
അവിടെ നിന്നെഴുന്നെള്ളി ദൈവം |
തെളിവോടായവരങ്ങുവസിച്ചു ||
അതു കാലത്തിൽ ദൈവവിരോധം |
പലതും ചെയ്തു പതിച്ചൊരു ദൂതൻ ||
നരരിപുസാത്താൻ കൌശലമോടെ |
ഭോഗീന്ദ്രാകൃതിപൂണ്ടങ്ങുടനെ ||
തോട്ടം തന്നിൽ ചെന്നുടനവിടെ |
പാൎത്തീടുന്നൊരു നാരീമണിയെ ||
ചെൎന്നൊരു കുതുകാൽ കണ്ടുടനവളൊടു |

ചോദ്യം ചെയ്യിതു നിങ്ങളുമിതിലെ ||
സകല തരുക്കളിൽനിന്നും കായ്കൾ |
ഹിതമൊടറുത്തു ഭുജിക്കരുതെന്ന് ||
ദൈവന്താനങ്ങളെപ്പൊഴെങ്കിലു |
മുണ്ടൊ നിങ്ങളൊടങ്ങുര ചെയ്തു ||
അതുകേട്ടാശു പറഞ്ഞിതു നാരി |
തെളിവൊടു ദൈവം ഞങ്ങളെ നോക്കി ||
അരുളിച്ചെയ്യിതു മുമ്പേതന്നെ |
കരുതിക്കൊള്ളുവിനിന്നീവാക്യം ||
ഇത്തോട്ടത്തിലിരിക്കും പലവക |
വൃക്ഷഗണങ്ങടെ മദ്ധ്യേ മരുവും ||
ഒരു ദ്രുമഫലമൊഴിച്ചിഹ നിങ്ങൾ |
ഭക്ഷിച്ചീടുവിനെല്ലാഫലവും ||
ഭക്ഷിക്കരുതതു പരമവിരോധം |
ശിക്ഷിച്ചവനുരചെയ്താനേവം ||
അത്തരുഫലമതു തിന്നാൽ നിങ്ങൾ |
ക്കെത്തും മരണം സംശയമെന്ന്യേ ||
അപ്പോഴങ്ങുരചെയ്തു പിശാചു |
മിതൊക്കെ ദൈവന്തൻചതിയത്രെ ||
ഭക്ഷിച്ചാകിൽ മരിക്കയുമില്ലതു |
കൊണ്ടു വിഷാദവുമുണ്ടാകേണ്ട ||
അതു ഭക്ഷിച്ചാലുണ്ടാമൊരുഗുണ |
മധുനാ പറയുന്നേനിഹ ഞാനും ||
ഭക്ഷിച്ചാകിൽ നിങ്ങടെ കണ്ണുകൾ |
തൽക്ഷണമങ്ങു തുറക്കുന്താനും ||
എന്നാൽ ഗുണദോഷങ്ങളെ എല്ലാം |
ഒന്നൊഴിയാതെയറിഞ്ഞിഹ നിങ്ങൾ ||
ദൈവത്തോടു സമാനന്മാരായി |
വരുമെന്നുള്ളതു ബോധിച്ചാലും ||
അതിനുകൊടുക്കരുതിടയെന്നുള്ളതു |
കരുതിക്കൊണ്ടിഹ ദൈവന്താനും ||
നിങ്ങളെയതിൽനിന്നങ്ങു നിഷേധി |
ച്ചെന്നതു നിങ്ങളറിഞ്ഞീടേണം ||
അതു കേട്ടുടനെ സീമന്തിനിയ |
ത്തരുവിൻ ഫലമതു കാഴ്ചക്കേററം ||
യോഗ്യമതെന്നും ഭക്ഷിച്ചാലതി |
രുചികരമെന്നുമതന്ന്യേ പിന്നെ ||
ബുദ്ധിക്കേററം വൃദ്ധികൊടുക്കും |
സിദ്ധൌഷധമിദ്രുമമെന്നോൎത്തു ||

തൽക്ഷണമങ്ങൊരു ഫലവുമറുത്തു।
ഭൎത്താവിന്നു കൊടുത്തവനോടും॥
ഭക്ഷിച്ചപ്പോളിരുവരുടെയും।
ചക്ഷു തുറന്നു ബോധിച്ചുടനെ॥
നഗ്നന്മാർ നാമെന്നവരപ്പോൾ।
ചിക്കനെയങ്ങുധരിച്ചു നേരം॥
പത്രങ്ങളുടൻ കൂട്ടി തുന്നിയ।
വസ്ത്രങ്ങളുമവരന്നു ധരിച്ചു॥
ദൈവമതായ യഹോവയുമപ്പോൾ।
ശോഭനമാകിയ തോട്ടത്തിങ്കൽ॥
കുളിരുളവായൊരു പകൽ സമയത്തിൽ।
തെളിവൊടു കൂടെ നടക്കുന്നേരം॥
ആദാമും തൻഭാൎയ്യയുമവനുടെ।
ശബ്ദം കേട്ടു നടുങ്ങി ഭ്രമിച്ചു॥
ദൈവമ്മുമ്പിൽ ചെല്ലാന്നാണിച്ചു।
വിടെയൊളിച്ചു തരുക്കൾ മറഞ്ഞു॥
അന്നേരത്തു യഹോവയുമാദാം।
തന്നെക്കാണാഞ്ഞിത്തരമരുളി॥
എവിടെ വസിക്കുന്നാദാമെ നീ।
അരികെ മമ വന്നാലും വേഗാൽ॥
അതു കേട്ടാദാമുടനുര ചെയ്തു।
ചെവിയിൽ പെട്ടിതു നിന്നുടെ വാക്യം॥
ആടകളിങ്ങില്ലായ്കനിമിത്തം।
നാണിച്ചവിടെ വരാതെയൊളിച്ചേൻ॥
അപ്പോഴാശു പറഞ്ഞിതു ദൈവം।
നഗ്നൻ നീയെന്നാരു പറഞ്ഞു॥
ഭക്ഷിച്ചീടരുതെന്നിഹ ഞാനും।
ശിക്ഷിച്ചങ്ങു വിരോധിച്ചുള്ളൊരു॥
വൃക്ഷത്തിൻ ഫലമങ്ങു ഭുജിച്ചി।
ട്ടിപ്പോഴിതു തവ വന്നു ഭവിച്ചു॥
ഇത്ഥം കേട്ടുളവാദാം നീ മമ।
തുണയായയമ്പൊടു നിൎമ്മിച്ചീടിന॥
തരുണി എനിക്കിതു തരികനിമിത്തം।
തരസാ ഭക്ഷിച്ചേനതു ഞാനും॥
ഉര ചെയ്തതു കേട്ടുടനെ ദൈവം।
തരുണിയൊടിങ്ങിനെ ചോദ്യം ചെയ്തു॥
എന്തൊരു കാൎയ്യം ചെയ്തിതു നീയും।
ചഞ്ചലമെന്ന്യെ ചൊല്ലീടേണം॥
അതു കേട്ടുടനെയുരച്ചന്നാരി।

ചതി പററിച്ചിസ്സൎപ്പവുമെന്നെ ||
അവനുടെ വാക്കതു സത്യമതെന്നോ |
ൎത്ഥശനം ചെയ്യേൻ ഫലമതു നാഥ ||
അപ്പോൾ ദൈവം സൎപ്പത്തോട |
ങ്ങിത്ഥം ചൊന്നാനിതിനാൽ നിന്നെ ||
മററു മൃഗങ്ങളിലേററവുമധികം |
ഇന്നു ശപിപ്പൻ ഞാനും പിന്നെ ||
നിന്നുടെ ജിവനമുള്ളന്നോളം |
മണ്ണിലിഴഞ്ഞു നടന്നുകൊണ്ടു ||
മണ്ണൊടിതിന്നും നിയുമതിന്ന |
ങ്ങന്തരമില്ലതു ബോധിച്ചാലും ||
അതു കൂടാതെ നിനക്കും നിന്നുടെ |
ചതിവചനത്തെ സത്യമിതെന്ന ||
കരളിൽ കരുതിന തരുണി മണിക്കും |
അതിയായുള്ളൊരു വൈരവുമുളവാം ||
ആയതു മെന്ന്യെ നിങ്ങളിൽ നിന്നങ്ങു |
ളവായിടും സന്തതികൾക്കും ||
തമ്മിൽശത്രുതയുണ്ടാമങ്ങതു |
ചെമ്മെ വൎദ്ധിച്ചിടും നാളിൽ ||
ഇവളുടെ സന്തതി കാലിൻകുതിയെ |
മടികൂടാതെ ചതച്ചിടും നി ||
അതിനവനും നിന്നുടെ തലയെ |
കുതിയതിനാലെ തന്നെ ചതക്കും ||
ഇങ്ങിനെ സൎപ്പത്തോടുരചെയ്തി |
ട്ടങ്ങത്തരുണിയൊടാശു പറഞ്ഞു ||
നിൻഗൎഭത്തിൻ ഭരണത്തേയും |
ദുഃഖത്തേയും വൎദ്ധിപ്പിപ്പൻ ||
അതിവേദനയും പൂണ്ടിഹനീയും |
തനയന്മാരെ പ്രസവിച്ചിടും ||
അതിനൊരു സംശയമില്ലതിനനുഭവം |
ഉടനെ തന്നെ അറിയാറാകും ||
നിൻെറ വാഞ്ചകളെല്ലാം നിന്നുടെ |
ഭൎത്താവിൻ വാക്യത്തിൻ കീഴാ ||
യ്വൎത്തിക്കും പുനരതുകൂടാതെ |
വാണിടുമവൻ നിന്നുടെ മേലെ ||
ആദാമോടഥ ചൊന്നാൻ ദൈവം |
നി നിന്തരുണിഗിരമതുകേട്ടു ||
എന്നുടെ വാക്കിനെ ലംഘിച്ചിട്ടു |
തരുവിൻ ഫലമതശിക്കുകയാലെ ||

നിൻെറ നിമിത്തം ഭൂമിതനിക്കും |
ഉണ്ടായ്വന്നിതു ശാപവുമിപ്പോൾ ||
ആയുസ്സുള്ളൊരുനാളെല്ലാം നീ |
ശോകത്തോടുടനിടചേൎന്നീടും ||
ഫലമതു ഭക്ഷിച്ചീടുമതിൻെറ |
തെളിവൊടതങ്ങു മുളപ്പിച്ചീടും ||
മുള്ളുകളെയും കാരകളെയുമ |
തെന്ന്യെമററു തൃണാളികളേയും ||
നിലമതിലുളവാം സസ്യത്തെ നീ |
തെളിവിനൊടെ താൻ ഭക്ഷിച്ചീടും ||
നിന്മുഖമതിലെ വിയൎപ്പോടു കൂടെ |
തിന്നീടും നീയന്നവുമെല്ലാം ||
നിന്നുടെ ദേഹം നിലമതിൽനിന്നി |
ട്ടമ്പൊടെടുത്തൊരു പൊടിയാകുന്നു ||
അതുകാരണമായിനിയും നീ പോയി |
പൊടിയിൽ ചേരുമതെന്നറിയേണം ||
ഇങ്ങിനെ യെല്ലാമരുളിച്ചെയ്തി |
ട്ടാദാമിന്നുമവൻ ഭാൎയ്യക്കും ||
പാപനിവൃത്തിക്കുള്ളൊരു വഴിയെ |
കാണിച്ചന്നുകൊടുത്തിതു ദൈവം ||
ശുദ്ധമൃഗത്തിന്നു മൃത്യുവരുത്തി |
യതിൻതോൽ തന്നാലാടകളേയും ||
ഉണ്ടാക്കിച്ചങ്ങവരിരുവരെയും |
നന്നായന്നുധരിപ്പിച്ചിട്ടു ||
അവരെയുമുടനെ കൊന്നീടാതെ |
ശഠനായുള്ളൊരു പാമ്പിനെ വെല്ലാൽ ||
മതിയായുള്ളൊരു സന്തതിതന്നുടെ |
വരവുണ്ടെന്നറിയിച്ചൊരു ശേഷം ||
ആദാന്തന്നുടെ ഭാൎയ്യക്കപ്പോൾ |
ഹവ്വയതെന്നൊരു പേരുവിളിച്ചു ||
അതിനുടെ സാരം ജീവജനാനാ |
മിവൾ മാതാവായ്വരുമെന്നത്രെ ||
പിന്നെ ദൈവം തന്നുടെ ഹൃദയെ |
നന്നായിട്ടൊന്നിത്തരമോൎത്തു ||
ആദാം ഗുണദോഷങ്ങളെയെല്ലാം |
നമ്മെപ്പോലെ തിരിച്ചറിയുന്നു ||
ആയതുകൊണ്ടവനമ്പൊടു തന്നുടെ |
ബാഹുദ്വയമതു നീട്ടാതേയും ||
ജീവനവൃക്ഷന്തന്നുടെഫലമത |

റുത്തവനങ്ങുളുജിക്കാതേയും ||
ദിവ്യമതായൊരു ജീവനമതിനാൽ |
ചെമ്മെ ഹതനെന്നാകിലുമിനിയും ||
ദേഹസ്ഥിതനാം ജീവൻപോലും |
രക്ഷിച്ചീടാതേയുമിരിപ്പാൻ ||
ആദാം തന്നെത്തോട്ടത്തിൽനി |
ന്നാശുപുറത്തങ്ങാക്കിയ ശേഷം ||
ജീവനവൃക്ഷന്തന്നുടെ വഴിയെ |
കാത്തീടുവതിന്നായിക്കൊണ്ടു ||
ഖരുബികളെന്നൊരു നാമത്തോടെ |
മരുവീടുന്നൊരു ദൂതന്മാരെ ||
വിരവിൽ വിളിച്ചങ്ങരുളിച്ചെയ്തി |
ട്ടവരെ തോട്ടത്തിന്നരികത്തു ||
പ്രാചിയതാകിയ ദിക്കിലിരുത്തി |
ചാലെയിരുന്നൊരാശകളെല്ലാം ||
മിന്നീടുന്നൊരുഖഡ്ഗമതവിടെ |
നന്നായി സ്ഥാപിച്ചുടനെ ദൈവം ||
ആദിയിലാദാം തന്നെയുമവനുടെ |
മാനിനിഹവ്വയെയും പുനരെന്യെ ||
മറെറാരുവരെയും സൃഷ്ടിക്കാതെ |
യിരിക്കെ പിശാചെവിടുന്നുളവായി? ||
ചൊല്ലാമെങ്കിൽ ദൈവവുമാദിയി |
ലമ്പൊടു തന്നുടെ ശുശ്രൂഷക്കായി ||
എണ്ണാൻ പാടില്ലാതൊരുഭൃത |
ഗണത്തെയുമുളവാക്കിട്ടതിവേഗാൽ ||
തന്തിരുവുള്ളത്താലെയവൎക്കായി |
ദിവ്യമതാകിയതേജസ്സാകും ||
ജീവനമതിനെ വെളിച്ചത്തെയും |
ശക്തിയെയും പുനരങ്ങു കൊടുത്തു ||
അമ്പൊടവൎക്കങ്ങിട്ടിതു പേരും |
ദൈവന്തന്നുടെ സൈന്യമതെന്നും ||
ദൂതന്മാരെന്നും പുനരവനുടെ |
വേലക്കാരെന്നിങ്ങിനെയെല്ലാം ||
പിന്നെയവൎക്കു സെറാഫികളെന്നും |
ഖരുബികളെന്നും രണ്ടുവിധത്തിൽ ||
വൎണ്ണപ്പേരുണ്ടാണും പെണ്ണുമ |
തെന്നൊരുഭേദമവൎക്കില്ലൊട്ടും ||
സൂക്ഷ്മമതാകിയ ദേഹത്തിന്നും |
ഉടയവരവരായി വന്നതിനാലെ ||

സൂക്ഷ്മശരീരികളിവരെന്നല്ലോ ।
രാജ്യയുമുണ്ടായി വന്നിതിവൎക്കു ॥
അങ്ങിനെയുള്ള ഗണങ്ങളിലങ്ങതി ।
തേജൊമയനായൊരു സെരാഫി ॥
തിങ്ങിന സത്യത്തിലുമനുസരണം ।
തന്നിലുമൊട്ടും ചേൎന്നീടാതെ ॥
തന്നെത്താനങ്ങീശ്വരനാക്കി ।
പിന്നേയുള്ളൊരു ഭൂതഗണത്തൊടു ॥
ദൈവന്തന്നുടെ കല്പന നിങ്ങൾ ।
ലംഘിച്ചാൽ കുറവൊട്ടുമതില്ലാ ॥
ഇങ്ങിനെ ചൊല്ലിക്കൊണ്ടവൎതമ്മെ ।
ഭിന്നിപ്പിച്ചാനാജ്ഞയിൽനിന്നു ॥
അതിനാലവരെല്ലാവരുമന്നെ ।
പതിതന്മാരായി വന്നിതിരുട്ടിൽ ॥
ഇങ്ങിനെയുള്ളൊരു ഭൂതഗണങ്ങ ।
ൾക്കന്നു പിശാചുകളെന്നായി നാമം ॥
അവരിൽ പ്രഭുവായൊരു സെരാഫി ।
നുളവായി വന്നിതു നാമത്രയവും ॥
സാത്താനെന്നും ശൈത്താനെന്നും ।
പിന്നെ യഭിശാപിയുമെന്നിങ്ങിനെ ॥
മൂന്നു പ്രകാരമതാകിയ പേരൊടു ।
ചേൎന്നവനങ്ങു വസിച്ചാൻ പലനാൾ ॥
അങ്ങിനെയുള്ളൊരു സാത്താന്തന്നുടെ ।
വശഗന്മാരാം മൎത്ത്യരെയെല്ലാം ॥
ചെമ്മെ നല്ലഴി തന്നിലതാക്കാൻ ।
ഉണ്ടായി വന്നാനേശുവതറിവിൻ ॥
⁘ പാപോല്പത്തികഥാ സമാപ്താ. ⁘

# സുഭാഷിതങ്ങൾ.

അൎത്ഥാ ഗൃഹെ നിവൎത്തന്തെ ശ്മശാനെ മിത്രബാന്ധവാഃ ।
സുകൃതം ദുഷ്കൃതഞ്ചൈവ ഗഛന്തമനുഗഛതി ॥
ആചാൎയ്യാൽ പാദമാദത്തെ പാദം ശിഷ്യസ്സ്വമേധയാ ।
പാദം സബ്രഹ്മചാരിഭ്യഃ പാദം കാലേന പച്യതെ ॥
ഇമന്തു നിഷ്ഫലം ഭൃത്യം ബാഹ്യെ ധ്വാന്തെ നിരസ്യത ।
തൽസ്ഥാനെ ക്രന്ദനം ദന്തഘൎഷണഞ്ച ഭവിഷ്യതി ॥
ഈശ്വരെ തദധീനേഷു ബാലിശേഷു ദ്വിഷൽസു വാ ।
പ്രേമമൈത്രീകൃപോപേക്ഷാം യഃ കരോതി സമദ്ധ്യമഃ ॥

ഉല്പലസ്യാരവിന്ദസ്യ മത്സ്യസ്യ കുമുദസ്യ ച ।
ഏകയോനിപ്രസൂതാനാം തേഷാം ഗന്ധം പൃഥക് പൃഥക് ॥
ആഹാരനിദ്രാഭയസംഗമഞ്ച സാമാന്യമേതൽ പശുഭിന്നരാണാം ।
ജ്ഞാനം നരാണാമധികൊവിശേഷഃ ജ്ഞാനേന ഹീനഃ പശുഭിസ്സമാനഃ ॥
ഋണശേഷഞ്ചാഗ്നിശേഷം ശത്രുശേഷം തഥൈവച ।
പുനഃ പുനശ്ചവൎദ്ധന്തെ തത്തശ്ശേഷംനകാരയൽ ॥
അഗ്നിൎദ്ദേവൊ ദ്വിജാതീനാം മുനീനാം ഹൃദി ദൈവതം ।
പ്രതിമാസ്വപ്രബുദ്ധാനാം സൎവ്വത്ര സമദൎശിനാം ॥
അപ്സു ദേവൊ മനുഷ്യാനാം ദിവി ദേവൊ മനീഷിണാം ।
കാഷ്ഠലോഷ്ഠേഷു മൂഢാനാം മുക്തസ്യാത്മനി ദേവതാ ॥
ഏവം ഗുണാനുസാരേണ രൂപാണി വിവിധാനിച ।
കല്പിതാനി ഹിതാൎത്ഥായ ഭക്താനാമല്പമേധസാം ॥
ഐശ്വൎയ്യെ വസുവിസ്തീൎണ്ണെ വ്യസനെ വാപി ദാരുണെ ।
രജ്ജ്വെവ പുരുഷം ബദ്ധ്വാ കൃതാന്തഃപരികൎഷതി ॥
വൃഥാ വൃഷ്ടിസ്സമുദ്രസ്യ വൃഥാ തൃപ്തസ്യ ഭോജനം ।
വൃഥാ ധനപതെൎദ്ദാനം ത്രീണി കാൎയ്യം വൃഥാ വൃഥാ ॥
അൎത്ഥാനാമാൎജ്ജനെ ദുഃഖം ആൎജ്ജിതാനാന്തു രക്ഷണെ ।
ആയെ ദുഃഖം വ്യയെ ദുഃഖം ധിഗൎത്ഥാഃ കഷ്ടസംശ്രയാഃ ॥
ആയുഷഃ ഖണ്ഡമാദായ രവിരസ്തമയം ഗതഃ ।
അഹന്യഹനി ബോദ്ധവ്യം മയാ കിം സുകൃതം കൃതം ॥

## ഒരു സങ്കീൎത്തനം. (൧൪൬)

[കൃഷ്ണസ്തുതിയിൽ രുദ്രരും എന്ന രീതിയിൽ പാടാം.]

ദേഹിയെ മമ ദൈവത്തെ സ്തുതി ചെയ്തു കൊള്ളുക സന്തതം ।
ജീവപൎയ്യന്തം ഞാനെൻ ദൈവത്തെയാദരാൽ സ്തുതിച്ചീടുവൻ ॥
ഞാനിരിപ്പുളവൊക്കെയുമെൻെറ ദൈവത്തെ സ്തുതിക്കും മഹാ ।
പ്രൌഢാത്മാക്കളാം മൎത്ത്യന്മാരിലും രക്ഷയില്ലാത്തവരിലും ॥
ഒട്ടും തേറൊല്ലവൻെറ വീൎയ്യവും പെട്ടെന്നാലവൻ തൻെറ ।
മണ്ണിലേക്കു തിരിയുമവൻ തന്നിരൂപണം കെട്ടു പോയി ॥
യാക്കൊബിൻ ദൈവന്താൻ തുണയായിട്ടാദരാൽ തൻെറ ദൈവമാ ।
യ്യേവീടുന്ന യഹോവതന്നിൽ പ്രതീക്ഷയുള്ളവൻ ഭാഗ്യവാൻ ॥
സ്വൎഗ്ഗഭൂസമുദ്രങ്ങളേയുമവററിലുള്ളവയൊക്കയും ।
സൃഷ്ടി ചെയ്തുമെല്ലാ നാളെക്കും സത്യത്തെ കാത്തു കൊൾവതും ॥
പീഡിതന്മാരായൊൎക്കു ധൎമ്മം നടത്തുന്നതുമവൻ പിന്നെ ।
പൈപ്പെരുത്തവൎക്കന്നപാനാദി നല്കുന്നതുമവൻ തന്നെ ॥
ബദ്ധന്മാരെയഴിക്കുന്നു ദൈവമന്ധൎക്കു കാഴ്ച നല്കുന്നു ।
കുനിന്മാരെ നിവൃത്തുന്നു ദൈവം നീതിമാന്മാരെക്കനിയുന്നു ॥

പരദേശികളെ കാക്കുന്ന ദൈവം പരിചോടങ്ങെല്ലാ നാളില്യ ।
മച്ശ്ശനമ്മമാരില്ലാതൊരെയും വൈധവ്യം പൂണ്ടവരെയും ॥
തക്കതായ സ്ഥലമതിലാക്കി രക്ഷിച്ചൻപിൽ നിരന്തരം ।
ദുഷ്ടൎക്കു മാൎഗ്ഗം മാററുന്നു ദൈവമെന്നേക്കുമെ വാഴുന്നു ॥
ചിയോനെ നിൻെറ ദൈവ മൻപിൽ പരംപരയോളം വാഴുന്നു ।
എൻെറ ദേഹിയെ എന്നെന്നും നീ യഹോവയെ സ്തുതിച്ചീടുക. ॥

## സൽഗതിമാൎഗ്ഗം.

ചിന്ത പൂണ്ടു വലഞ്ഞു ഞാൻ ഹൃദി വെന്തു നൊന്തു നടന്നഹൊ ।
സത്യസൽഗതി കിട്ടുവാനഹമെന്തു ചെയ്യുക വേണ്ടതു ॥
ചഞ്ചലം വെടികെൻ വചസ്സുകൾ നെഞ്ചറക്കു വെളിച്ചമാ ।
യുഞ്ച്യമാറിതു കേൾക്കു സൽഗതി മാൎഗ്ഗമൊട്ടു പറഞ്ഞിടാം ॥
ദൈവത്തെ മഹിമപ്പെടുത്തുക വേണമെന്നതു മോൎക്ക നീ ।
ദിവ്യനിൎമ്മലനാമവൻ കൃതിഭാവനാദികളൊക്കയും ॥
സ്പഷ്ടമാക്കിയ സത്യവേദമെടുത്തു ശോധനചെയ്യുക ।
രക്ഷ കിട്ടുവതിന്നു തക്കവിവേകമായതു നിൎണ്ണയം ॥
ജന്മകൎമ്മമതിങ്കൽ രണ്ടിലുമുള്ള പാപമറിഞ്ഞു നീ ।
ദിവ്യ സന്നിധിതന്നിൽ മെയ്യനുതാപമുള്ളവനാകുകെ ॥
ഏക രക്ഷകനായ യേശുമശിഹതന്മരണത്തിനാൽ ।
നിങ്കലോരമതായ പാപമറുത്തവങ്കൽ നിലച്ചിരി ॥
ക്രിസ്തുയേശുവിൽ വിശ്വസിച്ചു നീ യേററു കൊള്ളുക സ്നാനവും ।
ക്രിസ്തുനാമമതിൽ നിലച്ചു കഴിക്ക പ്രാൎത്ഥനയെപ്പൊഴും ॥
നിൻ ഹൃത്തിന്നു ചുഴന്ന പാതകജാലമാക ജയിക്കുവാൻ ।
ദൈവമേകുമതാൽ ബലം പരമാൎത്ഥ യാചനകൊണ്ടഹൊ ॥
സ്വന്തശക്തിയില്ലൂന്നി നില്ക്കരുതാക ദൈന്യവിനീതവാ ।
നായി ആശ്രയമേക ദിവ്യ കൃപാകടാക്ഷമതിങ്കൽ നീ ॥
ആയതാലതിയുന്നതൻ പരിശുദ്ധ നീതികളുള്ളവൻ ।
എന്നു നിൻഹൃദയത്തിലേറുവതിന്നു സംശയമില്ലഹൊ ॥
നീതി നിൎമ്മലനാമ്പരന്നനുതാപമുള്ളവരെ മുദാ ।
നീതിനല്കി വരിക്കുമെന്നു ധരിച്ചു കൊള്ളുക നീ സദാ ॥
ജീവനെ തിരു സേവ ചെയ്യതിനായ്ക്കൊടുക്കയുമായവൻ ।
സന്നിധൌ കുറവററു ശുദ്ധിയിൽ വാഴ്കതെ ഗതിമാൎഗ്ഗമാം ॥

## ഭൂലോകബ്രഹ്മചൎയ്യം.

ബ്രഹ്മജ്ഞാനമുണൎത്തുന്നൊരു കഥ ബ്രഹ്മജ്ഞന്മാരോടിഹ പറയാം ।
ബ്രപ്രകൃതികളാകെയടക്കും ബ്രാഹ്മണവരനുടെ ചരിതം കേൾക്ക ॥


പണ്ടൊരു ഭൂസുരനിണ്ടൽ മുഴുത്തു കൊണ്ടു നടന്നു വലഞ്ഞു ചടച്ചു।
തെണ്ടിപ്പലവിടമുണ്ടു കളിച്ചും മുണ്ടു മുഷിഞ്ഞു വലഞ്ഞൊരു കാലം॥
കണ്ടൊരു പൊയ്കയിലരയന്നന്താനുണ്ടു കുടുങ്ങി വലഞ്ഞു കിടപ്പു।
കണ്ടവർ വന്നു വധിക്കുമ്മുമ്പെ മണ്ടി വിടീക്കുക ഭൂസുര നമ്മെ॥
ഇങ്ങിനെയന്നം ചൊന്നതു കേട്ടവനങ്ങിനെ വലയിന്നുടനെയെടുത്തു।
പൊങ്ങിനമോദം പൂണ്ടവനന്നം സ്വന്തഗണത്തൊടു സഖിയായ്പുന്നു॥
മന്ദമവൻ പോയി വാരിധിതീരം തന്നിൽ നടപ്പൊരു നേരം കൂൎമ്മം।
വന്മരമുട്ടി വഹിച്ചു കിടപ്പതു നീക്കി വിടീച്ചതിനാൽ കമഠേന്ദ്രൻ॥
നന്നിതു നമ്മുടെ ജാതിയശേഷം നിന്നുടെ സഖിഗണമായ്പരുമെന്നും।
എന്നതു കേട്ടവനുടനെ വനവഴി വന്നൊരു നേരം മൃഗപതി വരനൊരു॥
മഞ്ചയിൽ വീണു വലഞ്ഞതു വിടുവാൻ ചഞ്ചലനായ്പുഴി തിരയുന്നേരം।
കണ്ടൊരു ഭൂസുരവരനൊടു കെഞ്ചി മഞ്ചയിൽനിന്നു പുറത്തുടനോടി॥
തഞ്ചമറിഞ്ഞു സഹായിപ്പേനെന്നഞ്ചി വണങ്ങി ശമിച്ചു മൃഗേന്ദ്രൻ।
ഇങ്ങിനെയന്നം കമഠം മൃഗപതി എന്നിവർ ചൊന്നവ കേട്ടൊരു വിപ്രൻ॥
തിങ്ങിന മോദം പൂണ്ടു ശമിച്ചവനൂക്കകഴിച്ചു സുഖിച്ചു വസിച്ചു।
അക്കാലത്തന്നരപതി തന്നുടെ പുത്രി ദിനേന ഭജിച്ചിതു ബ്രഹ്മം॥
തക്കം നോക്കിയൊളിച്ചവനങ്ങൊരു വിഗ്രഹമറവിൽ ചെന്നു വസിച്ചു।
വെക്കം വന്നൊരു നരവരപുത്രിയുമിത്തിരിമെല്ലെ ജപിച്ചു പറഞ്ഞാൾ॥
ബ്രഹ്മാവെ നീ വന്നുടനെന്നുടെ വല്ലഭനായ്പരികെ മടിയാതെ।
എന്നവൾ ചൊന്നൊരു നേരത്തുടനെ ഇന്നതു സാദ്ധ്യം പോക മൃഗാക്ഷി॥
എന്നങ്ങൊരു മൊഴി വിരവൊടു കേട്ടവളൊന്നു കലുങ്ങിയുരച്ചിതു മെല്ലെ।
നന്നിതു വന്നിതു ഭജനാൎത്ഥം മമ വന്നു ഭവിക്കും മോദമിദാനീം॥
എന്നു നിനച്ചു നടന്നവൾ തന്നുടെ മന്ദിരമുകളിൽ ചെന്നു വസിച്ചാൾ।
പാന്ഥനതാകിയ വിപ്രൻ പരിചൊടു സന്ധ്യയിലന്നും തന്നെ നിനച്ചു॥
വാഹനമേറിക്കൊലകമാളികവാതിൽ കടന്നവളോടു രമിച്ചു।
ഉഷസിയവൾ നിജജനകം കണ്ടു സഫലമതാകിയ ചരിതം ചൊന്നാൾ॥
ഹെ ഹെ ബുദ്ധിഭ്രമമിതു ഭുവനെ ബ്രഹ്മൻ ദൃശ്യനതായ്പരവില്ല।
എന്നിതു ജനകൻ ചൊന്നതു കേട്ടു വന്നു ഭവാനിരാത്രിപ്പാൎക്ക॥
ചെന്നിതു രണ്ടരയന്നത്തൊടവനിണ്ടൽ പെരുത്തതിനാൽ നൃപതിക്കും।
ബ്രഹ്മാവെ നിൻകൃപകൊണ്ടടിയനു തിന്മ പിണക്കാതെ വിടുകെന്നാൻ॥
പേടിച്ചൊടിയൊളിച്ചൊരു നൃപനും കാൎയ്യം കാൎയ്യക്കാൎക്കറിയിച്ചു।
ബുദ്ധിമയക്കത്തൊടമ്മന്ത്രിയുമെത്തിയൊളിച്ചതു പാൎപ്പാനായി॥
എത്തി മുഴക്കത്തൊടുടനപ്പോൾ വിപ്രൻ മൂന്നരയന്നത്തോടെ।
ഒത്തൊരുമിച്ചതു കണ്ടമ്മന്ത്രിയുമട്ടി മറഞ്ഞഥ വീണുടനോടി॥
ഒത്തൊരുമിച്ചവർ പാണിഗ്രഹം നിശ്ചയമാക്കി മുഹൂൎത്തം കണ്ടു।
ഭുവനമടക്കും നൃപതികളോടും ഭൂസുരവരരൊടുമാകയുണൎത്തി॥
നരപതിമാരും പരിവാരങ്ങളുമടവിസുരന്മാരോടും കൂടി।
പലവിധ പൂമഴപെയ്യു തുടങ്ങി പലദിശി ഹംസകരങ്ങൾ മറച്ചു॥
ബ്രഹ്മൻ സ്ഥാനം വിട്ടൊരുപട്ടം ബ്രാഹ്മണനായരയന്നം നൽകി।

ഹംസഗണം പതിനായിരമോടെ ബ്രഹ്മൻ വാഹനമേറിയിറങ്ങി ||
ചിത്രമതാകിയ കൂടത്തിന്മേൽ ചിത്രമതായവനും കരയേറി |
പാണിഗ്രഹണമഹോത്സവമവിടെ പാരാതങ്ങു കഴിഞ്ഞൊരു സമയെ ||
ബ്രഹ്മപുരാധിപനന്ദനരിരിവർ ചെന്നവർ തങ്ങടെ പൂങ്കാവിങ്കൽ |
ആയതു കണ്ടുടനെ മണവാളൻ കെട്ടിയടിച്ചതിനാലവരോടി ||
ആയതു ബ്രഹ്മപുരാധിപർ കേട്ടിട്ടാധി മുഴുത്തറിയിച്ചിതു വിധിയെ |
കോപമൊടായിരമായുധപാണികളോടിയണഞ്ഞന്നൃപനുടെ നഗരെ ||
ചെന്നങ്ങന്തണവരനും തന്നുടെ കണ്ണുമടച്ചു നിനച്ചുമൃഗേന്ദ്രം |
വന്നിതു പതിനായിരമായവനുടെ സന്നിധിതന്നിലൊരാജ്ഞലഭിപ്പാൻ ||
ചൊന്നതു കേട്ടവരായിരമൊന്നായ്യൊന്നു ശമിച്ചതു കേട്ടൊരു ബ്രഹ്മൻ |
വന്നിതു നമ്മുടെയന്തകനായിമ്മന്നിടവാസിയിലൊരുവൻ ചിത്രം ||
ചെന്നുടനെ മുരവൈരിയൊടേവം ചൊന്നതു തിരിയാതായവരൊന്നായി |
ചെന്നു വണങ്ങി ശ്രീപതിതന്നയുമൊന്നായ്ക്കൂട്ടി ശമിച്ചവർ ഭൂമൌ ||
വന്നവർ ബ്രാഹ്മണനെക്കണ്ടഖിലം കേട്ടു ഗ്രഹിച്ചൊരു സന്ധിയുരച്ചു |
ബ്രഹ്മാവായും ബ്രാഹ്മണനായും ബ്രഹ്മാഹം തൊട്ടുള്ളൊരുതർക്കം ||
ശ്രീപതി തിപ്തിനായിത്തന്നുടെ അംഗുലിയം കടൽതന്നിൽ ചാടി |
കൊണ്ടു വരുന്നവനിന്നു വിധാതാവെന്നു വിധിച്ചു വസിപ്പൊരുനേരം ||
ബ്രഹ്മൻ മുങ്ങിക്കടലിൽ പരതി ബ്രാഹ്മണനോർത്തിതു കമഠം തന്നെ |
വന്നിതു മോതിരമവനുടെ കയ്യിൽ മുങ്ങിവലഞ്ഞു മടങ്ങി ബ്രഹ്മൻ ||
അന്നവരൊത്തുടനെയുര ചെയ്തു മന്നിടബ്രഹ്മാവിനെ നൂനം |
ഇന്നിതു ബ്രഹ്മജ്ഞാനികളേതും നിന്ദിക്കാതെ ധരിപ്പതു ചിത്രം ||

## ഒരു വൃത്താന്തം.

അതിഭയങ്കരമുള്ളൊരു വനഭൂമിയുടെ ഒത്ത നടുവിൽ വലിയൊരു കോട്ട ഉറപ്പുതേടി നില്ക്കുന്നു. കോട്ടമതിലുകൾ ബഹു ഉയരമുള്ളവയും അതിന്റെ ഏക വാതിൽ ഇരിമ്പുള്ളതുമത്രെ. കോട്ടയകത്തു സർവ്വമനുഷ്യവംശം ആർത്തിപൂണ്ടു വായിതുറന്നു മരിപ്പാറായിരിക്കുന്നു. ഈ കോട്ടയുടെ വൃത്താന്തങ്ങൾ ദൈവലോകത്തിലും കേളായിവന്ന ശേഷം പ്രീതി, നീതി, സൂനു എന്നീമൂന്നു ദിവ്യന്മാർ ഭൂതലത്തിൽ ഇറങ്ങി ചെന്നു, ആ കഷ്ടസ്ഥലത്തെ നോക്കി കണ്ടു ബദ്ധരുടെ അരിഷ്ടതയെ ഓർത്തു കൂടി നിരൂപിച്ചതിൽ, പ്രീതി അല്ലയൊ സഖിമാരെ, ഇവരെ രക്ഷിപ്പാൻ ഒരു വഴിയില്ലയൊ? നാം കോട്ടവാതിലിനെ പൊളിച്ചു അകത്തു കടന്നു ബദ്ധരെ അഴിച്ചുകൊണ്ടു പോകരുതൊ എന്നു പറഞ്ഞാറെ, അയ്യൊ എന്തുവേണ്ടു? ഇവർ നീതിധർമ്മങ്ങൾ ഒക്കയും ലംഘിച്ചു, പിശാചിന്റെ വാക്കു കേട്ടു അനുസ

രിച്ചു; ദൈവവൈരികളായി തീരുകകൊണ്ടു, വാതിലിനെ പൊളിച്ചു അവരെ അഴിച്ചു കൊണ്ടുപോകുവാൻ ത്രിലോകത്തിലും ഒരു ന്യായവും കാണ്മാനില്ല. വാതിലിൽകൂടി പുറത്തുവരുന്നവരൊ അന്നു തന്നെ നിത്യനരകാഗ്നിയിൽ വീഴകെയുള്ളു കഷ്ടം എന്നു നീതിയുടെ വാക്കു കേട്ടശേഷം, സൂനു അല്ലയൊ തോഴരെ! ഈ സങ്കടം എനിക്കു സഹിച്ചുകൂടാ. ഞാൻ അനാദികാലം തുടങ്ങി താതന്റെ മടിയിൽ സുഖിച്ചു വാണുകൊണ്ടിരിക്കുന്നവൻ എങ്കിലും ഞാൻ ജനകന്റെ സമ്മതം വാങ്ങി കോട്ടയുടെ അകത്തു ചെന്നു മാനുഷജന്മം എടുത്തു, ഈ ബദ്ധരുടെ സകല ദുർബ്ബാധകളും നാനാപാപങ്ങളുടെ എല്ലാ ശിക്ഷകളും ഏറ്റു, അവൎക്കു വേണ്ടി മരിപ്പാൻ പോകുന്നതിനാൽ നിങ്ങളും കയറി അവരുടെ മനസ്സുകളെ മാറ്റി അവരെ രക്ഷിച്ചു ദൈവമക്കളാക്കി തീൎക്കുവാൻ വേണ്ടി വാതിലിനെ പൊളിച്ചു വഴിയെ നന്നാക്കിത്തരും എന്നു ഉണൎത്തിച്ചാറെ, നീതി ഹാ ദൈവസൂനുവെ! നീ ചൊന്നതു എത്രയും സാരം; ഈ കോട്ടവാതിലിനെ പൊളിച്ചു, ബദ്ധരെ അഴിച്ചുകൊണ്ടു പോവാനുള്ള വഴി നിന്നാൽ മാത്രം ഉളവാകുന്നുള്ളു എന്നു പറഞ്ഞ ഉടനെ സൂനു കോട്ടയകത്തു ചെന്നു മനുഷ്യജന്മം എടുത്തു ബദ്ധരുടെ ഇടയിൽ പാൎത്തു; ബഹു വാത്സല്യംകൊണ്ടു അവരോടു സംസാരിച്ചു, എൻ സ്വൎഗ്ഗസ്ഥ പിതാവു താൻ നിങ്ങളെ സ്നേഹിച്ചു, നിങ്ങളുടെ സകല പാപങ്ങളെയും അപരാധങ്ങളെയും എന്റെ നിമിത്തം ക്ഷമിച്ചു, നിങ്ങളെ തന്റെ മഹ



ത്വമുള്ള സ്വൎഗ്ഗരാജ്യത്തിലേക്കു ചേൎത്തുകൊൾവാൻ താല്പൎയ്യപ്പെട്ടിരിക്കുന്നു എന്ന് എല്ലാം അവരോടു പറഞ്ഞു, അവൎക്കു ഏറിയൊരു നന്മയെ വരുത്തി തുടങ്ങുമ്പോൾ, മിക്കപേരും ക്രുദ്ധിച്ചു ഇവൻ നമ്മുടെ കൂട്ടത്തിൽ വേണ്ടാ എന്നു ചൊല്ലി; അവനെ പിടിച്ചു ഒരു മരത്തിന്മേൽ തറെച്ചു ശവക്കുഴിയിൽ അടക്കി വെച്ചാറെ, അവൻ മൂന്നാം നാൾ ജീവിച്ചെഴുനീറ്റു കുഴിയെ വിട്ടു, സ്വൎഗ്ഗാരോഹണമായി പിതാവിന്റെ മടിയിൽ മടങ്ങി ചെന്നശേഷം പ്രീതിയും നീതിയും ഒരുമിച്ചുല്ലസിച്ചു കോട്ടയകത്തു കയറി ബദ്ധരുമായി സംസാരവും വ്യാപാരവും തുടങ്ങി അനുതപിച്ചു, ആ മരിച്ചും ജീവിച്ചെഴുനീറ്റുമിരിക്കുന്ന ദൈവസൂനുവിൽ വിശ്വസിക്കുന്നവരെ എല്ലാവരെയും ദൈവമക്കളാക്കി രക്ഷിച്ചു സ്വൎഗ്ഗരാജ്യത്തിന്നായി നടത്തിച്ചുകൊണ്ടുമിരിക്കുന്നു.

## ആത്മനഷ്ടം.

അമെരിക്കാരാജ്യത്തിൽ ഏററവും ധനികനായൊരു സായ്പ്പ് അവന്നു നാലു മക്കളുമുണ്ടായിരുന്നു; അവർ അല്പം പോലും ദൈവഭയമില്ലാത്തവരായി, തങ്ങളുടെ സംബന്ധക്കാരോടും സ്വജാതിക്കാരോടും കൂട ആഡംബരമായി ഉടുത്തു, ഇങ്ങോട്ടും അങ്ങോട്ടും വിരുന്നു കഴിച്ചു, ഭക്ഷിച്ചു, കുടിച്ചു, ആടി, പാടി ഇങ്ങിനെ കാലത്തെ വെറുതെ കഴിച്ചു വന്നു. എന്നാറെ അവരുടെ അയല്പക്കക്കാരോടു ദൈവത്തിന്നു ദയ തോന്നി തന്റെ വിശുദ്ധാത്മാവിനെ അവൎക്കു കൊടുത്തതിനാൽ, അവർ തങ്ങളുടെ പാപങ്ങളെ കണ്ടുണൎന്നു മനസ്സും തിരിഞ്ഞു, തങ്ങളുടെ ആത്മരക്ഷയെ അന്വേഷിപ്പാൻ തുടങ്ങിയപ്പോൾ, മേല്പറഞ്ഞ ധനവാന്റെ നാലു മക്കളിൽ ൨൦ വയസ്സുള്ളോരു കന്യക താനും ഒരു പാപി ആകുന്നു എന്നു കണ്ടുണൎന്നു കോലാഹലമായി ഉടുത്തു തിന്നു സന്തോഷിക്കുന്നതിനെയും ലൌകികമോഹങ്ങളെയും വിട്ടു, തന്റെ പാപത്തെ കുറിച്ചു ദുഃഖിച്ചു, ഞാൻ എങ്ങിനെ രക്ഷപ്പെടും എന്നു വിചാരിച്ചുകൊണ്ടിരിക്കുമ്പോൾ, അവളുടെ മാതാപിതാക്കന്മാർ ദുഃഖഭാവത്തെയും സങ്കടങ്ങളെയും കണ്ടു, അവളോടു മകളെ! നീ ഇപ്രകാരം ക്ഷീണിച്ചു പോകുന്നതിന്റെ കാരണം എന്തു എന്നു ചോദിച്ചതിന്നു ആ കന്യക ഞാൻ ദൈവത്തിന്നു വിരോധമായി അനവധി പാപം ചെയ്തിരിക്കകൊണ്ടു, അതിനെ എങ്ങിനെ തീൎക്കാമെന്നുള്ള വിചാരമല്ലാതെ, മറെറാന്നുമില്ല

എന്നു പറഞ്ഞാറെ, മാതാപിതാക്കന്മാർ: മകളെ നീ ഇപ്പോൾ ചെറു പ്രായക്കാരത്തിയല്ലൊ, ആത്മരക്ഷയെ കുറിച്ചുള്ള വിചാരം നിണക്ക എന്തിന്നു, അതു കിഴവികൾ ഓൎക്കേണ്ടുന്ന കാൎയ്യം; നീ നിന്റെ പ്രായക്കാരോടു കൂട ഭക്ഷിച്ചു കുടിച്ചു ഉല്ലസിക്ക എന്നു പറഞ്ഞിട്ടും അവൾ പിന്നെയും ദുഃഖിച്ചും ക്ലേശിച്ചും കൊണ്ടിരിക്കുന്നതിനെ അപ്പൻ കണ്ടു, ഹെ ജ്യേഷ്ഠെ! നീ ഇവിടെ ഇരുന്നു വിടക്കാകുന്നതു എന്തു? നിന്റെ കാരണവരുടെ വീട്ടിൽ പോയി സന്തോഷിച്ചു ഏഴ ദിവസം പാൎത്തു മടങ്ങി വന്നാൽ, ഞാൻ നിണക്ക് വിശേഷമായൊരു പട്ടുവസ്ത്രം തരാം എന്നു പലപ്പോഴും അവളെ ബുദ്ധിമുട്ടിച്ചു പറകകൊണ്ടു അച്ഛന്റെ വാക്ക ലംഘിച്ചു കൂടാ എന്നു അവൾ നിശ്ചയിച്ചു, കാരണവരുടെ വീട്ടിൽ പോയി പാൎത്തപ്പൊൾ, ആയവർ ഇവളുടെ മനഃക്ലേശത്തെ മാററാൻ വേണ്ടി, ഓരോരൊ വിനോദങ്ങളെ ചൊല്ലി, അവളെ അസഹ്യപ്പെടുത്തിയപ്പൊൾ ഇനി ഞാൻ എന്തു ചെയ്യേണ്ടു ഇവർ എല്ലാവരും എന്നെ ഞെരുക്കുന്നുവല്ലൊ എന്നാൽ ഇപ്പോൾ നാടോടുമ്പോൾ നടുവെ എന്നുള്ള പ്രകാരം നടക്കട്ടെ; ആത്മരക്ഷയെ കുറിച്ചുള്ള വിചാരം പിന്നെ ഒരു സമയത്തിലുമാം എന്നു അവൾ നിശ്ചയിച്ചു മറെറവരെ പോലെ ജഡമോഹങ്ങളെ നിവൃത്തിച്ചു നടപ്പാൻ തുടങ്ങി, അച്ഛന്റെ വീട്ടിലേക്ക മടങ്ങി വന്നപ്പോൾ, അവൻ സമ്മാനമായി കൊടുത്ത പട്ടുവസ്ത്രത്തെ സന്തോഷത്തോടെ വാങ്ങി സൂക്ഷിച്ചു വെച്ചു. പിന്നെയും ഏഴ ദിവസം കഴിഞ്ഞാറെ, അവൾക്ക് പിടിച്ച ദീനം വൎദ്ധിച്ചു വൎദ്ധിച്ചു, ഔഷധം ഒന്നും കൂട്ടാക്കാതെ, മരണം അടുത്തപ്പോൾ അവൾ മാതാപിതാക്കന്മാരെയും സഹോദരി സഹോദരന്മാരെയും വിളിപ്പിച്ചു അച്ഛൻ തന്ന പട്ടുവസ്ത്രത്തെയും എടുപ്പിച്ചു കാണിച്ചു. ഇതാ നോക്കുവിൻ പ്രിയ അച്ഛ! ഞാൻ ഈ പട്ടുവസ്ത്രത്തെ വിചാരിച്ചു എന്റെ ആത്മലാഭത്തെ ഉപേക്ഷിച്ചവളത്രെ. എന്നാൽ ഇതിനെ നഷ്ടപ്പെടുത്താതെ നല്ലവണ്ണം സൂക്ഷിച്ചു കൊള്ളു. ഈ വസ്ത്രംകൊണ്ടു ഞാൻ എന്റെ മകളുടെ ആത്മാവിനെ പിശാചിന്നു ഏല്പിച്ചിരിക്കുന്നു എന്നു ഒരിക്കലും മറക്കരുതെ എന്നു ചൊല്ലി വീട്ടുകാരെയും സംബന്ധക്കാരെയും നോക്കി ഇതാ ഈ നിസ്സാരമുള്ള വസ്തുവിന്നായി ഞാൻ എന്റെ ആത്മാവിന്റെ നിത്യരക്ഷയെ കളഞ്ഞു, ഇതാ പോകുന്നതു, നരകത്തിലേക്ക തന്നെ എന്നു മുറയിട്ടു മരിക്കയും ചെയ്തു.

അയ്യൊ കഷ്ടം ഇപ്രകാരം തന്നെ ഈ നാട്ടിലുള്ള ആണുങ്ങളും പെണ്ണുങ്ങളും ചെറിയവരും വലിയവരും ചതിപ്പെട്ടു നശിച്ചു പോകുന്നു. ചിലർ സ്നേഹിതന്മാരെയും ചിലർ ജാതിയെയും ചിലർ വിദ്യ വസ്ത്രാഭരണങ്ങളെയും കളിവിനോദങ്ങളെയും കൊതിച്ചു, നേരം പോക്കി, തങ്ങളുടെ ആത്മാവിനെ കുറിച്ചു വിചാരിക്കാതെ പിശാചിന്നു അടിമകളായി നടന്നു നശിക്കുന്നു, അതുകൊണ്ടു ഇതിനെ വായിച്ചു തന്റെ ജഡമോഹത്തെ വെറുത്തു, യേശുക്രിസ്തൻ മൂലം ദൈവത്തോടു കൃപെക്കായിട്ടു അപേക്ഷിക്കുന്നവൻ ഭാഗ്യവാൻ.

## ചികിത്സ.

൧. ഗൎഭിണിക്ക് പനിച്ചാൽ അടപതിയൻകിഴങ്ങ്, നറുനീണ്ടിക്കിഴങ്ങ്, മുത്തങ്ങ, രാമച്ചം, ഇരുവേരി, ചുക്ക് ഇവ കഴഞ്ചി ൨. ൨ കഷായം വെച്ചു തിപ്പലി മേൽപൊടിയിട്ടു സേവിക്ക.

൨. ഗൎഭാതിസാരത്തിന്നു കൊടിത്തൂകവേർ, കുറുന്തോട്ടിവേർ, പാടക്കിഴങ്ങ്, ചുക്ക, മുത്തങ്ങ ഇവ കഴഞ്ചി ൨॥. ൨॥ കഷായം വെച്ചു ജീരകം മേൽപൊടിയിട്ടു സേവിക്ക.

൩. ഗൎഭിണിക്കു ഛൎദ്ദിയുണ്ടായാൽ കൂവളത്തിൻവേർ, രാമച്ചം, മലർ ഇവ കഴഞ്ചി ൪. ൪ കഷായം വെച്ചു പഞ്ചസാര മേൽപൊടിയിട്ടു സേവിക്ക.

൪. അടി പുകച്ചലിന്നു കാട്ടൂരം പാലിൽ അരെച്ചു കാലിന്റെ അടിക്കു തേക്ക.

൫. മുലപ്പാൽ ഉണ്ടാകുവാൻ താമരയില അരച്ചു ൭ ദിവസം സേവിക്ക.

൬. അഗ്നിമാന്ദ്യത്തിന്നു ജീരകം പൊടിച്ചു നെയ്യിൽ സേവിക്ക.

൭. തലമുടി ഊരുന്നതിന്നു ഇരട്ടിമധുരം എള്ള് ഇവ എരുമപ്പാലിൽ അരച്ചു തലയിൽ തേക്ക.

൮. വ്രണത്തിന്നു പഴയ ചേരിപ്പൊടി, കൈപ്പ ഇല, ഇരിമ്പുരാവിയ പൊടി, ഇവ പൊടിച്ചു അപ്പൊടിയെ വ്രണത്തിൽ ഇടുക.

൯. ശിശുവിന്നു മലം ബന്ധിച്ചാൽ ആവണക്കിൻവേർ ചാണമേൽ അരെച്ചു വെണ്ണയിൽ ചാലിച്ചു കൊടുക്ക.

൧൦. സൎപ്പഭയത്തിന്നു രാത്രിയിൽ സൎപ്പശങ്കകൊണ്ടു നടപ്പാൻ ഭയപ്പെടുന്നവർ കൈയിൽ സോമനാദികായം ധരിച്ചുകൊൾക.

൧൧. സൎപ്പവിഷത്തിന്നു ശുദ്ധവെള്ളത്തുണി തടിച്ചൊരു കാഞ്ഞിരം തുരന്നു മൂടെടുത്തു അതിന്നുള്ളിൽ വെച്ചു, ആ മൂടിട്ടു ഉറപ്പി

ച്ചുകൊൾക. ൯൦ ദിവസം കഴിഞ്ഞ ശേഷം ആ മൂടെടുത്തു നോക്കിയാൽ തുണി ഭസ്മമാകും ആയ്യു എടുത്തു സൂക്ഷിക്ക വിഷം തീണ്ടിയവക്കു ഒരു പണത്തൂക്കം പാലിൽ ഇട്ടുകൊടുക്ക.

൧൨. സപ്പം കടിച്ചു ഉടനെ കടിവായിക്കു അല്പം മേലിൽ വലിഞ്ഞു കെട്ടി തോൽ വലിച്ചു പിടിച്ചു കടിസ്ഥലത്തെ രക്തം നന്നായി ചാട്ടുമാറു മുറിക്ക.

൧൩. സാധാരണവിഷങ്ങൾക്കു കൃഷ്ണമൃഗത്തിന്റെ കൊമ്പു ൩ നാഴിക പാലിൽ ഇട്ടു ആ പാൽ കുടിക്ക.

## രജിസ്ത്രേഷൻ.

൧. ആധാരങ്ങൾ രജിസ്തർ ചെയ്യുന്നതിനെ കുറിച്ചു ൧൮൬൪ലെ ൧൬ാം ൧൮൬൬ലെ ൯-ം നമ്പ്ര ആക്ടുകളുടെ നിയമങ്ങളെ വെണ്ടുംവണ്ണം മാററി ൧൮൭൭ മെയി ൧ാം തിയ്യതി മുതൽ നടപ്പായും ൧൮൭൭ലെ ൨൦ാം നമ്പ്ര ആകുന്ന ഇന്ത്യ രജിസ്ത്രേഷൻ ആക്ടഎന്നൊരു പുതിയ നിയമം സ്ഥിരപ്പെട്ടുവന്നു.

൨. ഈ ആക്ടിലെ താല്പയ്യത്തെ ശരിയായി ഗ്രഹിക്കുന്നതിനാൽ ഓരൊരുത്തക്കു വരുന്ന നന്മയെ കുറിച്ചു പ്രത്യേകമായി വിവരിക്കേണ്ടല്ലൊ.

൩. ഡിസ്ത്രിക്ട രജിസ്ത്രർ എന്നവൻ ഒരു ഡിസ്ത്രിക്ടിൽ രജിസ്തർ ചെയ്വാൻ അധികാരം പ്രാപിച്ച ഉദ്യോഗസ്ഥൻ ഡിപ്യുടി രജിസ്ത്രർ എന്നവൻ ഒരു സബഡിസ്ത്രിക്ടിൽ രജിസ്തർ ചെയ്വാൻ അധികാരം പ്രാപിച്ച ഉദ്യോഗസ്ഥൻ.

൪. ഈ ആക്ടിനെ കരുതാത്തതിനാൽ സംഭവിക്കുന്ന നഷ്ടങ്ങൾ:

(൧.) രജിസ്തർ ചെയ്യേണ്ടിയിരുന്ന ഇളകാത്ത വസ്തുവിനെ സംബന്ധിച്ച ആധാരം നിശ്ചയിച്ച അവധിയിൽ രജിസ്തർ ചെയ്യാഞ്ഞാൽ അതു ദുബ്ബലവും ഒരു സിവിൽ കായ്യത്തിലും പ്രയോജനമില്ലാത്തതുമാകും.

(൨.) മനസ്സുണ്ടെങ്കിൽ മാത്രം രജിസ്തർ ചെയ്യാം എന്ന ഇളകാത്ത മുതലിനെ സംബന്ധമായ ആധാരം രജിസ്തർ ചെയ്തില്ലെങ്കിലും മേപ്പടി ആധാരത്തെക്കാൾ ബലമുള്ളതു.

(൩.) കടമൊ പലിശയൊ മടങ്ങി വാങ്ങുവാനും കറാർ ലംഘിച്ച മുതലിനെ വസൂലാക്കുവാനുള്ള വ്യവഹാരങ്ങളിൽ രജിസ്തർ ചെയ്ത

ആധാരങ്ങൾ ആറു സംവത്സരത്തെക്കും റജിസ്റ്റർ ചെയ്യിട്ടില്ലാത്ത ആധാരങ്ങൾ മൂന്നു സംവത്സരത്തിലെക്കും മാത്രം ബലമുള്ളവയാകുന്നു.

(൪.) റജിസ്റ്റർ ചെയ്ത ആധാരങ്ങൾ കളഞ്ഞു പോകയൊ കിട്ടാത്ത അവസ്ഥയിലായി പോകയൊ ചെയ്താൽ റജിസ്റ്റർ ബുക്കുകളെ നോക്കി അവിടെ കണ്ട പകൎപ്പുകളെ കൊണ്ടു കാൎയ്യത്തെ തെളിയിക്കാം.

൫. റജിസ്റ്റർ ചെയ്യേണ്ടുന്ന ആധാരങ്ങൾ മിക്കവാറും മുമ്പെത്തവ തന്നെ ആകുന്നു. അതാവിതു:

(൧) ഏതു വിലക്കുള്ള ഇളകാത്ത മുതലും ദാനമായി കിട്ടിയ മുതലും കുറിച്ചുള്ള ആധാരങ്ങൾ.

(൨.) നൂറു ഉറുപ്പികയും അതിൽ അധികം വിലയും പിടിച്ച ഇളകാത്ത മുതലിനെ അവകാശമാക്കുകയൊ ഭേദപ്പെടുത്തുകയൊ ചെയ്യുന്ന ആധാരങ്ങൾ.

(൩.) ഇങ്ങിനെയുള്ള അവകാശങ്ങൾക്കായി വാങ്ങിയ രശീട്ടുകളായ ആധാരങ്ങൾ.

(൪.) ൧൮൬൫ലെ ൮ാം നമ്പ്ര ൩ാം പകുപ്പിൽ കാണിച്ചപ്രകാരം ജമിന്ദാർ, ജാഗിർദാർ, ശ്രോത്രിയംദാർ, ഇനാംദാർ എന്നിവരും ഇവരൊടു ഭൂമികൾ കുത്തകക്കായി വാങ്ങുന്നവരും സൎക്കാരിൽ നിന്നു നിലത്തിന്റെ നികുതി കുത്തകക്കായി വാങ്ങുന്നവരും തമ്മിൽ എഴുതിമാറുന്ന പട്ടയങ്ങളും മുച്ചിലകളും ഒഴികെ ഒരു സംവത്സരത്തിൽ ഏറുന്ന വല്ല കാലത്തെക്കും ഏതു വിലെക്കുമുള്ള ഇളകാത്ത മുതലിന്റെ പാട്ടാധാരങ്ങളും മറുപാട്ടാധാരങ്ങളും ഇനാംദാർമാരല്ലാത്ത വല്ല ഭൂമിയുടെ ഉടമസ്ഥന്മാർ കുടിയാന്മാൎക്കു എഴുതി കൊടുക്കുന്നപാട്ടാധാരങ്ങൾ ഒരു സംവത്സരത്തിൽ ഏറുന്ന വല്ല കാലത്തേക്കും ഉണ്ടായാൽ അവയും കുടിയാന്മാർ എഴുതികൊടുക്കുന്ന മുച്ചിലകളും മറുപാട്ടങ്ങളും നിൎബ്ബന്ധ റജിസ്റ്ററിന്നു കീഴ്പെട്ടിരിക്കുന്നു.

(൫.) ആധാരം എഴുതിയ തിയ്യതി മുതൽ നാലു മാസത്തിനകം മേല്പടി ആധാരങ്ങൾ ഒക്കയും റജിസ്റ്ററാക്കപ്പെടേണം.

൬. മനസ്സുണ്ടെങ്കിൽ മാത്രം റജിസ്റ്റർ ചെയ്യപ്പെടേണ്ടുന്ന ആധാരങ്ങളാവിതു:

(൧.) നൂറു ഉറുപ്പിക കുറഞ്ഞ വിലക്കുള്ള ഇളകാത്ത മുതലിന്റെ ആധാരങ്ങൾ.

(൨.) മേല്പടി അവകാശത്തിന്നു വാങ്ങിയ ദ്രവ്യസംഖ്യയുടെ രശീത്ത ആധാരങ്ങൾ.

(൩.) ഒരു സംവത്സരത്തിൽ ഏറാത്തതും ഇളകാത്തതുമുള്ള മുതലിന്റെ പാട്ടാധാരങ്ങളും ൰ാം പകുപ്പിൽ കാണിച്ച റജിസ്തർ നിബന്ധമില്ലാത്ത ജമിന്ദാർ മുതലായവരും അവരുടെ കുടിയാന്മാരും തമ്മിൽ എഴുതി കൊടുക്കുന്ന പട്ടയങ്ങളും മുച്ചിലകളും.

(൪.) ഇളകാത്ത മുതൽ സംബന്ധമായ തീൎപ്പുകൾ.

(൫.) ഇളകുന്ന മുതലിന്മേലുള്ള അവകാശങ്ങളെ കുറിച്ചുള്ള ആധാരങ്ങൾ.

(൬.) ഒസ്യത്തകളും ദത്ത് പുത്രനെ എടുക്കുന്ന അധികാര പത്രങ്ങളും.

(൭.) ഈ ആക്ടിന്റെ ൰൭ാം പകുപ്പു ൧ാം ഖണ്ഡത്തിൽ പറഞ്ഞ എല്ലാമാതിരി ആധാരങ്ങളും. നില്ക്കുന്ന മരം, വിള, പുല്ലു, മരത്തിന്മേലുള്ള ഫലങ്ങൾ, ഇവ എല്ലാം ഇളകുന്ന മുതൽ, വീടുകൾ, അവയെ ചേൎന്ന നിലങ്ങളിൽ പിടിച്ച സാമാനങ്ങൾ, വഴി വെളിച്ചം, മീൻപിടിക്കുന്ന സ്ഥലം എന്നും മററുമുള്ള അവകാശങ്ങൾ ഇളകാത്ത മുതൽതന്നെ. ഒരുമിച്ചു മുതൽ അടക്കി വെച്ചിരിക്കുന്ന കുമ്പിനിക്കാർ (സംഘക്കാർ) ഇളകാത്ത മുതലിന്റെ ഉടമസ്ഥന്മാർ ആയാലും അവരുടെ ഓഹരികളും കടം ചീട്ടുകളും നിബന്ധ റജിസ്തരിൽ ചേരുകയില്ല. (൨ാം പകുപ്പു.) ഒസ്യത്തകളും ദത്ത് എടുക്കുന്ന അധികാരപത്രങ്ങളും ഒഴികെ മേല്പറഞ്ഞ എല്ലാ ആധാരങ്ങളും എഴുതിയ തിയ്യതി തുടങ്ങി രണ്ടു മാസത്തിനകം റജിസ്തർ ചെയ്യപ്പെടേണ്ടുന്നതാകുന്നു.

൭. നിബന്ധ റജിസ്തരിലുൾപെട്ട ആധാരം എഴുതി കൊടുത്ത തിയ്യതി മുതൽ നാലു മാസത്തിന്നകവും നിബന്ധ റജിസ്തരില്പെടാത്ത ആധാരം റജിസ്തർ ചെയ്വാൻ മനസ്സുണ്ടായാൽ അതു എഴുതിയ തിയ്യതി മുതൽ രണ്ടു മാസത്തിന്നകവും റജിസ്തർ ചെയ്യപ്പെടേണം.

൮. നാലുമാസത്തിന്റെ അവധി കഴിഞ്ഞശേഷം വല്ല ആധാരത്തെ റജിസ്തർ ചെയ്യേണ്ടതിന്നു കൊണ്ടുവന്നാൽ റജിസ്ത്രേഷൻ ഫീസ്സിന്റെ സംഖ്യയിൽ ൧൦ ഇരട്ടിപ്പോളം ഈ പുതിയ ആക്ടിൻ പ്രകാരം പിഴകല്പിക്കാം ആധാരത്തെ നിശ്ചയിച്ച അവധിക്കകം റജിസ്തർ ചെയ്വാൻ ഒട്ടും പാടില്ലായ്കയാൽ താമസം വന്നുപോയി എന്നു തെളിവുണ്ടെങ്കിൽ മാത്രം പിഴ ഒഴിഞ്ഞുപോകും.

൯. ഞായറാഴ്ചയും കച്ചേരിയില്ലാത്ത ദിവസങ്ങളും രജിസ്തർ ചെയ്യാൻ അനുവദിച്ച ദിവസങ്ങളിലുൾപെട്ടതല്ല. അന്നു ഒരു കച്ചേരിയിലും രജിസ്തർ ചെയ്യുമാറില്ല.

൧൦. ഒസ്യത്തുകളും ദത്തപുത്രനെ എടുക്കുന്ന അധികാരപത്രങ്ങളും എഴുതിയതിൽ പിന്നെ, ഏതു സമയമെങ്കിലും രജിസ്തർ ചെയ്യപ്പെടുകയൊ മുദ്രയിട്ട ലക്കോട്ടുകളിൽ ആക്കി വെക്കപ്പെടുകയൊ ചെയ്യാം. കോടതികളിൽ അപേക്ഷിക്കാതെ രജിസ്ത്രാരോടു മാത്രം അപേക്ഷിച്ചിട്ടു മേപ്പടി മുദ്രയിട്ട ലക്കോട്ടുകളെ ആദ്യം കൊണ്ടുവന്നു വെച്ച ആളുകൾ മടക്കി വാങ്ങിക്കൊണ്ടു പോകാം.

൧൧ വല്ല ഇളകാത്ത മുതലിന്റെ ആധാരങ്ങളിൽ വിവരിച്ച വസ്തു മുഴുവനൊ അതിന്റെ ഒർ അംശമൊ ഒരു സബഡിസ്ത്രിക്കിൽ ഉൾപ്പെട്ടതായാൽ ആ ആധാരങ്ങൾ ആ സബഡിസ്ത്രിക്കിലെ സബരജിസ്തരുടെ ആപ്പിസ്സിൽ മേലാൽ രജിസ്തർ ചെയ്യപ്പെടാം.

൧൨. പലരും കൂടി ഒരു ആധാരത്തെ എഴുതി അതിൽ ഒപ്പിട്ടുവെങ്കിൽ അവർ എല്ലാവരും രജിസ്തരുടെ ആപ്പിസ്സിൽ ഹാജരാകേണം.

൧൩. ഇളകുന്നതും ഇളകാത്തതുമുള്ള വല്ല മുതലിന്റെ ആധാരങ്ങളെ രജിസ്തർ ചെയ്യുമ്പോൾ സബരജിസ്തരുടെ മേലധികാരിയായ രജിസ്തരുടെ മുമ്പാകെ ഫീസ്സ് നിശ്ചയിച്ചു രജിസ്തർ ചെയ്യേണം.

൧൪. ബ്രിട്ടിഷ് ഇന്ത്യയുടെ ഏതു അംശത്തിലും ഇളകാത്ത മുതലിന്റെ ആധാരങ്ങൾ രജിസ്തർ ചെയ്യപ്പെട്ടാൽ രജിസ്ത്രാർ ജനരാൽ അവർകളുടെ അഭിപ്രായപ്രകാരം ഫീസ്സ് വാങ്ങി രജിസ്തർ ചെയ്യേണം.

൧൫. രജിസ്തർ ചെയ്വാൻ കൊണ്ടുവരുന്ന വല്ല ആധാരം ആ ഡിസ്ത്രിക്കിൽ സാധാരണമായി നടക്കുന്ന ഭാഷയിലൊ രജിസ്തർ ഉദ്യോഗസ്ഥൻ അറിയുന്ന ഭാഷയിലൊ എഴുതിയിരിക്കുന്നില്ല എങ്കിൽ, ആ ഡിസ്ത്രിക്കിന്റെ ഭാഷയിൽ ശരിയായൊരു തൎജ്ജമയോടും പകൎപ്പോടും കൂടി ആധാരത്തെ കൊണ്ടുവരുന്നതല്ലാതെ, അതിനെ രജിസ്തർ ചെയ്വാൻ കഴിക ഇല്ല. ഇവ്വയെയും ഫയൽ ചെയ്തു തൎജ്ജമയെ പുസ്തകങ്ങളിൽ പകൎത്തു ഇണ്ടാസ്സുണ്ടും രജിസ്ത്രാർ സൎട്ടിഫികേട്ടും വെടിപ്പായി ആധാരത്തിന്മേൽ എഴുതി വെക്കേണം. മേല്പറഞ്ഞപ്രകാരം ശരിയായ തൎജ്ജമ ഉണ്ടായാൽ ഇങ്ങിനെയുള്ള കാൎയ്യത്തെ രജിസ്തർ ആപ്പിസ്സിലേക്ക് അയക്കാതെ, സബരജിസ്ത്രാ

രുടെ ആപ്പിസ്സിൽ തന്നെ റജിസ്തർ ചെയ്യാം. ഉദാഹരണം, രാജാക്കന്മാരുടെ കോലെഴുത്ത് ആധാരങ്ങൾ ആയാൽ അവററെ ഒരു മലയാള തൎജ്ജമയോടും ശരിയുള്ള പകൎപ്പോടും അയക്കേണം. അങ്ങിനെ അയക്കപ്പെട്ടവ റജിസ്ത്രൂരുടെയൊ സബ റജിസ്ത്രൂരുടെയൊ ആപ്പിസ്സിൽ റജിസ്തർ ചെയ്യാം.

൭൬. ഹിന്തുസ്ഥാനി തമിഴ് തെലുങ്ക് ഭാഷകളിൽ എഴുതിയ ആധാരങ്ങൾ ആ ഭാഷകളെ അറിയുന്ന സബറജിസ്ത്രൂരുടെ മുഖാന്തരം തൎജ്ജമയും പകൎപ്പും കൂടാതെ റജിസ്തർ ചെയ്യപ്പെടാം. സബ റജിസ്ത്രൂർ ആ ഭാഷകളെ അറിയാതിരിക്കയൊ, ആധാരം കൎണ്ണാടകം മഹറാഷ്ട്രം പാൎസി പരിന്ത്രീസ്സ് മുതലായ ഭാഷകളിൽ എഴുതപ്പെട്ടു കയൊ ചെയ്താൽ ശരിയായൊരു മലയാള തൎജ്ജമവേണം. ഇങ്ക്ലിഷ് ഭാഷയിൽ എഴുതിയ ആധാരങ്ങളെ ആ ഭാഷയിൽ തന്നെ റജിസ്തർ ചെയ്വാൻ റജിസ്ത്രൂർ ഏതു സമയത്തിലും ഒരുങ്ങിയിരിക്കും.

൭൭. ഒർ ആധാരം എഴുതി കൊടുത്ത ആളുകളും ആയതിൽ കാണിച്ച അവകാശികളും പ്രത്യേകമായൊ സാധാരണമായൊ മുക്ത്യാർ നാമം ലഭിച്ചവരും ക്രമപ്രകാരം അധികാരം ലഭിച്ച കാൎയ്യസ്ഥന്മാരും റജിസ്തർ ചെയ്വതിന്നു ഹാജരാകുമ്പോൾ റജിസ്തർ ഉദ്യോഗസ്ഥൻ ഇവർ എല്ലാവരുടെ സമ്മതം അറിഞ്ഞിട്ടു മാത്രം ആധാരത്തെ റജിസ്തർ ചെയ്കവേണം. ആധാരം എഴുതി കൊടുത്ത ആൾ മരിച്ചും ആയാളുടെ സാധാരണമൊ പ്രത്യേകമൊ ആകുന്ന മുക്ത്യാർ നാമക്കാരനും കാൎയ്യസ്ഥനുമായവൻ റജിസ്തർ ഉദ്യോഗസ്ഥന്റെ മുമ്പാകെ ഹാജരാകാതെ ഇരിക്കയും ആ മരിച്ചവൻ ഈ ആധാരം എഴുതികൊടുത്തില്ല എന്നു പറയുന്നവർ ഉണ്ടാകയും ചെയ്താലും മരിച്ചവൻ ആ ആധാരം എഴുതി കൊടുത്തതു സത്യം എന്നു റജിസ്തർ ഉദ്യോഗസ്ഥന്നു ബോദ്ധ്യം വരുന്നെങ്കിൽ റജിസ്തർ ചെയ്യാം.

൭൮. വല്ല കടത്തെ കുറിച്ചുള്ള ആധാരം റജിസ്തർ ചെയ്യേണമെങ്കിൽ മുതൽ കൊടുത്തവനും മുതൽ വാങ്ങിയവനും സമ്മതിച്ചിട്ടു റജിസ്തർ ചെയ്ക വേണം. പിന്നെ മുതൽ അടക്കേണ്ടി വരുന്ന തിയ്യതി കഴിഞ്ഞിട്ടു ഒരു കൊല്ലത്തിന്നകം കോടതിയിൽ ഒരു ഹൎജ്ജി കൊടുത്താൽ കടം വസൂലാക്കുവാൻ വേറെ ഒരു വ്യവഹാരം വേണ്ടിവരിക ഇല്ല. മുതൽ അടക്കിയ ശേഷം റജിസ്തർ ഉദ്യോഗസ്ഥന്റെ മുമ്പാകെ ഈവക ഉടമ്പടിയെ ആധാരത്തിന്മേൽ എഴുതി വെക്കു

മ്പോൾ താനും കടം കൊടുത്തവനും ഒപ്പിട്ടാൽ മതി. കടം വാങ്ങിയ വന്റെ ഒപ്പു വേണ്ടാ.

൧൯. ഒരിക്കൽ റജിസ്തർ ചെയ്യുപോയതിനെ ദുൎബ്ബലപ്പെടുത്തികൂടാ. വല്ല സബ റജിസ്ത്രാർ ഇന്നിന്ന ആധാരം റജിസ്തർ ചെയ്വാൻ ന്യായമില്ല എന്നു പറഞ്ഞാൽ റജിസ്ത്രാരുടെ മുമ്പാകെ അപ്പീൽ ചെയ്യാം. അതിന്നു വേണ്ടി ൨ അണയുടെ ഒരു മുദ്രക്കടലാസ്സ് വാങ്ങി അതിന്മേൽ എഴുതിയ ഹൎജി മേപ്പടി കല്പനയുടെ ഒരു പകൎപ്പിനോടു കൂട ൩൦ ദിവസത്തിന്നകം അപ്പീൽ വകയായി റജിസ്ത്രാരുടെ ആപ്പിസ്സിൽ ഏല്പിക്കേണം. ഈ ആധാരം റജിസ്തർ ചെയ്വാൻ ന്യായമില്ല എന്നു റജിസ്ത്രാരും കല്പിച്ചാൽ ഡിസ്ത്രിക്കിൽ ആദ്യ വ്യവഹാര അധികാരമുള്ള സിവിൽ കോടതി മുമ്പാകെ ൩൦ ദിവസത്തിന്നകം ഒരു ഹൎജി കൊടുത്തു ആധാരത്തെ റജിസ്തർ ചെയ്വാനുള്ള ന്യായത്തിന്നു തുമ്പുവരുത്തികൊള്ളേണം.

൨൦. ഇളകാത്ത മുതലിനെ കുറിച്ചുള്ള തീൎപ്പുകളെ കക്ഷിക്കാർ ഹാജരാക്കിയാൽ മാത്രം റജിസ്തർ ചെയ്യാം. ഇളകാത്ത മുതലിനെ സംബന്ധിച്ചു സിവിൽകോടതിയിൽനിന്നു ഉണ്ടായ വിധികളെയും കല്പനകളെയും റജിസ്തർ ചെയ്വാൻ വേണ്ടി കക്ഷികൾ ഹാജരാക്കുവാൻ ആവശ്യമില്ലെങ്കിലും കോടതിയിൽ നിന്നു മേല്പറഞ്ഞ വിധി കല്പനകളുടെ മെമൊരാണ്ടങ്ങളെയും അവറ്റെ റജിസ്തർ ചെയ്വാൻ വേണ്ടിയുള്ള കൂലിയേയും റജിസ്ത്രാക്കു അയക്കേണം. കോടതി വിധികളും കല്പനകളും പഞ്ചായത്തീൎപ്പുകളും ഇളകുന്ന മുതൽ സംബന്ധമുള്ളവയാകുന്നെങ്കിൽ റജിസ്തർ ചെയ്യുവേണം.

൨൧. ഇളകാത്ത മുതൽ സംബന്ധമായ ൧ാം നമ്പ്ര പുസ്തകവും മേപ്പടി മുതൽ സംബന്ധമായ കോടതി വിധികൾക്കുള്ള ൪ാം നമ്പ്ര പുസ്തകവും റജിസ്തർ ചെയ്യുന്നതിന്നു ഉണ്ടാകുന്ന വിരോധസംഗതികളെ വിവരിക്കുന്ന റിക്കാൎട്ടായ ൨ാം നമ്പ്ര പുസ്തകവും എന്നീ പുസ്തകങ്ങളുടെ ഇണ്ടെക്സുകളെ (അടക്കങ്ങളെ) നിശ്ചയിച്ച ഫീസ്സ് കൊടുക്കുന്ന ഏത് കക്ഷികൾക്കും വായിച്ചു അവയിൽനിന്നു വേണ്ടുന്ന പകൎപ്പുകൾ എടുക്കയും ചെയ്യാം.

൨൨. വല്ല ആധാരം റജിസ്തർ ചെയ്യുമ്പോൾ ആയതിൽ കാണിച്ച മുതൽ സംഖ്യ, കൊടുക്കയും വാങ്ങുകയും ചെയ്യുപ്രകാരത്തെ കാണിപ്പാൻ വേണ്ടി ആധാരത്തിന്മേൽ ഒർ ഇണ്ടാസ്മെണ്ട് (പുറത്തുള്ള എഴുത്തു) റജിസ്തർ ഉദ്യോഗസ്ഥന്റെ മുമ്പാകെ എഴുതി വെക്കുകയും വേണം.

൨൩. അധികാരപത്രികകളും വല്ല കാൎയ്യസ്ഥനെ നിശ്ചയിച്ചു അവന്നു അധികാരം കൊടുക്കുന്ന എഴുത്തുകളും ഇങ്ങിനെയുള്ള അധികാരത്തെ കൊടുക്കുന്ന ആൾ പാൎക്കുന്ന ഡിസ്ത്രിക്ടിലെ രജിസ്ത്രരുടെയൊ ഉപരജിസ്ത്രരുടെയൊ മുമ്പാകെ എഴുതി ഒപ്പിടാഞ്ഞാൽ അവ ദുൎബ്ബലമത്രെ; ഇങ്ങിനെയുള്ള അധികാരത്തെ എഴുതി കൊടുക്കുന്ന ആൾ രജിസ്ത്രേഷൻ ആക്ട നടപ്പില്ലാത്ത സ്ഥലത്തിൽ പാൎക്കുന്നു എങ്കിൽ ൩൫ാം പകുപ്പിൽ കാണിച്ച പ്രകാരം അവന്റെ ഡിസ്ത്രിക്ട കോടതിയിലെ ജഡ്ജിയെയൊ മററും വല്ല ഉദ്യോഗസ്ഥനെയൊ ആ അധികാരത്തെ ലക്ഷ്യപ്പെടുത്തേണം.

൨൪. രജിസ്ത്രർ ഉദ്യോഗസ്ഥന്മാർ എങ്കിലും അവരുടെ ആപ്പിസ്സിൽ ചേൎന്നവർ എങ്കിലും വല്ല ആധാരങ്ങളെ മനഃപൂൎവ്വമായി മാററി പകൎക്കുകയും ഇണ്ടാസ്സ് ചെയ്കയും കള്ള തൎജ്ജമ ഉണ്ടാക്കുകയും രജിസ്ത്രർ ചെയ്കയും ആൾ മാററത്തിന്നും ആധാരങ്ങളുടെ തെററായ പകൎപ്പും തൎജ്ജമയും കൊടുത്തു, രജിസ്ത്രർ ഉദ്യോഗസ്ഥന്മാരുടെ മുമ്പിൽ സത്യത്തിന്മേലൊ വെറുതെയൊ കളവു പറകയും ചെയ്താൽ അവർ ക്രിമിനാൽ ശിക്ഷയിൽ ഉൾപ്പെടുന്നു. ഈ വക കുററങ്ങളിന്മേൽ രജിസ്ത്രർജനരാലും രജിസ്ത്രരും രജിസ്ത്രരുടെ സമ്മതത്തോടു കൂടി സബരജിസ്ത്രരും അന്ന്യായപ്പെടുവാൻ കഴിയും.

൨൫. താഴെ എഴുതി വിവരിച്ചിരിക്കുന്ന രജിസ്ത്രർ ജനരാലിന്റെ സൂത്രങ്ങളെ നല്ലവണ്ണം കരുതികൊള്ളേണം. ആ സൂത്രങ്ങളിൻപ്രകാരം നടക്കാഞ്ഞാൽ ആക്ടിൻ ൮൦ാം പകുപ്പു കാണിക്കുന്ന പ്രകാരം രജിസ്ത്രർ ചെയ്യുന്നതിന്നു വിരോധം ഉണ്ടു. ആ സൂത്രങ്ങളാവിതു:

രജിസ്ത്രർ ചെയ്വാൻ ഏല്പിക്കുന്ന ആധാരങ്ങൾ മഷി കൊണ്ടു കടലാസ്സിന്മേലൊ തോൽകടലാസ്സിന്മേലൊ എഴുതി എങ്കിലും അച്ചടിച്ചു എങ്കിലും ആയിരിക്കേണം; മെപ്പൊ പ്ലാനൊ ആയാൽ ഛായമിടാം. ഓലമേൽ എഴുതിയ ആധാരങ്ങളും പെൻസ്സൽ കൊണ്ടു എഴുതിയ ആധാരങ്ങളും സ്വീകരിക്കയില്ല.

രജിസ്ത്രർ ചെയ്യുന്നതിന്നു ഏല്പിക്കുന്ന മെപ്പൊ പ്ലാനൊ ൧൮ അംഗുലം നീളവും ൧൨ അംഗുലം വീതിയുമുള്ള അളവിൽ ഏറി പോയി കൂടാ.

വേണ്ടുന്ന ഇണ്ടാസ്സുകളും സൎട്ടിഫികെട്ടും എഴുതി വെക്കേണ്ടതിന്നു എല്ലാ ആധാരങ്ങളിലും ഒരു സ്ഥലം എഴുതാതെ വിട്ടിരിക്കേണം. മിക്ക ആധാരങ്ങളിലും ൩ അംഗുലം നീളവും ൫ അംഗുലം വീതി

യുമുള്ള ഒഴിവു സ്ഥലം മതി. എങ്കിലും കക്ഷികൾ, കാൎയ്യസ്ഥന്മാർ മുക്ത്യാർ നാമക്കാർ വിസ്തരിപ്പാൻ വേണ്ടുന്ന സാക്ഷികൾ എന്നിവർ പെരുകിയാലും വിശേഷ റജിസ്ത്രർ രണ്ടാമതും റജിസ്തർ ചെയ്യേണ്ടതിന്നു സംഗതി ഉണ്ടായാലും അതിന്റെ അവസ്ഥ പോലെ അധികം സ്ഥലം ഒഴിച്ചു വെക്കേണം.

ഫന്ന. ഇളകാത്ത മുതലിനെ കുറിച്ചുള്ള ആധാരങ്ങളിൽ ഉൾപ്പെട്ട വസ്തു വക ഇരിക്കുന്ന താലൂക്ക് അംശം, ദേശം എന്നിവറ്റെ എളുപ്പത്തിൽ അറിവാൻ വേണ്ടി ആക്ടിന്റെ ഫ ഫാം പകുപ്പിൽ പറഞ്ഞപ്രകാരം ഇങ്ങിനെയുള്ള സ്ഥലഭേദങ്ങളെ ആധാരങ്ങളിൽ നല്ലവണ്ണം വിവരിച്ചു എഴുതേണം. വല്ല ആധാരത്തിൽ ഈ വിവരങ്ങൾ ദൃഷ്ടാന്തപ്പെട്ടിട്ടില്ലെങ്കിൽ, ആധാരക്കാരൻ തന്നെ ആ സ്ഥലവിവരങ്ങളെ നല്ലവണ്ണം സൂചിപ്പിക്കുന്ന ഒരു പത്രിക എഴുതി ആധാരത്തോടു കൂട എല്പിക്കേണം. അങ്ങിനെയുള്ള പത്രിക കാൎയ്യസ്ഥന്മാർ ചേൎത്താൽ പോരാ.

റജിസ്തർ ചെയ്യതിന്നു എല്പിക്കുന്ന ആധാരങ്ങളിൽ കുത്തു, തിരുത്ത് ചുരണ്ടൽ ഒഴിവുകൾ എന്നിവറ്റെ ആധാരം എഴുതികൊടുക്കുന്ന കക്ഷികൾ തന്നെ സാക്ഷ്യപ്പെടുത്തേണം. അവരുടെ കാൎയ്യസ്ഥന്മാരുടെയും മുക്ത്യാർ നാമക്കാരുടെയും സാക്ഷ്യം മാത്രമുണ്ടായാൽ മതിയാകയില്ല.

ഫ൭. പല മാതിരി റജിസ്തർ ചെയ്യാനും കമ്മിശൻ അയപ്പാനും അവരവർ പാൎക്കുന്ന സ്ഥലങ്ങളിൽ ചെന്നു വിചാരണ കഴിപ്പാനും റജിസ്തർ കഴിഞ്ഞ ആധാരങ്ങളുടെ പകൎപ്പുകളെ നോക്കുവാനും കൊടുപ്പാനുമായിട്ടു വേണ്ടുന്ന ക്രമങ്ങൾ എല്ലാം ഫവ്യന്നൂ മെയി മാസം ഫാം ൹ മുതൽ നടപ്പായിവന്ന ഫീസ്സുകളുടെ പുതിയ പത്രിക റജിസ്ത്രർജനരാലിന്റെ സൂത്രങ്ങളിൽ ചേൎന്നിരിക്കുന്നു.

ഫവ്വ. പ്രജകൾ തമ്മിൽ എഴുതിക്കൊടുക്കുന്ന ആധാരങ്ങളെ റജിസ്തർ ചെയ്യും പോലെ സൎക്കാർ താനും തനിക്കു വേണ്ടിയും തന്റെ പേൎക്കായിട്ടും വല്ല ആധാരങ്ങളെ എഴുതുകയൊ എഴുതിക്കയൊ ചെയ്താൽ അങ്ങിനെയുള്ള ആധാരങ്ങളും റജിസ്തർ നിയമങ്ങളിൽ ചേരുകയും ചെയ്യുന്നു; എങ്കിലും സൎക്കാർ ഉദ്യോഗസ്ഥന്മാർ താന്താങ്ങൾ ഹാജരാവാൻ ആവശ്യമില്ല. സൎക്കാരിൽനിന്നു വാങ്ങിയ തരിശഭൂമികൾക്കും കുററിമുടിഞ്ഞ ഭൂമികൾക്കുമുള്ള ആധാരങ്ങളുടെ ഉടമസ്ഥന്മാർ മേപ്പടി ആധാരങ്ങളെ ഈ ആക്ടപ്രകാരം ക്രമമായി റജിസ്തർ ചെയ്യുന്നതിൽ ഉത്സാഹികളായിരിക്കേണം.

൨൯. ഈ ആക്ടപ്രകാരം സബരജിസ്ത്രാന്മാർ തങ്ങളുടെ ആപ്പിസ്സിൽ വെക്കേണ്ടുന്ന പുസ്തകങ്ങളാവിതു:

൧ാം നമ്പ്ര. ഇളകാത്ത മുതലിനെ കുറിച്ചുള്ള ആധാരങ്ങൾ മുറ്റും കൈവിട്ടു കൊടുക്കലിന്റെയും പണയത്തിന്റെയും മറ്റും ആധാരങ്ങളുടെയും റജിസ്തർ പുസ്തകം ഇതു ഇപ്പോഴത്തെ ൧ാം ൨ാം നമ്പ്ര പുസ്തകത്തിന്നു പകരമായിരിക്കും.

൨ാം നമ്പ്ര. റജിസ്തർ നിഷേധകാരണങ്ങളെ വിവരിക്കുന്ന റിക്കാൎട്ടുപുസ്തകം.

൩. നമ്പ്ര. ഇളകാത്ത മുതൽ സംബന്ധിച്ച കോടതി വിധികളുടെയും കല്പനകളുടെയും റജിസ്തർ പുസ്തകം. ഇതിൽ കോടതികളിൽനിന്നു റജിസ്ത്രാർ മുഖാന്തരം അയക്കുന്ന വിധി. കല്പന എന്നിവയുടെ മെമ്മരണ്ടങ്ങൾ ഫയൽ ചെയ്തു ചേൎക്കുക വേണം.

൪. നമ്പ്ര. ആക്ടിലെ ൧൮ാം പകുപ്പിന്റെ ൩ാം ൭ാം ഖണ്ഡങ്ങൾ റജിസ്തർ ചെയ്യുന്നതും ൧ാം ൨ാം നമ്പ്രപുസ്തകങ്ങളിൽ ചേൎത്തിട്ടില്ലാത്തതുമുള്ള മറ്റെല്ലാ ആധാരങ്ങളുടെയും ഒരു റജിസ്തർ പുസ്തകം.

൩൧. വല്ല ആധാരങ്ങളെ റജിസ്തർ ചെയ്യുമ്പോൾ ആധാരക്കാരൻ റജിസ്തർ ആപ്പീസ്സിൽ ഹാജരായ തിയ്യതിയും മണിക്കൂറും സ്ഥലവും ആധാരക്കാരുടെ ഒപ്പും ഇത്യാദി ആധാരങ്ങളുടെ പുറഭാഗത്തു എഴുതിവെക്കേണം. വിചാരണ ഒരു ദിവസത്തിൽ അധികം നടക്കേണ്ടിവന്നാൽ മേല്പറഞ്ഞപ്രകാരം ദിവസംപ്രതി ആധാരത്തിന്റെ പുറത്തു എഴുതുന്ന തിയ്യതിയുടെ കീഴിൽ റജിസ്തർ ഉദ്യോഗസ്ഥൻ ഒപ്പിട്ടു റജിസ്തർ ചെയ്തു തീൎന്നാൽ ആധാരത്തിന്നു മുദ്രയും ഒപ്പും കൂട്ടി റജിസ്തർ സൎട്ടിഫിക്കെട്ട അതിന്മേൽ എഴുതുകയും വേണം.

൩൨. ഓലയാധാരങ്ങളെ റജിസ്തർ ചെയ്കയില്ല എന്നു കല്പിക്കയാൽ ആൎക്കും ഒരു സങ്കടം വെണ്ടാ ഓലയാധാരത്തെ മടക്കി കൊടുത്താൽ സമവിലയുള്ളൊരു മുദ്രക്കടലാസ്സു കൊടുക്കാം എന്നു റവന്യൂ ബൊൎഡുകാർ കല്പിച്ചിരിക്കുന്നു.

ഇന്ത്യ റജിസ്ത്രേഷൻ ആക്ടപ്രകാരം വസൂലാക്കുന്ന

## ഫീസ്സിന്റെ വിവരപട്ടിക.

൧. മുന്നൂറു വാക്കിൽ ഏറാത്തതും നൂറു ഉറുപ്പിക വിലയിൽ ഏറാത്തതുമുള്ള ആധാരത്തിന്നു ഉറുപ്പിക ൧.

൨. നൂറു ഉറുപ്പികയിൽ ഏറുന്നതും ആയിരം ഉറുപ്പികയിൽ ഏറാത്തതുമുള്ള വിലയെ കാണിക്കുന്ന ആധാരത്തിന്നു ഉറുപ്പിക ൨.

൩. ആയിരം ഉറുപ്പികയിൽ ഏറുന്നതും അയ്യായിരം ഉറുപ്പികയിൽ ഏറാത്തതുമുള്ള വിലയെ കാണിക്കുന്ന ആധാരത്തിന്നു ഉറുപ്പിക ൩.

൪. അയ്യായിരം ഉറുപ്പികയിൽ കയറുന്ന ഓരൊ ആയിരത്തിന്നും ആയിരത്തിന്റെ ഓരോരൊ അംശത്തിന്നും ൮. ൮. അണ ഫീസ്സും കയറും.

൫. ൫൨ാം പകുപ്പിൻപ്രകാരം വിശേഷ റജിസ്തൂരിന്നു പതിവായ ഫീസ്സിന്നു പുറം അത്രെ തന്നെ വിശേഷ ഫീസ്സും കൊടുക്കേണം.

൬. ഓരൊ തിരഞ്ഞു നോക്കലിന്നു ഉറുപ്പിക ൧.

൭. റജിസ്തൂർ ചെയ്യു വല്ല ആധാരത്തിന്റെ പകൎപ്പു എടുക്കുന്നതിന്നും മരണപത്രങ്ങളും അവറ്റിനൊടു ചേൎന്ന ഉപപത്രങ്ങളും പുത്രനെ ദത്തെടുപ്പാനുള്ള അധികാരപത്രങ്ങളും മറ്റും റജിസ്തൂർ പുസ്തകത്തിൽ പൂട്ടി മുദ്ര വെച്ച ഒരു ലക്കൊട്ടിലുള്ള സാധനങ്ങളും ചെൎക്കേണ്ടതിന്നു നൂറു വാക്കുകൾക്കൊ നൂറു വാക്കുകളുടെ ഒരു അംശത്തിന്നൊ ൪. ൪. അണ.

൮. വല്ല കാൎയ്യസ്ഥന്നു പ്രത്യേകമുള്ള മുക്ത്യാർ നാമത്തിന്നു ഒപ്പിടുവാൻ അണ ൮.

൯. സാധാരണമുക്ത്യാർ നാമത്തിന്നു ഒപ്പിടുവാൻ ഉറുപ്പിക ൧.

൧൦. മരണപത്രവും അതിനോടു ചേൎന്ന ഉപപത്രവും പുത്രനെ ദത്തെടുപ്പാനുള്ള അധികാരപത്രവും അടങ്ങി പൂട്ടി മുദ്രവെച്ച വല്ല ലക്കൊട്ടിനൊടു കൂടി റജിസ്തൂർ ചെയ്യു നല്ലവണ്ണം സൂക്ഷിക്കേണ്ടതിന്നു ഉറുപ്പിക ൫.

൧൧. പൂട്ടി മുദ്രവെച്ച ലക്കൊട്ടിനെ മടങ്ങി വാങ്ങുന്നതിന്നു ഉറുപ്പിക ൨.

൧൨. ഒരു തൎജ്ജമ ഫയൽ ചെയ്യേണ്ടതിന്നു ഉറുപ്പിക ൧.

൧൩. വല്ല സ്ഥലത്തേക്ക് ഒരു കമ്മിഷൻ അയക്കുന്നതിന്നൊ വല്ലവരുടെ പാൎപ്പിടത്തിലെക്ക് ചെല്ലുന്നതിന്നൊ പത്തു ഉറുപ്പികയും താഴെ വിവരിപ്പാൻ പോകുന്ന നിറക്കുപ്രകാരം ബത്തയും.

൧൪. ൧൩ാമതിൽ വിവരിച്ച അവസ്ഥകളിൽ വല്ല പെണ്ണിന്നെ ചേൎക്കേണ്ടിവന്നാൽ അഞ്ചു ഉറുപ്പികയുള്ളൊരു വിശേഷ ഫീസ്സ് കൊടുക്കേണം.

൧൫. നൂറു ഉറുപ്പികയിൽ ഏറുന്ന വിലയെ കാണിക്കുന്ന ആധാരത്തിൽ മുന്നൂറു വാക്കുകളിൽ അധികം അടങ്ങിയിരുന്നാൽ കയ്യൊപ്പിട്ടു കൊടുക്കുന്ന പകൎപ്പുകൾക്കു നിശ്ചയിച്ച നിറക്കിൻപ്രകാരം അധികമുള്ള വാക്കുകൾക്കു ഫീസ്സ് ചുമത്തെണം.

൧൬. റജിസ്തർ ചെയ്വാൻ ഏല്പിച്ചു കൊടുക്കുന്ന ആധാരത്തോടു കൂട വല്ല പട്ടികകൾ ചേൎന്നിരുന്നാൽ ആ പട്ടികകളിൽ അടങ്ങിയ വാക്കുകളുടെ എണ്ണത്തിൻപ്രകാരം കൈയൊപ്പിട്ട പകൎപ്പുകൾക്കു നിശ്ചയിച്ച നിറക്കുപ്രകാരം ഫീസ്സുണ്ടാകും.

൧൭. ൭൨. ൭൩. ൭൪. ൭൮ എന്നീ പകുപ്പുകളുടെ നിബന്ധനപ്രകാരം ഒരു കച്ചേരിയിൽനിന്നു മറ്റൊരു കച്ചേരിലേക്ക് പോകെണ്ടുന്ന ആധാരങ്ങളുടെയും അവറ്റൊടു ചേൎന്നിരിക്കുന്ന പുറത്തെഴുത്തുകൾ സാക്ഷ്യലിഖിതങ്ങളുടെയും എല്ലാ പകൎപ്പുകളും കയ്യൊപ്പിട്ട പകൎപ്പുകൾക്കു നിശ്ചയിച്ച നിറക്കിൻപ്രകാരം റജിസ്തർ ചെയ്യുതിന്നു അപേക്ഷിക്കുന്ന കക്ഷികളുടെ ചെലവിനാൽ ഹാജരാകേണം.

൧൮. ഒരു ആധാരത്തിന്റെ പകൎപ്പിന്നെയൊ പ്രതിയൊ അസ്സലാധാരത്തിനോടു കൂട റജിസ്തർ ചെയ്യുതിന്നു കയ്യൊപ്പിട്ട പകൎപ്പുകൾക്കു നിശ്ചയിച്ച നിറക്കിൻപ്രകാരം ഫീസ്സുണ്ടാകും.

൧൯. വല്ലവരുടെ പാൎപ്പിടത്തിലെക്കു ചെല്ലുന്നതിന്നും മടങ്ങിപോകുന്നതിന്നും റജിസ്തർ ഉദ്യോഗസ്ഥന്മാൎക്കു ഓരൊ മൈലിന്നു ഈരണ്ട് അണ ബത്ത കൊടുക്കെണ്ടിവരും.

൨൦. റജിസ്ത്രാർ ഒരു കവിനാന്ത ഉദ്യോഗസ്ഥനൊ കമ്മീഷൻ അധികാരം ലഭിച്ച ഉദ്യോഗസ്ഥനൊ ആകുന്നെങ്കിൽ അവന്നു ഒരൊ മൈലിന്നു എട്ടെട്ട് അണ ബത്ത ഉണ്ടാകും,

൨൧. റജിസ്ത്രാർ ജനറാലിന്നു ൩൧ാം പകുപ്പിൻപ്രകാരം ഓരൊ റജിസ്തർ വേലക്ക് പതുപ്പത്തു ഉറുപ്പികയും റജിസ്ത്രാൎക്കു ഓരൊ റജിസ്തർ വേലക്ക് അയ്യഞ്ചു ഉറുപ്പികയും അധികം ഫീസ്സുണ്ടാകും.

# ടപ്പാൽ ക്രമങ്ങൾ.

കത്തു പുസ്തകം ഭാണ്ഡം എന്നിവയുടെ തൂക്കത്തിൻ പ്രകാരം ടപ്പാൽ കൂലിവിവരം.

---

## ൧. കത്തു.

| തൂക്കം. | | | മുദ്രവില. |
|---|---|---|---|
| I ഉറുപ്പികത്തൂക്കം ഏറാത്തതിന്നു | | | പൈ ൬. |
| II ഉറു. | „ | „ | അണ ൧. |
| ൧ ഉറു. | „ | „ | „ ൨. |
| ൧II ഉറു. | „ | „ | „ ൩. |
| ൨ ഉറു. | „ | „ | „ ൪. |

ഇങ്ങിനെ ഓരൊ അര ഉറുപ്പികയുടെയും അതിന്റെ വല്ല അംശത്തിന്റെയും തൂക്കം കയറുന്നതിന്നു ഓരോ അണയുടെ വില ഏറുകയും ചെയ്യും. ഒരു കത്തിന്നു വെച്ച മുദ്ര പോരാതെയായ്പന്നാൽ ആ പോരാത്ത മുദ്രയുടെയും ന്യായമായ കൂലിയുടെയും ഭേദത്തെ കത്തു വാങ്ങുന്നവർ ഇരട്ടിപ്പായി കൊടുക്കേണ്ടിവരും. മുദ്ര ഇല്ലാത്ത കത്തിന്നു ഇരട്ടിച്ച കൂലി ഉണ്ടു താനും. ൧൨ ഉറുപ്പിക തൂക്കത്തിന്നു ഏറുന്നവ ഭാണ്ഡടപ്പാൽ നടക്കുന്ന കച്ചേരികളിൽ കത്തു എന്നു വെച്ചു എടുക്കയില്ല; ഭാണ്ഡത്തിൽ അത്രെ ചേൎക്കുന്നുള്ളു. ഭാണ്ഡമില്ലാത്ത കച്ചേരികളിൽ എടുക്കയും ചെയ്യും.

## ൨. പുസ്തകം.

പുസ്തകം വൎത്തമാനക്കടലാസ്സു മുതലായ എഴുത്തുകളും മററും ചെറുവക സാമാനങ്ങളും ടപ്പാൽ വഴിയായി അയപ്പാൻ വിചാരിച്ചാൽ, അവററെ രണ്ടു പുറത്തും തുറന്നിരിക്കുന്ന മെഴുത്തുണിയിൽ കെട്ടി, "പുസ്തകടപ്പാൽ" എന്ന വാക്കിനെ തലക്കൽ എഴുതേണം. എന്നാൽ ൧൦ ഉറുപ്പിക (I റാത്തൽ) തൂക്കം ഏറാത്തതിന്നു ഒർ അണയുടെയും ൨൦ ഉറുപ്പികത്തൂക്കം ഏറാത്തതിന്നും രണ്ടു അണയുടെയും മുദ്രയെ പതിക്കേണം. പിന്നെ പതുപ്പത്തു ഉറുപ്പികയൊ പത്തു ഉറുപ്പികയുടെ വല്ല അംശമോ കയറുന്ന തൂക്കത്തിന്നു ഓരോ അണ ടപ്പാൽ കൂലിയും കയറും. (പത്തു ഉറുപ്പിക ശരിയായ തൂക്കമുള്ള പുസ്ത

കത്തിന്റെ കൂലി ൧ അണ എങ്കിലും പത്തു ഉറുപ്പികത്തൂക്കത്തിൽ ഒരു രോമംപോലും ഏറുന്നതിന്നു രണ്ട് അണ.) ൨൦൦ ഉറുപ്പിക തൂക്കത്തിൽ അധികമുള്ള പുസ്തകത്തെ എടുക്കുന്നില്ല. മുദ്ര വെക്കാതെ ഈ ടപ്പാൽ വഴിയായി ഒന്നും അയച്ചു കൂടാ. എന്നാൽ ഈ ഇങ്ക്ലിഷ് സൎക്കാൎക്ക അധീനമായിരിക്കുന്ന ഹിന്തുരാജ്യങ്ങളുടെ ഏതു സ്ഥലത്തിലേക്കും മേല്പറഞ്ഞ തൂക്കമുള്ള കത്തിന്നും പുസ്തകത്തിന്നും മേല്പറഞ്ഞ കൂലിയും മതി. കണ്ണൂരിലേക്കും കാശിയിലേക്കും ഒക്കുന്ന തൂക്കത്തിന്നും ഒക്കുന്ന കൂലിയും വേണം.

## ൩. ഭാണ്ഡം.

| ൦രം തൂക്കത്തിന്നു ഏറാത്തതിന്നു | | ഉറുപ്പിക തൂക്കം. ൨൦ | ൫൦ | ൧൦൦ | ൨൦൦ | ൩൦൦ | ൪൦൦ | ൫൦൦ | ൬൦൦ |
|---|---|---|---|---|---|---|---|---|---|
| ൦രം മൈലിന്നു. ഏറാത്തതിന്നു | മൈലസ | ഉ. അ. | ഉ. അ. | ഉ. അ. | ഉ. അ. | ഉ. അ. | ഉ. അ. | ഉ. അ. | ഉ. അ. |
| | ൩൦൦ | ൦ ൪ | ൦ ൮ | ൦ ൧൨ | ൧ ൮ | ൨ ൪ | ൩ ൦ | ൩ ൧൨ | ൪ ൮ |
| | ൬൦൦ | ൦ ൮ | ൧ ൦ | ൧ ൮ | ൩ ൦ | ൪ ൮ | ൬ ൦ | ൭ ൮ | ൯ ൦ |
| | ൯൦൦ | ൦ ൧൨ | ൧ ൮ | ൨ ൪ | ൪ ൮ | ൬ ൧൨ | ൯ ൦ | ൧൧ ൪ | ൧൩ ൮ |
| | ൧൨൦൦ | ൧ ൦ | ൨ ൦ | ൩ ൦ | ൬ ൦ | ൯ ൦ | ൧൨ ൦ | ൧൫ ൦ | ൧൮ ൦ |
| | ഇതിൽ ഏറുന്നതിന്നു | ൧ ൪ | ൨ ൮ | ൩ ൧൨ | ൭ ൮ | ൧൧ ൪ | ൧൫ ൦ | ൧൮ ൧൨ | ൨൨ ൮ |

ഇങ്ങിനെ അയക്കുന്ന കെട്ടുകളിൽ ഒരു കത്തിനെ മാത്രം വെക്കാം; അധികം കത്തുകളെ വെച്ചാൽ ൫൦ ഉറുപ്പികയോളം പിഴ ഉണ്ടാകും. എന്നാൽ കെട്ടിനെ മെഴുത്തുണികൊണ്ടു നല്ലവണ്ണം പൊതിഞ്ഞു അരക്ക് കൊണ്ടു മുദ്രയിട്ടും "ഇതിൽ റെഗ്യുലേഷിന്നു വിപരീതമായി ഏതുമില്ല" എന്നു തലക്കൽ ഒരു എഴുത്തും അയക്കുന്നവരുടെ പേരും ഒപ്പും വെക്കുകയും വേണം. മേല്പറഞ്ഞ കൂലി പണമായിട്ടൊ മുദ്രയായിട്ടൊ കൊടുക്കുന്നതിൽ ഭേദം ഇല്ല. കൂലി കൊടുക്കാതെ അയച്ചാൽ വാങ്ങുന്നവർ ഈ കൂലി തന്നെ കൊടുത്താൽ മതി.

അടിയളവുകൊണ്ടു

## സമയം അറിയേണ്ടുന്ന വിധം.

താഴെ എഴുതുന്ന ക്രമപ്രകാരം അടി അളന്നു നോക്കുന്നതു ഉച്ചെക്കു മുമ്പെ ആകുന്നു എങ്കിൽ, ഉദിച്ചിട്ടു ഇത്ര നാഴിക കഴിഞ്ഞു എന്നും, ഉച്ച തിരിഞ്ഞശേഷം ആകുന്നു എങ്കിൽ, അസ്തമിപ്പാൻ ഇത്ര നാഴിക ഉണ്ടെന്നും അറിയാം.

### മേടം ചിങ്ങം എന്നീമാസങ്ങളിൽ.

സിംഹാജഗതെ ദിനപെ വൃഷ, രംഗെ, പര, ശുകൊ, രാകാ, ബുധ, വസു, പതി, നാമ, നാഭ്രൽ, കലി, ഗിരി, ശായീ, സ്കാനം, ഗനാ, നൂനം.

| അടി | ൬൪ | ൩൨ | ൨൧ | ൧൫ | ൧൨ | ൯ | ൭ | ൬ | ൫ | ൪ | ൩ | ൨ | ൧ | ൦ | ൦ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| അംഗുലം | ൦ | ൦ | ൦ | ൦ | ൦ | ൩ | ൪ | ൧ | ൦ | ൦ | ൧ | ൩ | ൫ | ൬ | ൩ |
| നാഴിക | ൧ | ൨ | ൩ | ൪ | ൫ | ൬ | ൭ | ൮ | ൯ | ൧൦ | ൧൧ | ൧൨ | ൧൩ | ൧൪ | ൧൫ |

### ഇടവം കൎക്കിടകം എന്നീ മാസങ്ങളിൽ.

സൂൎയ്യെ വൃഷകൎക്കിഗതെ സുത, ബല, രാത്രൌ, തപഃ, പ്രാപ്യം, ശുദ്ധിഃ, നിജ, ശത, ഗോമാൻ, ഗവി, ഭഗ, തരു, പുഷ്ടു, മുഖ്യ, രൂപ, പയഃ.

| അടി | ൬൭ | ൩൩ | ൨൨ | ൧൬ | ൧൨ | ൯ | ൮ | ൬ | ൫ | ൪ | ൩ | ൨ | ൨ | ൧ | ൧ | ൧ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| അംഗുലം | ൦ | ൦ | ൦ | ൦ | ൦ | ൫ | ൦ | ൫ | ൩ | ൩ | ൪ | ൬ | ൧ | ൫ | ൨ | ൧ |
| നാഴിക | ൧ | ൨ | ൩ | ൪ | ൫ | ൬ | ൭ | ൮ | ൯ | ൧൦ | ൧൧ | ൧൨ | ൧൩ | ൧൪ | ൧൫ | ൧൬ |

### മിഥുന മാസത്തിൽ.

മിഥുനഗതെ മാൎത്താണ്ഡെ ധൂൎത്ത, ഭൃഗുഃ, ക്രൂര, ചാപ, ഗോപ്യ, നടാഃ, രാജ, സിത, ചൎമ്മ, ശോഭാ, സ്ഥല, കുല, വീരൊ, നര, സൂയൊ, ൎമ്മധ്യെ.

| അടി | ൬൯ | ൩൪ | ൨൨ | ൧൬ | ൧൩ | ൧൦ | ൮ | ൬ | ൫ | ൪ | ൩ | ൩ | ൨ | ൨ | ൧ | ൧ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| അംഗുലം | ൦ | ൦ | ൦ | ൦ | ൦ | ൦ | ൨ | ൭ | ൬ | ൫ | ൭ | ൧ | ൪ | ൦ | ൬ | ൫ |
| നാഴിക | ൧ | ൨ | ൩ | ൪ | ൫ | ൬ | ൭ | ൮ | ൯ | ൧൦ | ൧൧ | ൧൨ | ൧൩ | ൧൪ | ൧൫ | ൧൬ |

## കന്നി മീനം എന്നീമാസങ്ങളിൽ.

ദിനകൃതി കന്ന്യാഝഷഗെ ഗതി, ഖണ്ഡ, നര, മയം, രാജ്യം, യുദ്ധ, ലസൽ, കൃഷി, നാശം, നവ, കുല, ഗോത്രം, തടാ, ഗയാ, പുണ്യം.

| അടി | ൬൩ | ൩൨ | ൨൦ | ൧൫ | ൧൨ | ൯ | ൭ | ൬ | ൫ | ൪ | ൩ | ൨ | ൧ | ൧ | ൧ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| അംഗുലം | ൦ | ൦ | ൦ | ൦ | ൦ | ൧ | ൩ | ൧ | ൦ | ൦ | ൧ | ൩ | ൬ | ൩ | ൧ |
| നാഴിക | ൧ | ൨ | ൩ | ൪ | ൫ | ൬ | ൭ | ൮ | ൯ | ൧൦ | ൧൧ | ൧൨ | ൧൩ | ൧൪ | ൧൫ |

## കുംഭം തുലാം എന്നീ മാസങ്ങളിൽ.

കുംഭതുലാസ്ഥെ ഭാനൌ ഭ്രുതി, ഫലം, ഗുരു, ശുക, ശ്രേയാൻ, മധു, സ്വസ്ഥ, മുക്തി, വാണീ, ശിവ, സാംഗീ, ലോല, സൂത്ര, ചിത്ര, മുഖീ.

| അടി | ൬൪ | ൩൨ | ൨൩ | ൧൫ | ൧൨ | ൯ | ൭ | ൬ | ൫ | ൪ | ൩ | ൩ | ൨ | ൨ | ൨ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| അംഗുലം | ൦ | ൦ | ൦ | ൦ | ൦ | ൫ | ൪ | ൫ | ൪ | ൫ | ൭ | ൩ | ൭ | ൬ | ൫ |
| നാഴിക | ൧ | ൨ | ൩ | ൪ | ൫ | ൬ | ൭ | ൮ | ൯ | ൧൦ | ൧൧ | ൧൨ | ൧൩ | ൧൪ | ൧൫ |

## വൃശ്ചികം മകരം എന്നീ മാസങ്ങളിൽ.

വൃശ്ചികമകരഗതെക്കെ ജാത, ഭഗ, ശ്രേഷ്ഠ, ചോദ്യ, രമ്യ, നയാഃ, തേജൊ, ഗാഥീ, ഗൊപ്യാ, വിഷ്ണു, സഭാ, ഗവി, കവി, നന്ദഃ, സ്ഥൂലം.

| അടി | ൬൮ | ൩൪ | ൨൨ | ൧൬ | ൧൨ | ൧൦ | ൮ | ൭ | ൬ | ൫ | ൪ | ൪ | ൪ | ൪ | ൩ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| അംഗുലം | ൦ | ൦ | ൦ | ൦ | ൦ | ൦ | ൬ | ൩ | ൩ | ൪ | ൭ | ൩ | ൧ | ൦ | ൭ |
| നാഴിക | ൧ | ൨ | ൩ | ൪ | ൫ | ൬ | ൭ | ൮ | ൯ | ൧൦ | ൧൧ | ൧൨ | ൧൩ | ൧൪ | ൧൫ |

## ധനുമാസത്തിൽ.

ചാപഗതെ ദിവസകരെ നാഥ, ശിലാ, ഗോത്ര, സൌമ്യ, ലോക, പട്ടഃ, യുദ്ധെ, തീൎത്ഥ, സീതാ, ക്ഷീണാ, ഗുണ, നാമ, മേവ, ഭാവി, ഗവാം.

| അടി | ൭൦ | ൩൫ | ൨൩ | ൧൭ | ൧൩ | ൧൧ | ൯ | ൭ | ൬ | ൫ | ൫ | ൫ | ൪ | ൪ | ൪ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| അംഗുലം | ൦ | ൦ | ൦ | ൦ | ൦ | ൦ | ൧ | ൬ | ൭ | ൬ | ൩ | ൦ | ൫ | ൪ | ൩ |
| നാഴിക | ൧ | ൨ | ൩ | ൪ | ൫ | ൬ | ൭ | ൮ | ൯ | ൧൦ | ൧൧ | ൧൨ | ൧൩ | ൧൪ | ൧൫ |

# പെരുനാളുകളുടെ വിവരം

## ക്രിസ്ത്യപെരുനാളുകൾ.

| | | | | |
|---|---|---|---|---|
| ആണ്ടുപിറപ്പു | ജനുവരി | ൧ | ധനു | ൧൯ |
| പ്രകാശനദിനം | „ | ൬ | „ | ൨൪ |
| സപ്തതിദിനം | „ | ൨൪ | മകരം | ൧൩ |
| നൊമ്പിന്റെ ആരംഭം | ഫിബ്രുവരി | ൧൦ | „ | ൩൦ |
| നഗരപ്രവേശനദിനം | മാൎച്ച | ൨൧ | മീനം | ൯ |
| ക്രൂശാരോഹണദിനം | „ | ൨൬ | „ | ൧൪ |
| പുനരുത്ഥാനനാൾ | „ | ൨൮ | „ | ൧൬ |
| സ്വൎഗ്ഗാരോഹണദിനം | മെയി | ൬ | മേടം | ൨൫ |
| പെന്തകൊസ്തുനാൾ | „ | ൧൬ | എടവം | ൪ |
| ത്രീത്വനാൾ | „ | ൨൩ | „ | ൧൧ |
| ഇങ്ക്ലിഷരാജ്ഞി ജനിച്ച നാൾ | മെയി | ൨൪ | എടവം | ൧൨ |
| യോഹന്നാൻ സ്നാപകൻ | ജ്രൂൻ | ൨൪ | മിഥുനം | ൧൨ |
| ഒന്നാം ആഗമനനാൾ | നവെംബർ | ൨൮ | വൃശ്ചികം | ൧൪ |
| അന്ത്രയൻ | „ | ൩൦ | „ | ൧൬ |
| ക്രിസ്തൻ ജനിച്ചനാൾ | ഡിസെംബർ | ൨൫ | ധനു | ൧൨ |
| സ്തെഫാൻ | „ | ൨൬ | „ | ൧൩ |
| യോഹന്നാൻ സുവിശേഷകൻ | „ | ൨൭ | „ | ൧൪ |

## ൨. ഹിന്തുക്കളുടെ പെരുനാളുകൾ.

| | | | | |
|---|---|---|---|---|
| വിഷു | മേടം | ൧ | എപ്രിൽ | ൧൨ |
| പിതൃകൎമ്മം | കൎക്കിടകം | ൨൪ | അഗുസ്തു | ൭ |
| തിരുവോണം | ചിങ്ങം | ൬ | „ | ൨൦ |
| ആയില്യം മകം | „ | ൨൧, ൨൨ | സപ്തെംബർ | ൪, ൫ |

## ൩. മുഹമ്മദീയ പെരുനാളുകൾ.

| | | | | |
|---|---|---|---|---|
| ചെറിയ പെരുനാൾ | റമുള്ളാൻ | ൩൦ | ജനുവരി | ൧൩ |
| ബറത്ത | ശബ്ബാൽ | ൧൫ | „ | ൨൮ |
| ഹജി | ദുല്ഹജി | ൧൦ | മാൎച്ച | ൨൩ |
| മുഹറം | മുഹറം | ൧ | എപ്രിൽ | ൧൩ |

 നിങ്ങളുടെ നാമങ്ങൾ സ്വൎഗ്ഗങ്ങളിൽ എഴുതി വെച്ചതിൽ
സന്തോഷിക്കയാവു. ലൂക്ക. ൰, ൨൰.

# LIST OF
# MALAYALAM BOOKS.

## മലയാള
## പുസ്തകങ്ങളുടെ പട്ടിക.

| | ഉ. | അ. | പൈ. |
|---|---|---|---|
| സത്യവേദ ഇതിഹാസം ൧ാം ഭാഗം. | 0 | 1 | 0 |
| സങ്കീൎത്തനം. | 0 | 1 | 0 |
| ക്രിസ്തുമാൎഗ്ഗത്തിന്റെ ഉപദേശസംഗ്രഹം | 0 | 1 | 0 |
| സഭാക്രമം | 0 | 1 | 0 |
| ഈരേഴ പ്രാൎത്ഥനകളും നൂറു വേദധ്യാനങ്ങളുമായ നിധിനിധാനം. | 0 | 2 | 0 |
| പവിത്രചരിത്രം. | 0 | 8 | 0 |
| സ്ഥിരീകരണപുസ്തകം. | 0 | 0 | 4 |
| നീതിമാൎഗ്ഗം. | 0 | 0 | 2 |
| യോഹാൻ ബപ്തിസ്തു ദസല്വ എന്ന ഒരു കാഫ്രിയുടെ ജീവിതം. | 0 | 0 | 8 |
| സത്യവിശ്വാസത്തെ കുറിച്ചുള്ള വാക്കുകൾ. | 0 | 2 | 0 |
| ലൂഥരിന്റെ ചെറിയ ചോദ്യോത്തരങ്ങളുടെ പുസ്തകം. | 0 | 0 | 6 |
| സത്യവേദകഥകൾ ഒന്നാം ഖണ്ഡം. | 0 | 1 | 0 |
| അഫ്രിക്കാന്റെ കഥ. | 0 | 0 | 6 |
| പടനായകനായ ഹവലൊക് സായ്പിന്റെ ജീവചരിത്രം. | 0 | 0 | 8 |
| കൎത്താവിന്റെ പ്രാൎത്ഥന. | 0 | 0 | 4 |
| വിഗ്രഹാരാധനവും ക്രിസ്തീയധൎമ്മവും. | 0 | 4 | 0 |
| വലിയ പാഠാരംഭം. | 0 | 2 | 0 |
| സഞ്ചാരിയുടെ പ്രയാണം. | 0 | 4 | 0 |
| ക്ഷേത്രഗണിതം. | 0 | 6 | 0 |
| മാനുഷഹൃദയം. | 0 | 2 | 0 |
| കണക്കു പുസ്തകം. | 0 | 1 | 0 |
| മുഹമ്മദചരിത്രം. | 0 | 4 | 0 |
| സത്യവേദകഥകൾ ഒന്നാം രണ്ടാം ഖണ്ഡം. | 0 | 3 | 0 |
| സത്യോപദേശം. | 0 | 0 | 2 |
| ആത്മാവും ദൈവവുമായിട്ടുള്ള സംഭാഷണം. | 0 | 0 | 2 |
| സന്മരണവിദ്യ. | 0 | 0 | 4 |
| നീതിമാൎഗ്ഗം. | 0 | 0 | 3 |

| | ഉ. | അ. | പൈ. |
|---|---|---|---|
| പാപഫലപ്രകാശനം | 0 | 0 | 4 |
| നള ചരിതസാരശോധന | 0 | 1 | 0 |
| നല്ല ഇടയന്റെ അന്വേഷണചരിത്രം | 0 | 0 | 3 |
| ദേവവിചാരണ | 0 | 1 | 0 |
| പാപികളുടെ സ്നേഹിതൻ | 0 | 0 | 6 |
| First Malayalam Translator with Vocabulary | 0 | 4 | 0 |
| മാൎഗ്ഗനിശ്ചയം | 0 | 0 | 3 |
| സഞ്ചാരിയുടെ പ്രയാണ ചരിത്രച്ചുരുക്കം | 0 | 0 | 4 |
| ക്രിസ്തുന്റെ അവതാരം | 0 | 0 | 2 |
| ക്രിസ്ത്വാവതാരപാട്ട് | 0 | 0 | 3 |
| മതവിചാരണ | 0 | 0 | 6 |
| ശൎമ്മന്ന്യരാജ്യത്തിലെ ക്രിസ്തുസഭാനവീകരണം | 0 | 1 | 6 |
| മൈമാൎഗ്ഗപാനം ഒന്നാം അംശം | 0 | 0 | 6 |
| „ രണ്ടാം അംശം | 0 | 0 | 6 |
| സത്യവേദചരിത്രസാരം ഒന്നാം അംശം | 0 | 0 | 3 |
| പഞ്ചതന്ത്രം | 0 | 12 | 0 |
| സംഖ്യാവിദ്യ | 0 | 3 | 0 |
| ക്രിസ്തീയ ഗീതങ്ങൾ | 0 | 8 | 0 |
| ഇടയ ചരിത്രഗീതം | 0 | 0 | 2 |
| മലയാള ഭാഷാവ്യാകരണം | 1 | 8 | 0 |

## അച്ചടിച്ച് തീരാറായിരിക്കുന്ന പുസ്തകങ്ങളുടെ വിവരം.

പുതിയ നിയമം . . . . . . . . . . . . . .

പൂൎവ്വമൈമാൎഗ്ഗപാന . . . . . . . . . . . . .

ഒരു ആയിരം പഴഞ്ചൊൽ . . . . . . . . . . . .

വജ്രസൂചി . . . . . . . . . . . . . . .

കേരളോല്പത്തി . . . . . . . . . . . . . .

☞ To be had at the Mission Book and Tract Depository at ***Mangalore*** and at all the ***Stations*** of the German Mission of ***Malabar.***

ഈ പുസ്തകങ്ങൾ മംഗലപുരത്തിലെ മിശിയൻ ബുക്കശാപ്പിലും, മലയാളദേശത്തിലുള്ള ജൎമ്മൻ മിശിയനു ചേൎന്ന, എല്ലാ സ്ഥലങ്ങളിലും കിട്ടും.



കല്ക്കത്ത പട്ടണം.

he

# n Almanac

## 869

ചഞ്ചാംഗം

ന്നൻ

ഫൌൻ൦ ,, ഫൌൻഫ

ഫൻവ൫ ,, ഫൻവന്ന

ഫ൦൹൹ ,, ഫ൦൹൫

ഫവ്വ൫ ,, ഫവ്വന്ന

ഫവൌപ്പ ,, ഫവൌൻ

൫ന്നവൻ ,, ൫ന്നമ൦

GALORE
STOLZ, BASEL MISSION PRESS